# THE GURUNATHAN

# ഗുരുനാഥൻ

L. No. 85/15—7—26.

| പുസ്തകം 17 | 1113 തുലാം | ലക്കം 3 |
|---|---|---|


വിദ്യാദാനവിശിഷ്ടകൃത്യരതരാമദ്ധ്യാപകാനാം സദാ
വിദ്യാഽദാനഭരം വഹിച്ചുമരുവും വിദ്യാർത്ഥിലോകത്തിനും
വിദ്യാലോലുപരായ മററു ജനസാമാന്യത്തിനും പത്ഥ്യമാം
വിദ്യാസങ്ഗ്രഹസമ്പുടോഽസ്തു ഗുരുനാഥോയം സഹായം ഭുവി.

## വിഷയവിവരം


1. തിരുനാൾ മംഗളാശംസാ ... 97
2. തിരുവിതാംകൂർ സർവ്വകലാശാലയും അതിൻെറ ഫലവ്യാപ്തിയും ... 98
3. പ്രാചീന തമിഴകത്തെ കവിയിത്രികൾ ... 104
4. മലയാളഭാഷയുടെ മാതാവ് ... 112
5. കൈരളിയുടെ വൈദേശികസമ്പത്ത് ... 116
6. ജർമ്മനിയിലെ വിദ്യാഭ്യാസം ... 119
7. അദ്ധ്യാപകധർമ്മം ... 122
8. ബോധനോപായങ്ങൾ ... 129
9. ഉദാഹരണങ്ങൾ ... 138

# നോട്ടീസ്.

കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ 'ഐതിഹ്യമാല' എട്ടുഭാഗം എഴുതിയിട്ടുള്ളതു് 'ലക്ഷ്മിഭായി' മാസികയുടെ ഉടമസ്ഥനായിരുന്ന വെള്ളായ്ക്കൽ നാരായണമേനോനവർകളുടെ പ്രേരണയാലും സഹായസഹകരണങ്ങളാലുമാണു്. ഐതിഹ്യമാലയുടെ ഓരോഭാഗവും വേറെ ചില പുസ്തകങ്ങളും, ഗ്രന്ഥകർത്താവു് ആവശ്യപ്പെട്ട, പ്രതിഫലം കൊടുത്തിട്ടാണു പകർപ്പവകാശം വാങ്ങീട്ടുള്ളതു്.

4-2-1113-ൽ കൊട്ടാരത്തിൽ വാസുദേവനുണ്ണി എന്ന പേർ വച്ചു് ഒരാൾ ഐതിഹ്യമാലയുടെ "ഓരോ ഭാഗവും ചുരുങ്ങിയതു് ഇരുപത്തഞ്ചു പ്രതിവീതമെങ്കിലും" വിലകൂടാതെ അയച്ചുകൊടുക്കാനാവശ്യപ്പെട്ടതുപോലെ ഇവിടെ ചെയ്തിട്ടില്ല. അതിനാലുള്ള ഈർഷ്യകൊണ്ടോ എന്തോ ഒരു രജിസ്റ്റർകത്തയച്ചതിനു പുറമെ 1113 മകരം 19-ാംനു-യിലെ മലയാളമനോരമയിൽ ശങ്കുണ്ണിയുടെ അവകാശി എന്ന നാട്യത്തിൽ; ലക്ഷ്മിഭായി ഉടമസ്ഥനു പകർപ്പവകാശം കൊടുത്തിട്ടുള്ള പുസ്തകങ്ങൾ ആദ്യപതിപ്പിനു മാത്രമേ അവകാശം കൊടുത്തിട്ടുള്ളു എന്നു പറയുന്നതു ഗ്രന്ഥകർത്താവിനെ അവമാനിക്കുന്നതും വ്യാജവുമാകുന്നു. അദ്ദേഹം ജീവിച്ചിരിക്കുന്ന കാലത്തുതന്നെ ഐതിഹ്യമാല ഒന്നും രണ്ടും ഭാഗങ്ങൾ ഒന്നിലധികം പ്രാവശ്യം അച്ചടിപ്പിച്ചിട്ടുണ്ടു്. ഈ സംഗതി അദ്ദേഹത്തിനുതന്നെ അറിവുള്ളതായിരുന്നു.

അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ അവകാശിയോടു് ആലോചിച്ചു കുടുംബകാര്യം അന്വേഷിക്കാൻ ഒരു നിശ്ചയപത്രം അദ്ദേഹം മരിക്കുന്നതിനു വളരെമുമ്പു് എഴുതിവച്ചിട്ടുള്ളതിൽ പുസ്തകങ്ങളെക്കുറിച്ചു യാതൊന്നും പ്രസ്താവിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ജീവകാലത്തു ചെയ്തുവച്ചിട്ടുള്ളതു മാററാനും ആരേയും അധികാരപ്പെടുത്തീട്ടില്ല. അദ്ദേഹം പകർപ്പവകാശം കൊടുത്തിട്ടുള്ള യാതൊരു കൃതികളുടേയും അവകാശം നോട്ടീസുകാരനില്ല. നോട്ടീസുകാരനു തനിച്ചു യാതൊന്നും ചെയ്വാനധികാരമോ അവകാശമോ ഇല്ല.

നിശ്ചയപത്രത്തിനു വിപരീതമായി അദ്ദേഹത്തിന്റെ അവകാശി എന്നു നടിക്കുന്ന വാസുദേവനുണ്ണിയോടു, ലക്ഷ്മീഭായി ഉടമസ്ഥനു പകർപ്പവകാശമില്ലെന്നുള്ള ലക്ഷ്യം കാണിച്ചല്ലാതെ യാതൊരാളും പകർപ്പവകാശമോ അച്ചടിക്കാനുള്ള അവകാശമോ വാങ്ങിപ്പോകരുതെന്നും ഇതിനാൽ അറിയിക്കുന്നു,

ഇതിനു വിപരീതമായി വാസുദേവനുണ്ണി അവർകളോടു് അവകാശം വാങ്ങി അച്ചടിപ്പിക്കുന്നവരും അധികാരമോ അവകാശമോ ഇല്ലാതെ പകർപ്പവകാശമോ മററാ കൊടുക്കുന്ന വാസുദേവനുണ്ണി അവർകളും അവരവരുടെ പ്രവൃത്തിമൂലം ഇവിടെക്കുണ്ടാകുന്ന സകലവിധം നഷ്ടങ്ങൾക്കും ഉത്തരവാദികളാകുന്നതാണെന്നു് ഇതിനാൽ അറിയിച്ചിരിക്കുന്നു. എന്നു് 1113 കുംഭമാസം 28-ാം ലക്ഷ്മീഭായി ഉടമസ്ഥനായിരുന്ന നാരായണമേനവന്റെ അവകാശി വെള്ളായ്ക്കൽ നാണിക്കുട്ടി അമ്മ മകൻ രാമമേനോൻ.


## തയ്യാറായിരിക്കുന്നു

കുറച്ചു കാപ്പികൾ മാത്രം.

## ചിന്താസന്താനം

(ഏഴാംഭാഗം)

(ഗ്രന്ഥകർത്താ:- ആർ. ഈശ്വരപിള്ള ബി. ഏ.)

വില അണ 8.

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.

ഗുരുനാഥൻ

| പുസ്തകം 17 | 1113 തുലാം | ലക്കം 3 |
| --- | --- | --- |

# തിരുനാൾ മംഗളാശംസാ.

തിരുവിതാംകൂറിലെ പൌരാവലി പ്രതിവഷം അക്ഷമയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു വിശേഷദിവസമാണ് മഹാരാജാവുതിരുമനസ്സിലെ തിരുനാൾ. ഇതിനുള്ള കാരണം എന്തായിരിക്കാം? മഹാരാജാവ് തിരുമനസ്സിലെക്കുറിച്ച് പല കാരണങ്ങളാലും ജനങ്ങൾക്ക് നിർവ്യാജഭക്തി ജനിച്ചു വളൎന്നുവരുകയാണ്. തിരുമനസ്സിലെ പ്രജാവാത്സല്യം മുതലായ സൽഗുണങ്ങളും പ്രജകൾക്കുവേണ്ടി തിരുമനസ്സുകൊണ്ടു ചെയ്തുവരുന്ന നാനാമുഖങ്ങളായ പരിഷ്കാരങ്ങളും അവരുടെ കഷ്ടദശയിൽ തിരുമനസ്സുകൊണ്ടു പ്രദശിപ്പിക്കുന്ന ഭൂതദയയും കരമിളവുമുതലായ ധമ്മ്യസൗജന്യങ്ങളും ജനങ്ങളുടെ ഹൃദയത്തെ സവിശേഷം ആകഷിച്ചിട്ടുണ്ട്. ഇതിനും പുറമെ തിരുമനസ്സിലെ പ്രത്യേകഗുണമായ സമഭാവന പൌരവഗ്ഗത്തിൽ ഉൾപ്പെട്ട നാനാജാതിമതസ്ഥന്മാരേയും രഞ്ജിപ്പിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. "രാജാപ്രകൃതിരഞ്ജനാത്" എന്നുള്ള കവിവാക്യം തിരുമനസ്സിലെ സംബന്ധിച്ചും സാത്ഥവത്തായി ഭവിച്ചിട്ടുണ്ടെന്നു നിസ്സംശയം പറയാവുന്നതാണ്. ഇപ്രകാരമെല്ലാം പൌരജനഭക്തി സമ്പാദിച്ചിട്ടുള്ള തിരുമനസ്സിലെ തിരുനാൾ അവിടത്തെ പ്രജകളിൽ ആരാണ് ഇന്ന് സോല്ലാസം സ്വാഗതം ചെയ്യാതിരിക്കുന്നതു്?

പോരെങ്കിൽ ഇക്കഴിഞ്ഞ ഒന്നുരണ്ടു തിരുനാൾ ജനങ്ങൾക്കു മഹനീയങ്ങളായ അനുഗ്രഹങ്ങളെ പ്രദാനം ചെയ്കയും ചെയ്തിട്ടുണ്ട്. ഇതിനു മുമ്പിലത്തെ തിരുനാളിനെ കുറിച്ചു് പറകയാണെങ്കിൽ അതിന്റെ മാഹാത്മ്യം അവണ്ണനീയമാണ്. ഇന്നു സവ്വലോകപ്രസിദ്ധമായിരിക്കുന്നതും സവ്വഭാരതീയരുടേയും ശ്ലാഘയ്ക്കും സന്തുഷ്ടിക്കും സല്ക്കാരത്തിനും പാത്രമായിതീൎന്നിരിക്കുന്നതും ഹൈന്ദവസമുദായത്തെ ഏറെക്കാലമായി ബാധിച്ചിരുന്ന ഒരു മാലിന്യത്തെ ഉന്മാർജനം ചെയ്തതുമായ ക്ഷേത്രപ്രവേശനവിളംബരം അന്നാണ് കല്പിച്ചു് പ്രഖ്യാപനം ചെയ്തതു്. ഇതിന്റെ പ്രതിധ്വനി ഇ

ന്നും ഭാരതം മുഴുവൻ മുഴങ്ങിക്കൊണ്ടാണിരിക്കുന്നതു്. ഇതാ ഇപ്പോൾ ഈ ന്നാത്തെ തിരുനാൾദിവസം തിരുവിതാംകൂറുകാരായ നമുക്കു മറെറാരു വിശിഷ്ടമായ അനുഗ്രഹവും പ്രദാനം ചെയ്തിരിക്കുന്നു. ഒരു കേരളീയ സർവ്വകലാശാലാപ്രശ്നം നമ്മുടെ ചിന്താവിഷയമായിട്ടു വളരെക്കാലമായി. ഇതിനു മുമ്പും പല മഹാന്മാരും ആ പ്രശ്നത്തെ സമീപിക്കുകയുണ്ടായി. എന്നാൽ അതു മൂന്നു രാജ്യവിഭാഗങ്ങളെ സ്പർശിക്കുന്ന ഒന്നായിരുന്നതുകൊണ്ടു ഏറെക്കുറെ കണ്ടകിതമായിരുന്നതിനാൽ അവർ പിന്മാറുകയാണു് ചെയ്തതു്. ഇപ്രകാരം ഒരു നിവൃത്തി നേടാതെ കിടന്നിരുന്ന ഈ പ്രശ്നത്തെ ഇതാ തിരുമനസ്സുകൊണ്ടു വിജയപൂർവ്വം അഭിമുഖീകരിച്ചിരിക്കുന്നു. കേരളീയസർവ്വകലാശാലയ്ക്കു പകരം നമുക്കു് ഒരു തിരുവിതാംകൂർ സർവ്വകലാശാല തന്നെ തിരുമനസ്സുകൊണ്ടു് പ്രദാനം ചെയ്തിരിക്കുന്നു. ഈ വഴിക്കു രൂക്ഷമായിട്ടുള്ള തൊഴിലില്ലായ്മ പ്രശ്നവും അതുപോലെ തന്നെ വിഷമതയേറിയ വിദ്യാഭ്യാസപ്രശ്നവും ഏറെക്കുറെ തൃപ്തികരമാംവണ്ണം നിവർത്തിക്കപ്പെട്ടതായി വിചാരിക്കാം. ഇനിയും ഈ വിധമുള്ള അനേകം അനുഗ്രഹങ്ങൾ ജന്മനാൾ തോറും തിരുമനസ്സിലെ തൃക്കൈകളിൽ നിന്നും പ്രജകൾക്കു് ലഭിക്കുവാനുള്ള ഭാഗ്യം സിദ്ധിക്കട്ടെ എന്നു മററുള്ള പ്രജാവലിയോടൊപ്പം തന്നെ ഗുരുനാഥനും ജഗദീശ്വരനോടു പ്രാർത്ഥിച്ചുകൊള്ളുന്നു.

## തിരുവിതാംകൂർ സർവ്വകലാശാലയും അതിൻെറ ഫലവ്യാപ്തിയും.

(ആർ. ഈശ്വരപിള്ള ബി. ഏ.)

ഏകദേശം 20 കൊല്ലമായി ആലോചനയിലിരിക്കുന്നതും ഇയ്യിടെ ഉപേക്ഷിതനിലയിൽ സംശയിക്കപ്പെട്ടിരുന്നതും, എങ്കിലും സചേതനമായിതന്നെ വർത്തിച്ചതും ആയ തിരുവിതാംകൂർ സർവ്വകലാശാലാപ്രശ്നം ഇപ്പോൾ ഇതാ പ്രതിബന്ധമൊക്കെയും തീർന്നു നിവൃത്തിയെ പ്രാപിച്ചിരിക്കുന്നു. ഇക്കഴിഞ്ഞ തിരുനാൾദിവസം മഹാരാജാവുതിരുമനസ്സുകൊണ്ടു് ഇതേസംബന്ധിച്ചു് ഒരു തിരുവെഴുത്തുവിളംബരം പ്രഖ്യാപനം ചെയ്തിരിക്കുന്നു. തിരുമനസ്സിലെ പ്രജാവലി ഈ മഹനീയാനുഗ്രഹത്തെ വിവൃതഹസ്തത്തോടുകൂടി സ്വാഗതം ചെയ്യുന്നു. ഇതേവരെ മദ്രാസ്സ്സർവ്വകലാശാലയോടു ബന്ധിച്ചിരുന്ന തിരുവിതാംകൂറിനു് ഒരു പ്രത്യേക സർവ്വകലാശാലയുടെ

ആവശ്യം ഉണ്ടോ എന്നു് പലക്കും സംശയമുള്ളതായി തോന്നുന്നുണ്ട്. അ ല്പം ആലോചിച്ചുനോക്കിയാൽ ഈ സംശയത്തിനു നിവൃത്തിയുണ്ടാകുമെന്നു വിചാരിക്കാൻ വഴിയുണ്ട്. ഒരു ആന്ധ്റാസർവ്വകലാശാല, ഒരു മൈസൂർ സർവ്വകലാശാല, തമിഴ്നാട്ട്സർവ്വകലാശാല ഇവയുടെ സ്ഥാപനത്തിനു് വ ല്ല കാരണവുമുണ്ടെങ്കിൽ ആ കാരണം തന്നെ തിരുവിതാംകൂർ സർവ്വകലാ ശാലാസ്ഥാപനത്തിനും മതിയാകുന്നതാണ്. എന്നുതന്നെയുമല്ല, "അതീ തകാര്യാനുശയേന കിംസ്യാത്" എന്ന തത്വമനുസരിച്ച് ഇനി സംശയി ച്ചിട്ടു പ്രയോജനമൊന്നുമില്ലല്ലോ. ഇന്നത്തെ മനുഷ്യാവശ്യങ്ങൾ നിർവ്വ ഹിക്കുന്നതിനു് എല്ലാ സ്ഥാപനങ്ങളും അവയുടെ പ്രവർത്തനരീതിയെ നവീ കരിച്ച് അദ്യതനമാക്കേണ്ടതു് അത്യാവശ്യമാണല്ലോ. സർവ്വകലാശാ ലകളും ഇതിനു വ്യത്യസ്തങ്ങളല്ല. പഴയ സർവ്വകലാശാലകൾ പരമ്പരാ സിദ്ധങ്ങളായ മാർഗ്ഗങ്ങളിൽ നിന്നു് വ്യതിചലിക്കുന്നതിനു് ഏറക്കുറെ വൈ മുഖ്യമുള്ളവയാണ്. അതുകൊണ്ട് അവയുടെ കാലോചിതമായ നവീകര ണം പ്രായേണ മന്ദഗതിയിലായിരിക്കാനേ തരമുള്ളു. എന്നാൽ ഒരു നൂത ന സർവ്വകലാശാലക്കു് ഈ വിഷമതകൾ ഒന്നും ഉണ്ടായിരിക്കയില്ലല്ലോ. അവയ്ക്കു പാരമ്പര്യം നോക്കാനില്ല. അവയ്ക്കു് ഇന്നത്തെ പരിതസ്ഥിതിക ളേയും ആവശ്യങ്ങളേയും പരിഗണനം ചെയ്തു് അവയെ അഭിമുഖീകരിക്ക ത്തക്കവണ്ണം പ്രവൃത്തി ആരംഭിച്ചാൽ മതിയാകുമല്ലോ. തിരുവിതാംകൂർ സർവ്വകലാശാല സ്ഥാപിക്കുന്നതിനു് ഉള്ള ഒരു കാരണം ഇതുതന്നെയാണെ ന്നുവേണം വിചാരിക്കുവാൻ.

ഇനി തിരുവിതാംകൂറിൽ സ്ഥാപിക്കുവാൻ പോകുന്ന സർവ്വകലാ ശാലയുടെ സ്വഭാവം എന്താണെന്നു് ആലോചിക്കാം. പഴയ സർവ്വകലാ ശാലകൾ പലതും ചെയ്തിരിക്കുന്നതുപോലെ കേവലം വിജ്ഞാനവിതര ണം മാത്രമല്ല ഇതിൻെറ ഉദ്ദേശമെന്നു .വിളംബരം സൂക്ഷ്മബുദ്ധ്യാ വായി ച്ചാൽ മനസ്സിലാകുന്നതാണ്. സാമാന്യേന പറയുന്നതാണെങ്കിൽ അതു് ഇന്നത്തെ വിദ്യാഭ്യാസരീതിക്കു് ഒരു പ്രായോഗികശക്തിയും സ്വഭാവവും നല്കുക എന്നുള്ളതാണ്. ഇന്നു് സർവ്വകലാശാലകളിൽ നിന്നും ബിരുദംനേ ടി പുറത്തുവരുന്ന ഭൂരിപക്ഷം യുവാക്കന്മാക്കും വല്ല തൊഴിലിലും പ്രവേശി ച്ചു ജീവിക്കണമെങ്കിൽ പിന്നെയും കുറച്ചുകാലംകൂടി പ്രായോഗികപരിശീ ലനത്തിനുവേണ്ടി വ്യയം ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. ഇങ്ങനെയു ള്ള കൂടുതൽ കാലവ്യയത്തെക്കൂടാതെ കഴിക്കുന്നതിനാണ് ഈ പുതിയ സർ വ്വകലാശാലാപ്രസ്ഥാനം. പഴയ സർവ്വകലാശാലകളുടെ വിദൂരലക്ഷ്യമാ ണു് പുതിയ സർവ്വകലാശാലയുടെ സമാരംഭഘട്ടം. പഴയ സർവ്വകലാശാല

കളുടെ വിജ്ഞാനവിതരണകൃത്യത്തോടുകൂടിതന്നെ വിവിധവ്യവസായങ്ങളുടേയും, തൊഴിലുകളുടേയും പ്രായോഗികപരിശീലനവും പരിജ്ഞാനവും ഈ നൂതന സർവ്വകലാശാല നിർവ്വഹിക്കുന്നതാണ്. ഇതു നിമിത്തം ഇപ്പോഴുള്ള കൂടുതൽ കാലവ്യയത്തെ ഒഴിക്കാവുന്നതാണ്. ഇപ്പോഴുള്ള പാഠവിഭാഗങ്ങൾക്കും പുറമെ ഒരു ശാസ്ത്രീയ ഗവേഷണശാഖയും വിവിധ വ്യവസായങ്ങളുടെ തത്വപരമായ പരിജ്ഞാനവും പ്രായോഗികമായ പരിശീലനവും നൽകുന്നതിനുള്ള പദ്ധതികളും കേരളീയ സംസ്കാരത്തേയും കേരളീയകലകളേയും പോഷിപ്പിക്കുന്നതിനുള്ള വ്യവസ്ഥകളും പൌരസ്ത്യവിജ്ഞാനത്തിന്റെ പ്രചരണത്തിനും അഭിവൃദ്ധിക്കും വേണ്ട ഘടകങ്ങളും ഈ സർവ്വകലാശാലയിൽ ഉണ്ടായിരിക്കുന്നതാണ്. ഇവകൂടാതെ ഇനിയും പല വിജ്ഞാനശാഖകളും പുതിയ സർവ്വകലാശാലയിൽ പ്രതിനിധീകരിക്കപ്പെടുന്നതാണെന്നു വിചാരിക്കാൻ അവകാശമുണ്ട്. ഇവയൊക്കെയും പടാൽപടം സാധിക്കത്തക്കവണ്ണം വിശാലമാണ് പുതിയ സർവ്വകലാശാലയുടെ വ്യാപാരപരിധി. സർവ്വകലാശാലയുടെ നാനാമുഖങ്ങളായ പ്രവൃത്തിപദ്ധതികളും പൂർണ്ണമായി വികസിക്കുന്നതിന് അല്പം കാലതാമസം ഒഴിച്ചുകൂടാത്തതാണ്. അതു് ഒരു മഹത്തായ പ്രസ്ഥാനമായതുകൊണ്ടു സാധനസാമഗ്രികളുടെ സജ്ജീകരണം അത്ര സുകരമായിരിക്കുകയില്ലല്ലോ. ഏതെങ്കിലും ഇതു നമുക്കു ലഭിച്ച ഒരമൂല്യാനുഗ്രഹമായിട്ടു വിചാരിക്കാം.

ഇനി അതിന്റെ ഫലവ്യാപ്തിയെക്കുറിച്ചു ചിന്തിക്കാം. അതു നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസരീതിയെ സാരമായി ബാധിക്കുമെന്നുള്ളതിനു സംശയമില്ല. അതിനു് ഇന്നു് അത്യാവശ്യമായിരിക്കുന്ന ഒരു പ്രായോഗിക 'തിരിവു്' ഈ പ്രസ്ഥാനം നൽകുന്നതാണ്. നമ്മുടെ ഇന്നത്തെ ബിരുദധാരികൾ ഒരുവിധം ജ്ഞാനസമ്പന്നന്മാരാണ്. അവൎക്ക് ആദൎശങ്ങളും ഇല്ലാതില്ല. എന്നാൽ ഒരുവിധം കർക്കശമായ ലോകജീവിതത്തെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ അവർ അസമൎത്ഥന്മാരായി പിന്നോക്കം തള്ളപ്പെടുന്നു. ഇങ്ങനെയുള്ളവരാണ് ഇന്നു "തൊഴിലില്ലായ്മക്കാരു"ടെ സംഖ്യ വൎദ്ധിപ്പിക്കുന്നതു്. അവർ ജീവിതത്തിന്റെ "പരുഷവശം" ഇപ്പോഴാണ് കണ്ടു മനസ്സിലാക്കുന്നതു്. അതു് അല്പം താമസിച്ചുപോയി എന്നു് ഒടുവിൽ മനസ്താപപ്പെടുകയേ തരമുള്ളു. പുതിയ സർവ്വകലാശാല ഈ അനിഷ്ടഫലത്തെ നിവാരണം ചെയ്യുമെന്നു് നമുക്കു് ആശിക്കാം. ഒരു രാജ്യത്തെ വിദ്യാഭ്യാസത്തിന്റെ രീതിയേയും, സ്വഭാവത്തേയും, ഗതിയേയും നിർണ്ണയിക്കുന്നതു് അവിടത്തെ ഏററവും ഉയൎന്ന വിദ്യാഭ്യാസസ്ഥാപനമാണല്ലോ. സർവ്വകലാശാലയുണ്ടെങ്കിൽ അതുതന്നെയായിരിക്കും പ്രാഥമിക

വിദ്യാഭ്യാസം മുതൽ കാളേജ് വിദ്യാഭ്യാസംവരെയും സർവ്വകലാശാലയുടെ
നിയന്ത്രണത്തിൻകീഴിൽ ആയിരിക്കുന്നതുകൊണ്ടു് സർവ്വകലാശാല ഏതു
രീതിയെ അവലംബിക്കുന്നുവോ അതുതന്നെയായിരിക്കും അതിൻെറ നിയ
ന്ത്രണത്തിനധീനങ്ങളായിരിക്കുന്ന മററു വിദ്യാഭ്യാസസ്ഥാപനങ്ങളും അനു
വർത്തിക്കുന്നതു്. അതുകൊണ്ടു് നമ്മുടെ ഭാവിവിദ്യാഭ്യാസരീതി ആപാദചൂ
ഡം ഒന്നു പരിഷ്കരിക്കപ്പെടുന്നതാണു്. അതായതു് നമുക്കു് ഏറെക്കുറെ പ്രാ
യോഗികമായ ഒരു വിദ്യാഭ്യാസരീതി സിദ്ധിക്കാനിടയുണ്ടു്. നമ്മുടെ വിദ്യാ
ലയങ്ങളിൽനിന്നും പുറത്തിറങ്ങുന്നവർ ഇനി കേവലം ഉദ്യോഗാർത്ഥിക
ളായിട്ടല്ല. അവരുടെ മാർഗ്ഗത്തിൽ വരുന്ന ഏതു കാര്യത്തിലും തൊഴിലി
ലും കൃതഹസ്തന്മാരായിട്ടായിരിക്കും. അവർ ഇനിമേൽ വ്യവസായങ്ങളുടേയും
തൊഴിലുകളുടേയും സമാഹ്വാനത്തെ അനുസരിക്കുന്നതിനു സന്നദ്ധരും പ്രാ
പ്തരുമായി ഭവിക്കും. ഇങ്ങനെ ഇന്നു നമ്മെ ബാധിച്ചിരിക്കുന്ന തൊഴിലില്ലാ
യ്മയും ഏറെക്കുറെ ദൂരീകരിക്കപ്പെടുന്നതാണ്. ഒരു യുവാവിൻെറ ബാ
ല്യകാലത്തിലെ വിദ്യാഭ്യാസപരിതസ്ഥിതിയാണു് അയാളുടെ അനന്തരജീ
വിതത്തിലെ പ്രവർത്തനത്തിനെ നിയന്ത്രിക്കുന്നതിനുള്ള പ്രധാന ഘടകം.
അതുകൊണ്ടു് എല്ലാത്തരം വിദ്യാലയങ്ങളിലും വ്യവസായപരമായ ഒരു
സ്വഭാവം വിദ്യാഭ്യാസത്തിനു നൽകുന്നതു് ഉത്തമമായിരിക്കും. ഇതാണു്
നൂതനസർവ്വകലാശാല നമുക്കു് നൽകുന്ന ഗുണങ്ങളിൽ പ്രധാനമായ ഒന്നു്.
അതുകൊണ്ടു് കൂടുതൽ പ്രയോജനകരവും ആരോഗ്യകരവും ആയ ഒരു വി
ദ്യാഭ്യാസരീതി നമ്മുടെ ഭാവിക്ഷേമത്തിനുപയുക്തമായിരിക്കുമെന്നു് തന്നെ
യല്ല നമ്മെ വിഷമിപ്പിക്കുന്ന സാമ്പത്തികാദിപീഡകളെ സംബന്ധിച്ചുള്ള
പ്രശ്നത്തിനും ആശാസ്യവും എളുപ്പവുമായ ഒരു നിവർത്തി നൽകുന്നതി
നും പര്യാപ്തമായി ഭവിക്കും. ഇപ്രകാരം സാർവ്വത്രികമാണു് പുതിയ സർവ്വ
കലാശാലയുടെ ഫലവ്യാപ്തി. ഇതിനും പുറമെ ഇന്നു് അതിൻെറ അഭാവം
കൊണ്ടു മാത്രം ശോഭിക്കുന്ന ഗവേഷണബുദ്ധിയും നമ്മുടെ യുവാക്കന്മാർക്കു്
ഈ നൂതന സർവ്വകലാശാലയുടെ ആവിർഭാവം നിമിത്തം സിദ്ധിക്കുവാനിട
യുണ്ടു്. വന്യവിഭവങ്ങളും മററു പ്രകൃതിവിഭവങ്ങളും ധാരാളമുള്ള തിരുവി
താംകൂറിൽ അവയെ സംസ്കരിച്ചു് രൂപാന്തരപ്പെടുത്തി മനുഷ്യർക്കു് ഉപ
യോഗയോഗ്യമാക്കി തീർക്കുന്നതിന് ശാസ്ത്രീയഗവേഷണം അത്യന്താപേ
ക്ഷിതമാണെല്ലോ. ഇപ്പോൾ ഇതുനിമിത്തമുണ്ടാകുന്ന ഗുണം മിക്കവാറും
അന്യദേശക്കാരാണനുഭവിക്കുന്നതു്. ജപ്പാൻ മുതലായ രാജ്യങ്ങൾ ഗവേ
ഷണസാമർത്ഥ്യം നിമിത്തം എന്തെല്ലാം സാധിച്ചുവരുന്നു. ഈ വിഷയ
ത്തിൽ നമ്മുടെ സർവ്വകലാശാല നമുക്കു് ഒരു സുപ്രസന്നമായ ഭാവിയെ തുറക്കു
ന്നു. ഇതിനും പുറമെ ഗവേഷണബുദ്ധി, ഭാഷ സാഹിത്യം, ചരിത്രം, ഈ

വിഷയങ്ങളിലും പ്രയോഗിക്കുന്നതായാൽ വിലയേറിയ ഫലങ്ങൾ സിദ്ധിക്കുന്നതാണു്. ഇങ്ങനെ ഈ വഴിക്കും സർവ്വകലാശാലയുടെ ഫലവ്യാപ്തി പ്രത്യക്ഷപ്പെട്ടുന്നതാണു്.

നമ്മുടെ പുതിയ സർവ്വകലാശാലയ്ക്കു് അതിപ്രധാനമായി ഉള്ള വിശേഷത അതിനു് ഒരു സാങ്കേതികവശംകൂടി ഉണ്ടെന്നുള്ളതാണു്. നിത്യോപയുക്തങ്ങളായ പല തൊഴിലുകളിലും സാമാന്യകലകളിലും യുവാക്കന്മാർക്കു ശാസ്ത്രീയമായ പരിജ്ഞാനവും പ്രായോഗികമായ പരിശീലനവും നൽകുന്നതിനു വ്യവസ്ഥയുണ്ടായിരിക്കുന്നതാണു്. ഇന്നു് നമ്മുടെ യുവാക്കന്മാർക്കു് കൈത്തൊഴിലുകളോടുള്ളതായി കണ്ടുവരുന്ന വൈമുഖ്യം ഇതുനിമിത്തം ദൂരീകരിക്കപ്പെട്ടുവാനിടയുണ്ടു്. ഇവയ്ക്കെല്ലാക്കയും സർവ്വകലാശാലയിൽനിന്നും ബഹുമതിചിഹ്നം നൽകുന്നതുനിമിത്തം "അവയ്ക്കു മുമ്പില്ലാത്തതും ലോകദൃഷ്ടിയിൽ ഏററവും ഉയന്നതുമായ വിലയോ ഗണനയോ ലഭിക്കാൻ ഇടയുള്ളതാണു്. എന്നുതന്നെയുമല്ല ഈ വഴിക്കുള്ള സമുദ്യമങ്ങൾ പലപ്പോഴും വിഫലങ്ങളായി പരിണമിക്കുന്ന ഉദ്യോഗമൃഗയാശീലത്തേക്കാൾ ഏററവും പ്രശസ്തവും ആദായകരവും മാന്യവുമാണെന്നുള്ളതിനു സംശയമില്ല. ഇതും ഇന്നത്തെ സാമ്പത്തികദുരിതത്തെ പരിഹരിക്കുന്നതിനും തൊഴിലില്ലാത്തവരുടെ സംഖ്യയെ കുറയ്ക്കുന്നതിനും പര്യാപ്തമായി ഭവിക്കുന്നതാണു്. എന്നുതന്നെയുമല്ല അദ്ധ്വാനത്തിൻെറ മാഹാത്മ്യത്തെയും നമ്മുടെ യുവാക്കന്മാരെ ഏറക്കുറെ മനസ്സിലാക്കുന്നതിനും ഇതു് ഉതകുന്നതാണു്. ഇതു് അനേകംപേൎക്കു മാന്യമായ കാലക്ഷേപമാൎഗ്ഗം തുറന്നു കൊടുക്കുന്നതുമാണു്. രാജ്യത്തെ ധനാഭിവൃദ്ധിക്കും ജനങ്ങളുടെ സ്വാശ്രയശീലത്തിനും ഇതു് വഴിതെളിക്കുന്നു. നാം ഇന്നു് അന്യദേശക്കാരെ ആശ്രയിച്ചിരിക്കുന്ന പല ഉപഭോഗവസ്തുക്കളും നമുക്കുതന്നെ നിൎമ്മിക്കയും തന്മൂലം അന്യരാജ്യങ്ങളിലേക്കു പ്രവഹിക്കുന്ന നമ്മുടെ ധനത്തെ സ്വരാജ്യപുഷ്ടിക്കു് ഉപയോഗപ്പെട്ടത്താവുന്നതും സാധനങ്ങൾ നമുക്കു് ഇഷ്ടവും ഉപയോഗവുമുള്ള രീതിയിൽ സംസ്കരിക്കാവുന്നതുമാണു്. അന്യരാജ്യങ്ങളിൽ യുദ്ധമോ മററു വിപ്ലവങ്ങളോ ഉണ്ടാകുമ്പോൾ നമുക്കു് ഈ വിഷയത്തിൽ വരാവുന്ന ദുഘടങ്ങളുംകൂടാതെ കഴിക്കാവുന്നതുമാണു്. ഈ വഴിക്കു ജനങ്ങളുടെ സാമ്പത്തികനില ഉയൎത്തുന്നതിനും സാധിക്കുന്നതാണു്. ഇന്നു് എന്തെല്ലാം തൊഴിലുകളും കലകളുമാണു സർവ്വകലാശാലയിൽ പ്രതിനിധീകരിക്കപ്പെട്ടുന്നതെന്നു് ഇപ്പോൾ തീർച്ചപറയാൻ പാടില്ലെങ്കിലും നമുക്കു് ഉപയുക്തങ്ങളായ പലതും ഉണ്ടായിരിക്കുമെന്നു് ഊഹിക്കാം. പ്രകൃത സർവ്വകലാശാലയുടെ സീമയിൽ ഇനിയും പല വിഭാഗങ്ങളും ഉണ്ടായിരിക്കുന്നതാണു്. ഇതിനുംപുറമെ പൌരസ്ത്യവിജ്ഞാനവും സംസ്കാരവും കേരള

ത്തിന് പ്രത്യേകമായുള്ള സംസ്കാരവും കലകളും മററും ഈ പുതിയ സർവ്വകലാശാലയിൽ സവിശേഷം പ്രതിനിധീകരിക്കപ്പെട്ടമെന്നാണ് അറിയുന്നതു്. കേരളത്തിലെ പ്രത്യേക രീതിയിലുള്ള സംസ്കാരവും, നാനാവിധങ്ങളായ ഹൃദ്യകലകളും പല വിദേശമാന്യന്മാരുടെ ശ്രദ്ധയേയും ജിജ്ഞാസയേയും ആകർഷിച്ചുതുടങ്ങിയിട്ടുള്ളതായി കാണുന്നുണ്ടു്. ഇവയിൽ പലതും അവരുടെ പ്രശംസയ്ക്കും അത്ഭുതത്തിനും പാത്രീഭവിച്ചിട്ടുള്ളതായി കാണുന്നു. ഇവയുടെ പ്രചാരത്തിനും, പ്രോത്സാഹനത്തിനും തദ്വാരാ നമ്മുടെ പൂർവ്വസംസ്കാരാദികളെ ലോകദൃഷ്ടിയിൽ പെടുത്തുന്നതിനു പുതിയ സർവ്വകലാശാല മാർഗ്ഗം തെളിക്കുമെന്നും വിചാരിക്കാവുന്നതാണു്.

സംസ്കൃതം, മലയാളം, ഇംഗ്ലീഷ് ഈ ഭാഷകളിലെ വിശിഷ്ടങ്ങളായ സാഹിത്യങ്ങളോടും ഗണിതശാസ്ത്രം, ചരിത്രം, നിയമപരിജ്ഞാനം ഇവകളോടും നമുക്കുള്ള അഭിരുചിയെ ഉത്തേജിപ്പിക്കുന്നതിനും, തൃപ്തിപ്പെടുത്തുന്നതിനും ഇന്നുള്ള സൌകര്യങ്ങൾ മേലും നമുക്കു പൂർവ്വവത് അഥവാ പൂർവ്വാധികം ഉണ്ടായിരിക്കുന്നതാണു്. സംഗീതം, ചിത്രകല, ഇവകളിൽ വാസനയും അഭിരുചിയുമുള്ള യുവാക്കന്മാർക്ക് ആ വഴിക്കു തങ്ങളുടെ വാസനയെ പോഷിപ്പിക്കുന്നതിനും സർവ്വകലാശാലയിൽ വ്യവസ്ഥയുണ്ടായിരിക്കുമെന്നാണു തോന്നുന്നതു്. ഇങ്ങനെ പൂർവ്വപദ്ധതിയെ തീരെ ഉപേക്ഷിക്കാതേയും നവീനപദ്ധതികളെ സ്വീകരിച്ചും ഒരു സുവിസ്തൃതവും ഉദാരവീക്ഷണോന്മുഖവും, ആയ സർവ്വകലാശാല ഇതാ നമുക്കു ലബ്ധമായിരിക്കുന്നു. ഈ സർവ്വകലാശാലയുടെ ഫലവ്യാപ്തി സാർവ്വത്രികമാണെന്നു മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. വിദ്യാഭ്യാസരീതിയെ ആകമാനം ഒന്നു പരിഷ്കരിച്ച് അതിന് ഒരു പ്രായോഗികരൂപം നൽകുകയും നമ്മുടെ വിവിധവ്യവസായങ്ങളുടേയും, ശാസ്ത്രീയജ്ഞാനംവഴിക്ക് അവയുടെ പ്രായോഗികവശത്തെ വികസിപ്പിക്കയും തദ്വാരാ, നമ്മുടെ അസ്ഥിരമായ സാമ്പത്തികനിലയെ അല്പമെങ്കിലും ഉയർത്തുകയും നമ്മുടെ അന്യദേശാശ്രയജീവിതത്തെ പരിഹരിക്കുകയും നമ്മിൽ ഗവേഷണശീലത്തെ ഉല്പാദിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുകയും നമ്മുടെ ദേശീയസംസ്കാരത്തേയും വിശിഷ്ടകലകളേയും സമുദ്ധരിക്കുകയും നമ്മുടെ ഭൌതികവും മാനസികവും സാമുദായികവും സാന്മാർഗ്ഗികവും ആയ ജീവിതത്തിൻെറ സകല വശങ്ങളേയും ഉൽക്കർഷോന്മുഖമായ വിധത്തിൽ പരിഷ്കരിച്ചു ദൃഢീകരിക്കയും ചെയ്യുന്നതിന് ഇപ്പോൾ ആരംഭിക്കുന്ന സർവ്വകലാശാല ഇന്നല്ലെങ്കിൽ നാളെ ഉപയുക്തമായി ഭവിക്കുമെന്നു വലിയ ദീർഘദർശനംകൂടാതെതന്നെ നിശ്ചയിക്കാവുന്നതാണു്. എല്ലാംകൊണ്ടും ഈ പുതിയ പ്രസ്ഥാനത്തെ നമുക്കു

സൎവ്വാത്മനാ സ്വാഗതം ചെയ്യാം. ഇവിടെ പുതിയ സൎവ്വകലാശാലയുടെ ഒരു ബാഹ്യരേഖമാത്രമേ വരക്കാൻ സാധിച്ചിട്ടുള്ളു എന്നുകൂടി പറയേണ്ടിയിരിക്കുന്നു. അതുൾക്കൊള്ളുന്ന അനേകം വിഷയങ്ങൾ ഇനിയും വിസ്തരിക്കേണ്ടതായിട്ടുണ്ട്. അതൊക്കെയും യഥാകാലം സവിസ്തരം പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു. ഈ മഹൽപ്രസ്ഥാനം തിരുവിതാംകൂറിനു ക്ഷേമപ്രദമായിഭവിക്കട്ടെ.

## പ്രാചീനതമിഴകത്തെ കവയിത്രികൾ.

(എ. ബാലകൃഷ്ണപിള്ള. ബി. ഏ., ബി. എൽ.)

ശീല, വിജ്ജിക, മാരുള, മോരിക, ഇന്ദുലേഖാ, വികടനിതംബ, സുഭദ്ര, ഗംഗാദേവി മുതലായി സംസ്കൃതകവികളായ സ്ത്രീകൾ പണ്ട് ഉണ്ടായിരുന്നതുപോലെ, ഇന്നത്തെ കേരളവും ഉൾപ്പെട്ടിരുന്ന പ്രാചീന തമിഴനാട്ടിൽ തമിഴ്കവികളായ അനേകം സ്ത്രീകളും ഉണ്ടായിരുന്നു എന്ന് തമിഴ്സംഘം കാവ്യങ്ങൾ, വൈഷ്ണവരുടേയും ശൈവരുടെയും പ്രാചീന മതഗ്രന്ഥങ്ങൾ മുതലായവയിൽനിന്നു മനസ്സിലാക്കാവുന്നതാണ്. ഇവരിൽ ചിലരുടെ പേരുകൾ ചുവടെ ചേൎക്കുന്നു:— കാരെക്കാൽ അമ്മ, ആതിമന്തി, ഭൂതപാണ്ഡ്യൻെറ രാജ്ഞി, പാരിയുടെ പുത്രിമാർ, കാക്കൈപ്പാടിനിനച്ചെള്ളെയാർ, വെറിപാടിയ കാമക്കണ്ണി, കുറമകൾകുറിയെയിനി, കുറമകൾഇളവെയിനി, ആണ്ടാൾ, വെള്ളിവീതിയാർ, പേയ്മകൾ ഇളവെയിനി, ഔവ്വൈ ഇവരിൽ മിക്കപേരും തമിഴ് സംഘത്തിൽ ഉൾപ്പെട്ട കവികളായിരുന്നു. ഈ തമിഴ്സംഘത്തിൻെറ കാലം ആദ്യത്തെ മൂന്നു നാലു ക്രിസ്തീയശതാബ്ദങ്ങൾ ആണെന്നു സാധാരണമായി വിചാരിച്ചു വരുന്നുണ്ടെങ്കിലും, ഈ അഭിപ്രായത്തോട് ഈ ലേഖകൻ യോജിക്കുന്നില്ല. തമിഴ്സംഘം നിലനിന്നതു് ഉദ്ദേശം എ. ഡി. 550-നും എ. ഡി. 850-നും ഇടയ്ക്കാണെന്നാണ് ഈ ലേഖകൻ വിചാരിക്കുന്നതു്.

സുപ്രസിദ്ധരായ 63- ശൈവയോഗികളുടെ, അഥവാ, നായനാരന്മാരുടെ കൂട്ടത്തിൽ ഉൾപ്പെട്ട ഒരു മഹതിയാണ് കാരെക്കാലമ്മ, തഞ്ചാവൂർ ജില്ലയിലെ ഒരു തുറമുഖമായ കാരെക്കാലിൽ ഒരു വൈശ്യകുലത്തിൽ ഇവർ ജനിച്ചു. അമൃതസാഗരർ രചിച്ച "യാപ്പരുങ്കലം" എന്ന പ്രസിദ്ധ പ്രാചീന തമിഴ്വൃത്തലക്ഷണഗ്രന്ഥത്തിൻെറ പഴയ വ്യാഖ്യാനത്തിൽ

കാരൈക്കാലമ്മയും ഭൂതത്താൾവാർ എന്ന വൈഷ്ണവയോഗിയുംകൂടി ഒരു തമിഴ് ശ്ലോകം രചിച്ചതായി പ്രസ്താവിച്ചിരിക്കുന്നതിനാൽ ഇവർ രണ്ടു പേരും സമകാലീനരാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഭൂതത്താൾവാർ എ. ഡി. ഏഴാം ശതാബ്ദത്തിൻെറ പ്രാരംഭത്തിൽ ജീവിച്ചിരുന്നു എന്ന് വിചാരിക്കുവാൻ കാരണമുള്ളതിനാൽ, കാരൈക്കാലമ്മയുടെ കാലവും ഇതുതന്നെയാണ്. ഒരു പ്രസിദ്ധ ശൈവയോഗിനിയായിത്തീർന്ന ഈ സ്ത്രീ ശിവൻെറ ആജ്ഞ അനുസരിച്ച് കാരൈക്കാലിനു സമീപമുള്ള തലയാലങ്ങാട്ടിലെ ശിവക്ഷേത്രത്തിലേക്കു തലകുത്തി നടന്നുപോയി എന്നാണ് ഐതിഹ്യം. ഈ മഹതിയുടെ "തിരുവാലങ്കാട്ടു് മൂത്ത തിരുപ്പതികം" എന്ന പേരുള്ളതും, തലയാലങ്ങാട്ടേ ശിവനെപ്പററി രചിച്ചിട്ടുള്ളതുമായ സ്തവമാലയിൽ നിന്ന്, ശിവൻ ശ്മശാനത്തിൽ നൃത്തം ചെയ്യുന്നതിനെ വർണ്ണിക്കുന്ന ഒരു ശ്ലോകം ചുവടെ ചേർക്കുന്നു:—

"കള്ളിക്കവിട്ടിടൈക്കാലനൈനീട്ടി കടൈക്കൊള്ളിവാങ്കിമചിത്തു
മൈയൈ
വിള്ളവെഴുതിവൊട്ടുവെടൈന്നനക്ക വെകുണ്ടുവിലങ്കുപാർത്തു
ത്തുള്ളിച്ചുടലൈച്ചുടുപിണത്തീച്ചുട്ടിടമുററുമ്മുളിന്തുപൂഴ്തി
യള്ളിയവിക്കനിൻറാടുമെങ്കളപ്പനിടംതിരുവാലങ്കാടേ"

ആതിമന്തി, കരികാലൻ എന്ന പ്രസിദ്ധനായ പ്രാചീന ചോളരാജാവിൻെറ പുത്രിയും, ആട്ടനത്തി എന്ന വഞ്ചിരാജാവിൻെറ രാജ്ഞിയുമാണ്. ഒരിക്കൽ കാവേരിനദീമുഖത്തുള്ള ചോളരാജധാനിയായ പുകാർ പട്ടണത്തിൽ ഈ വഞ്ചിരാജാവു് ആററിൽ കളിക്കുവാനായി ഇറങ്ങിയപ്പോൾ, ആററുവെള്ളംവന്ന് അദ്ദേഹത്തെ കടലിലേക്ക് എടുത്തുകൊണ്ടുപോയി. ഇതു കണ്ടു് ദുഃഖിച്ചു് ആതിമന്തി സമുദ്രതീരംവരെ ഭർത്താവിനെ അന്വേഷിച്ചു ചെല്ലുകയും, അവളുടെ പാതിവ്രത്യംകണ്ടു സന്തോഷിച്ച് സമുദ്രം ആ വഞ്ചിരാജാവിനെ ജീവനോടുകൂടി തിരിച്ചുകൊടുക്കുന്നതുവരെ അവിടെ ഒററ നിലയായി നിൽക്കുകയും ചെയ്തു. ഈ ഐതിഹ്യത്തെ ചുവടെ ചേർക്കുന്ന പ്രകാരം ചിലപ്പതികാരത്തിൽ വർണ്ണിച്ചിരിക്കുന്നു:—

"മന്നൻ കരികാൽവളവൻ മകൾ വഞ്ചിക്കോൻ-
റന്നൈ പ്പുനൽ കൊള്ളത്താൻ പുനലിൻ പിൻചെൻറു
കന്നവിറോളായോ വെന്നക്കടൽവന്നു
മുന്നിറുത്തിക്കാട്ടവുവനൈത്തഴീഇക്കൊണ്ടു
പൊന്നങ്കൊടിപോലെപ്പോതന്താൾ മന്നി
മണൻ മലി പൂങ്കാനൽ വരുകലൻകണോക്കി
ക്കണവൻ വരക്കല്ലുരുവനീത്താൾ",

ഈ ആട്ടൻ അത്തി, അതായതു്, നൃത്തകലാവിദഗ്ദ്ധനായ ഹസ്തിവർമ്മൻ, ചെങ്കുട്ടുവൻ എന്ന പ്രസിദ്ധനായ ചേരരാജാവിൻെറ പിതാവാണെന്നും, ആതിമന്തി ചെങ്കുട്ടുവൻെറ മാതാവാണെന്നും ഈ ലേഖകൻ വിചാരിക്കുന്നു. ആതിമന്തി കാരൈക്കാലമ്മയുടെ കാലത്തിനു് ഒരു തലമുറയ്ക്കുശേഷം ജീവിച്ചിരുന്നു എന്നു്, അതായതു്, ഉദ്ദേശം എ. ഡി. 640-നു സമീപിച്ചു ജീവിച്ചിരുന്നു എന്നു വിചാരിക്കുവാൻ കാരണമുണ്ടു്. "കുറുംതൊകൈ" എന്ന സംഘകാവ്യത്തിൽ ഉൾപ്പെട്ടുത്തിയിട്ടുള്ള ചുവടെ ചേൎക്കുന്ന കവിത ആതിമന്തി രചിച്ചിട്ടുള്ളതാണു്:—

"മള്ളർ കുഴീഇയ വിഴവിനാനു
മകളിർ തഴീഇയതുണങ്കൈയാനും
യാണ്ടും കാണേൻ മാണ്ടക്കോനൈ
യാനുമോരാട്ടകളമകളേ യെൻകൈ
ക്കോടീരിലങ്കുവളൈ നെകിഴ്ത്ത
പീടുകെഴകുരിചിലുമാട്ടകളമകനേ."

ഞാനും എൻെറ ഭർത്താവും നൃത്തകലാവിദഗ്ദ്ധരാണെന്നാണു് ഇതിൻെറ സാരം. ആതിമന്തിയുടെ പിതാവായ കരികാലചോഴനും ഭരതനാട്യത്തിൽ ഒരു വിദഗ്ദ്ധനായിരുന്നു എന്നു് തിരുവിളൈയാടൽ പുരാണത്തിൽ പറഞ്ഞിട്ടുള്ളതും ഇവിടെ സ്മരണീയമാണു്.

ഭൂതപാണ്ഡ്യൻെറ രാജ്ഞിയാണു മറെറാരു വിദുഷി. ഈ ഭൂതപാണ്ഡ്യൻ എ. ഡി. 650-നു സമീപിച്ചു പാണ്ഡ്യരാജ്യത്തെ ഭരിച്ചിരുന്ന ഒരു പാണ്ഡ്യരാജാവും, വേൾവിക്കുടിച്ചെപ്പേടിൽ ചെഴിയൻചേന്തൻ, അതായതു്, ജയന്തവർമ്മപാണ്ഡ്യൻ എന്നു പേരിട്ടിട്ടുള്ളവനുമാണെന്നു് ഈ ലേഖകൻ വിചാരിക്കുന്നു. ഈ ഭൂതപാണ്ഡ്യൻ കേരളത്തെ ആക്രമിച്ചതായി കേരളോല്പത്തിയിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഒരു കവിയുംകൂടിയായിരുന്ന ഭൂതപാണ്ഡ്യൻ ചെറുപ്പത്തിൽതന്നെ യുദ്ധക്കളത്തിൽവച്ചു മരിക്കുകയുണ്ടായി. ഉടനെ വിദുഷിയായ അദ്ദേഹത്തിൻെറ രാജ്ഞി അഗ്നിപ്രവേശം ചെയ്യുകയും ചെയ്തു. അഗ്നിപ്രവേശത്തിനുമുമ്പു് ആ രാജ്ഞി രചിച്ച കവിത പുറനാനൂറിൽനിന്നും ചുവടെ ചേൎക്കുന്നു:—

"പൽചാൻറീരേ! പൽചാൻറീരേ!
ചെൽകനച്ചൊല്ലാതൊഴികെന വിലക്കും
പൊല്ലാച്ചൂഴ്ച്ചിപ്പൽചാൻറീരേ
യണിൽ വരികൊടുങ്കായ് വാഴ്പൊഴ്ന്തിട്ട
കാഴ്പോനൽ വിളർ നറുനെയ്തീണ്ടാ-
തടൈയിടൈക്കിടന്ത കൈപിഴിപിണ്ടം

വെള്ളെട് ചാന്തൊടു പുളിപ്പെയ്തട്ട
വേളൈ വെന്തൈ വൽചിയാക
പ്പരർപെയ് പള്ളിപ്പായിവുവതിയ
മുയവർ പെണ്ടിരേമല്ല മാതോ
പെരുങ്കാട്ടുപ്പണ്ണിയകരും കോട്ടീമ
നമക്കരിതാകുകതില്ല വെമക്കെം
പെരുന്തോട് കണവൻ മായ്ന്തെനവരുമ്പറ
വള്ളിതഴവിഴ്ന്ത താമരൈ
കള്ളിരും പൊയ്കൈയുന്തീയുമോരറേറ."

ഭർത്താവിനോടുകൂടി ഉടന്തടി ചാടുന്നതിന് എന്നോടു പറയാതെ അതിനെ വിലക്കുന്ന മഹാന്മാരെ, ഒരു കാര്യം നിങ്ങൾ അറിയേണ്ടതായിട്ടുണ്ട്. സുഖമായി ഭക്ഷണം കഴിച്ചുകൊണ്ടു വൈധവ്യദുഃഖം നടിച്ചു മെത്തവിരിച്ചുകിടക്കുന്ന സ്ത്രീകളെപ്പോലെയുള്ള ഒരുത്തിയല്ല ഞാൻ. എന്റെ പ്രിയതമൻ മരിച്ചതുകൊണ്ടു്, താമരനിറഞ്ഞ പൊയ്കയും തീയും എനിക്ക് ഒന്നുപോലെയാണു തോന്നുന്നതു്. ഇതാണു ഈ പാട്ടിന്റെ സാരം.

സഹ്യപർവ്വതത്തിനു സമീപമുള്ള പറമ്പുദേശം എന്ന നാട്ടിലെ സാമന്തനും, ഒരു പ്രസിദ്ധനായ കവിവത്സലനുമായ പാരി എന്ന രാജാവിന്റെ പുത്രിമാരെയാണു പാരിയുടെ മക്കൾ എന്നു തമിഴ്സംഘകാവ്യങ്ങൾ പേരിട്ടിട്ടുള്ളതു്. ഇവരുടെ പിതാവായ പാരിയെ ചേരചോഴപാണ്ഡ്യരാജാക്കന്മാർ മൂവരുംകൂടി തോല്പിച്ചു കൊല്ലുകയുണ്ടായി. പിതാവിന്റെ മരണത്തെക്കുറിച്ചാണു പാരിയുടെ മക്കൾ കവനം ചെയ്തിട്ടുള്ളതു്. തന്റെ ഒരു രക്ഷിതാവായിരുന്ന പാരിയുടെ മരണാനന്തരം അദ്ദേഹത്തിന്റെ പുത്രിമാരെ തമിഴകത്തെ ചില സാമന്തരാജാക്കന്മാരെക്കൊണ്ടു വിവാഹം ചെയ്യിക്കുവാൻ മഹാകവിയായ കപിലർ ഭഗീരഥപ്രയത്നം ചെയ്തുവെങ്കിലും, അതു് നിഷ്ഫലമായതേയുള്ളു. തന്നിമിത്തം അദ്ദേഹം ഒടുക്കം അവരെ ബ്രാഹ്മണരെക്കൊണ്ടു കല്യാണം കഴിപ്പിച്ചു. പാരിയുടെ പുത്രിമാരുടെ ഔദാര്യം പ്രസിദ്ധമാണ്. ഒരു വറുതിക്കാലത്തു് അതിഥികൾക്കു ഭക്ഷണം നൽകുവാൻ വേണ്ട അരി ലഭിക്കായ്കയാൽ, ഇവർ സ്വർണ്ണംകൊണ്ടു ചോറുണ്ടാക്കി എന്നാണ് ഐതിഹ്യം. കപിലർ എ. ഡി. 650-നു സമീപിച്ചു ജീവിച്ചിരുന്നു എന്ന് ഈ ലേഖകൻ വിചാരിക്കുന്നതിനാൽ, പാരിയുടെ പുത്രിമാരും ഇക്കാലത്തുതന്നെ ജീവിച്ചിരുന്നിരിക്കണം.

കാക്കൈപ്പാടി എന്ന ഗ്രാമത്തിൽ ജനിച്ചതു നിമിത്തമാണ് കാക്കൈപ്പാടിനിയാർനച്ചെള്ളൈയാർക്കു് ആ പേരുകിട്ടിയതു്. ഈ വിദു

ഷി ചേരരാജാവായ നാട്ട്കോട്ട്പാട്ട് ചേരലാതനെ സ്തുതിച്ച് പതിററിപ്പത്തു് എന്ന സംഘകാവ്യത്തിലെ ആറാംപത്തു് എന്ന കാവ്യമാല രചിക്കുകയുണ്ടായി. ഇതിനു പ്രതിഫലമായി ധാരാളം സ്വൎണ്ണം ആ ചേരരാജാവ് പ്രസ്തുതവിദുഷിക്കു നൽകി എന്നും ഐതിഹ്യമുണ്ട്. ഇതു കൂടാതെ ചില ചെറുകവിതകളും കാക്കൈപ്പാടിനി രചിച്ചിട്ടുണ്ട്. ഇവയിൽ ഒന്നു പുറനാന്നൂറിൽനിന്നെടുത്തു ചുവടെ ചേക്കുന്നു:—

"നരമ്പെഴുന്തുലറിയ നിരമ്പാമെൻറോൾ
മുളരിമരുങ്കിൻ മുതിയോൾ ചിറുവൻ
പടൈയഴിന്തു മാറിനനെൻറു പലർക്കുറ
മണ്ടമക്കടൈന്തനനായിനുണ്ടവെൻ
മുലൈയറുത്തിടുവെൾയാനെനച്ചിനൈ ഇ
ക്കൊംണ്ടവാളൊടു പടുപിണം പെയരാ
ച്ചെങ്കളന്തഴവുവോൾ ചിതൈന്തു വേറാകിയ
പടുമകൻ കിടക്കൈ കാണ്ടു ഉ
വിൻറ ഞാൻറിനം പെരിതു വന്തനളേ."

ഒരു പടുകിഴവിയായ സ്ത്രീ തൻെറ മകൻ യുദ്ധക്കളത്തിൽനിന്നു പിന്മാറി എന്നു പലരും പറഞ്ഞതു കേട്ടു, കോപിച്ച് ഒരു വാൾ എടുത്തു "അങ്ങിനെ എൻെറ പുത്രൻ ചെയ്തിട്ടുണ്ടെങ്കിൽ, അവനു മുലകൊടുത്ത എൻെറ മുലകളെ ഞാൻ അരിഞ്ഞുകളയും" എന്നു പറഞ്ഞുകൊണ്ട് വാളോടു കൂടി യുദ്ധക്കളത്തിലേയ്ക്കു പോയി. അവിടെ കിടക്കുന്ന ശവങ്ങളെ തിരഞ്ഞുനോക്കിയപ്പോൾ, രണ്ടായി ഛേദിക്കപ്പെട്ട തൻെറ പുത്രൻെറ ശവശരീരം അവൾ കാണുകയുണ്ടായി. അപ്പോൾ അവൾക്കുണ്ടായ സന്തോഷം ആ പുത്രനു താൻ ആദ്യമായി മുലകൊടുത്തപ്പോൾ ജനിച്ച സന്തോഷത്തെക്കാൾ അധികമായിരുന്നു. ഇതാണ് ഈ പാട്ടിൻെറ സാരം. നാട്ട്കോട്ട്പാട്ട് ചേരലാതൻെറ കാലം എ. ഡി. 700-നു സമീപിച്ചാണെന്നു് ഈ ലേഖകൻ വിചാരിക്കുന്നതിനാൽ, കാക്കൈപ്പാടിനിനച്ചെള്ളയാരുടെ കാലവും അതുതന്നെയാണു്.

രഹസ്യമായി താൻ സ്നേഹിക്കുന്ന നായകൻെറ വേർപാടുനിമിത്തം ദുഃഖത്തിൽ ആണ്ടുകിടക്കുന്ന നായികയെകണ്ടു്, അവളുടെ മാതാവും ഇതരഗുരുജനങ്ങളും, അവൾക്കു സുബ്രഹ്മണ്യൻെറ ബാധ ഉപദ്രവം ഉണ്ടായിരിക്കുന്നു എന്നു തെററിദ്ധരിച്ച് ഒരു പണ്ടാരത്തെ കൊണ്ടുവന്നു കള്ളും ആടിൻെറ കുരുതിയുംകൊണ്ടു സുബ്രഹ്മണ്യപൂജ നടത്തുന്നതിനാണു പ്രാചീന തമിഴർ വെറി എന്നു പേരിട്ടിരുന്നതു്. ഇതു വൎണ്ണിക്കുന്നതിൽ അതിയായ സാമത്ഥ്യം കാണിച്ചിരുന്നതിനാലാണു് വെറിപാടിയ കാമക്കണ്ണി

യാക്ക് (അതായതു, കാമാക്ഷിക്ക്) ആ ബിരുദം ലഭിച്ചതു്. ഇങ്ങനെ സുബ്രഹ്മണ്യപൂജ നടത്തിക്കഴിഞ്ഞിട്ടും രോഗം മാറാത്തതുകണ്ടു് അതിൻ കാരണം എന്തെന്നന്വേഷിച്ച ഒരു ഗുരുജനത്തെ ശകാരിച്ചതുകൊണ്ടു് എന്തു പ്രയോജനമാണ് ഉണ്ടാകാൻ പോകുന്നതെന്നു തോഴി നായികയോടു ചോദിക്കുന്നതും ഈ വെറിയെ വിവരിക്കുന്നതുമായ ഈ വിദുഷിയുടെ ഒരു കവിത അകനാന്നൂറിൽ നിന്നെടുത്തു ചുവടെ ചേർക്കുന്നു:—

"അണങ്കുടൈ നെടുവരൈയുച്ചിയിനിഴിതരും
കണങ്കൊളരുവിക്കാൻ കെഴുനാടൻ
മണങ്കമഴ്‌വിയൻമാർ പണങ്കിയ ചെല്ല
ലിതു വെനവറിയാ മറുവരർ പൊഴുതിർ
പടിയോർത്തേയ്ത്ത പൽപുകഴ്ത്തടക്കൈ
നെടുവേട്ട്പേണത്തണികുവളിവളെന
മുതുവായ്പ്പെണ്ടിരിതു വായ്ക്കുറ
ക്കളനൻ കിഴൈഴത്തുക്കണ്ണിച്ചൂട്ടി
വളനകർചിലമ്പപ്പാടിപ്പലികൊടു
ത്തുരുവച്ചെന്തിനൈകുരുതിയോടു തൂഉയ്
മുരുകാററുപ്പടുത്തവുരുകെഴ നടുനാ
ളാരനാറവരുവിടർത്തതൈന്ത
ചാരാർ പൽപൂവണ്ടുപടച്ചൂടി
ക്കളിററിരൈതെരീഇയ പാർവലൊതുക്കി
നൊളിത്തിയങ്കുമരപിൻ വയപ്പുലിപോല
നൻമനൈ നെടുനകർക്കാവലരറിയാമൈ
ത്തന്നായെയ്യുള്ളത്തുനനായൈ വായ്പ്പ
വിന്നുയിർകുഴൈയ മുയങ്കുതൊറുമെയ്മ്മലിന്തു
നക്കനെ നല്ലനോയാനേയെയ്ത്ത
നോയ്തണികാതലർ വരവി-
ണ്ടേതിൽ വേലർ കുലന്തമൈകണ്ടേ."

കുറമകൾ കുറിയെയിനി, കുറമകൾ ഇളവെയിനി, പേയ്മകൾ ഇളവെയിനി എന്നീ മൂന്നുപേരും എയിനർ, അഥവാ, വേടർവർഗ്ഗത്തിൽ പെട്ടവരാണെന്നു് അവരുടെ പേരുകളിൽനിന്നു് അനുമാനിക്കാം. പാലൈപാടിയ പെരുങ്കടുങ്കോ എന്ന ചേരരാജാവിനെ പേയ്മകൾ ഇളവെയിനി സ്തുതിച്ചിരിക്കുന്നതുകൊണ്ടു് ഈ വിദുഷി ഈ ചേരരാജാവിൻെറ സമകാലീനയാണെന്നു വിചാരിക്കാം. പാലൈപാടിയ പെരുങ്കടുങ്കോ എന്ന

ഭചരൻ ചെൽവക്കോട്ടം കോവാഴി ആതൻ എന്ന പ്രസിദ്ധ ചേരരാജാവാണെന്നും ഈ രാജാവു് എ. ഡി 650-നു സമീപിച്ചു നാടുവാണിരുന്നു എന്നും ഈ ലേഖകൻ വിചാരിക്കുന്നു. അതിനാൽ പേയ്മകൾ ഇളവെയിനിയുടെ കാലവും ഇതുതന്നെയാണു്. കുറുമകൾ ഇളവെയിനി ഏററൈക്കോൻ എന്ന ഒരു സാമന്തനെക്കുറിച്ചു് പാടിയിരിക്കുന്നു. പക്ഷെ ഈ രാജാവിൻെറ കാലനിർണ്ണയം സാദ്ധ്യമല്ലാസ്സയാൽ കുറുമകൾ ഇളവയെനിയുടെ കാലവും സൂക്ഷ്മമായി നിർണ്ണയിക്കുവാൻ പ്രയാസമുണ്ടു്.

പ്രസിദ്ധരായ പന്ത്രണ്ടു വൈഷ്ണവയോഗികളിൽ, അഥവാ, ആൾവാർമാരിൽ, പെട്ട ഏക സ്ത്രീ ആൾവാരാണു് ആണ്ടാൾ. ഈ മഹതി രാമനാടുജില്ലയിലുള്ള ശ്രീവില്ലിപ്പുത്തൂരിൽ ഗോദ എന്ന നാമത്തോടുകൂടി ജനിച്ചു. ഗോദയെ പെരിയാൾവാർ എന്ന മററാരു ആൾവാർ തൻെറ ദത്തുപുത്രിയായി സ്വീകരിക്കുകയും ചെയ്തു. പെരിയാൾവാർ എ. ഡി. 9-ാം ശതാബ്ദത്തിൻെറ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്നു എന്നു് ഈ ലേഖകൻ വിചാരിക്കുന്നതിനാൽ, ആണ്ടാളും അക്കാലത്തുതന്നെ ജീവിച്ചിരുന്നിരിക്കണം. ആണ്ടാളുടെ സ്തവമാലയായ "നായ്ച്ചിയാർ തിരുമൊഴി"യിൽ നിന്നു് രണ്ടു ശ്ലോകങ്ങൾ ചുവടെ ചേർക്കുന്നു:—

"തെള്ളിയാർ പലർ കൈതൊഴും തേവനാർ
വള്ളൽമാലിരുഞ്ചോലൈ മണാളനാർ
പള്ളികൊള്ളുമിടത്തു അടികൊട്ടിട
കൊള്ളുമാകിൽ നീ കൂടിടു കൂടലേ."
"പൂമകൻ പുകഴ്‌വാനവർ പോററുതർ
കാമകൻ അണിവാണുതൽ തേവകി
മാമകൻ മികുചീർ വചുതേവർ തം
കോമകൻ വരിൽ കൂടിടു കൂടലേ."

മുകളിൽപ്രസ്താവിച്ചിട്ടുള്ള കവികളിൽ എല്ലാപേരേയുംകാൾ അധികം പ്രസിദ്ധിനേടിയ മഹതിയാണു് ഔവ്വ. ഈ വിദുഷിയെപററിയുള്ള ഐതിഹ്യങ്ങൾക്കു കൈയ്യും കണക്കുമില്ല. ഇവ ഈ മഹതി സംഘംനിലനിന്ന പല കാലങ്ങളിലും ജീവിച്ചിരുന്നതായി പറയുന്നുണ്ടു്. ഉദാഹരണമായി എ. ഡി. ഏഴാം ശതാബ്ദത്തിൻെറ മദ്ധ്യത്തിൽ ജീവിച്ചിരുന്ന മഹാകവി കപിലൻേറയും എട്ടാം ശതാബ്ദത്തിൻെറ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്ന പെരുംഞ്ചേരലിരുമ്പൊറൈ എന്ന ചേരരാജാവിൻേറയും ഒമ്പതാംശതാബ്ദത്തിൻെറ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്ന ഉഗ്രപെരുവഴുതി എന്ന പാണ്ഡ്യരാജാവിൻേറയും സമകാലീനയാക്കി ഇവരെ ഐതിഹ്യം വർണ്ണിച്ചി

രിക്കുന്നു. വാസ്തവത്തിൽ ഈ മഹതി ജീവിച്ചിരുന്നതു, തമിഴ്സംഘകാലത്തിന്റെ അന്ത്യഘട്ടമായ എ. ഡി. 9-ാം ശതാബ്ദത്തിന്റെ പൂൎവ്വാൎദ്ധത്തിലായിരുന്നു എന്നാണ് ഈ ലേഖകന്റെ അഭിപ്രായം. ഔവ്വയുടെ സ്വദേശം കൊംഗുദേശം (അതായതു്, ഇന്നത്തെ കോയംബത്തൂർ ജില്ലയും, സേലം ജില്ലയും ഉഠംപ്പെട്ട പ്രദേശം) ആണെന്നു വിചാരിക്കുവാൻ കാരണമുണ്ടു്. എന്തെന്നാൽ ഈ മഹതിയുടെ ഒട്ടധികം കവിതകളും കൊംഗുദേശത്തെ നാടുവാഴിവംശവും, ചേരരാജാക്കന്മാരോടു ബന്ധുത്വമുള്ളതും ആയ അതികമാൻ രാജവംശത്തിലെ അംഗങ്ങളെയാണ് സ്തുതിക്കുന്നതു്. പാട്ടും ആട്ടവും പഠിക്കുന്നതു് ഒരു പാരമ്പൎയ്യതൊഴിലാക്കിയിരുന്ന പാണർ എന്ന വൎഗ്ഗത്തിൽ പെട്ടവളായിരുന്നു ഔവ്വ എന്നു് അനുമാനിക്കാവുന്നതാണ്. ഈ മഹതിക്കു് അതികമാൻ വംശജനായ അഞ്ചി എന്ന രാജാവു് അത്ഭുതകരമായ ഒരു കരുനെല്ലിക്ക സമ്മാനിച്ചു എന്നും, ഇവർ കാഞ്ചീപുരത്തെ ഭരിച്ചിരുന്ന തൊണ്ടമാൻ രാജാവിന്റെ, അഥവാ, പല്ലവരാജാവിന്റെ അടുത്തു് രാജദൂതിയായി ഒരിക്കൽ പോയി എന്നും, ഇവരെ ഗണപതി തന്റെ തുമ്പിക്കൈയ്യാൽ ഉയൎത്തി കൈലാസത്തു് കൊണ്ടു ചെന്നിരുത്തി എന്നും, മററും പല അത്ഭുതകഥകളും ഔവ്വയെപ്പററി പ്രചാരത്തിലിരുന്നിരുന്നു. വിരഹദുഃഖത്തെപ്പററി കവനം ചെയ്യുന്നതിൽ സമൎത്ഥയും മധുരയിൽ ജനിച്ചവളുമായ വെള്ളിവീതിയാർ എന്ന വിദുഷിയെപ്പററി ഔവ്വ തന്റെ ഒരു കവിതയിൽ പ്രസ്താവിച്ചിരിക്കുന്നതിനാൽ, വെള്ളിവീതിയാൎക്കു ശേഷമാണ് ഔവ്വ ജീവിച്ചിരുന്നതെന്നു് വരുന്നുണ്ടു്. ഈ വെള്ളിവീതിയാർ നാരൈ എന്നു തമിഴിൽ പേരുള്ള ഒരു തരം പക്ഷിയെ ദൂതനാക്കി തന്നെ പിരിഞ്ഞു താമസിക്കുന്ന തന്റെ ഭൎത്താവിനു് ഒരു സന്ദേശം അയക്കുന്നതായി അവരുടെ ഒരു കവിതയിൽ പ്രസ്താവിച്ചിരിക്കുന്നു. വിരഹദുഃഖം സഹിക്കവയ്യാതെ വെള്ളിവീതിയാർ തന്റെ പ്രിയതമനെ തേടിപ്പോയതായും അവരുടെ ഒരു കവിതയിൽനിന്നു മനസ്സിലാക്കാം. ദുസ്സഹമായ വിരഹദുഃഖംനിമിത്തം ഞാനും വെള്ളിവീതിയെപ്പോലെ നായകൻ പോയ സ്ഥലം തേടിപ്പോകുമെന്നു തോഴിയോടു് നായിക പറയുന്ന ഔവ്വയുടെ ഒരു കവിത അകനാനൂറിൽനിന്നു ചുവടെ ചേൎക്കുന്നു:—

"ഓങ്കുമലൈച്ചിലമ്പിർ പിടവുടൻ മലർന്ത
വേങ്കൈ വെറിത്തഴൈ വേറുവകുത്തന്ന
വൂൻപൊതിയവിഴാക്കോട്ടുകിർക്കുരുളൈ
മൂൻറുടനീൻറ മുടങ്കർ നിഴത്ത

ത്തുറുകൽ വിടരള്ളൈ പ്പിണവുപ്പചിക്കൂർന്തെന
പ്പൊറികിളരുഴുവൈ പ്പേഴ്വായേററൈ
യരുകോട്ടുഴൈ മാനാൺ കുരലോക്ക്
നെറിപടു കവലൈ നിരമ്പാനീളിടൈ
വെള്ളിവീതിയൈപ്പോല നൻറു
ഞ്ചെലവയർന്തിച്ചിനാൽ യാനേ പലപുലം
തുണ്ണാവുയക്കമൊടുയിർ ചെലച്ചാ അയ്
ത്തൊല്ലന്തൊൽ കവിൻറൊലൈയനാളും
പിരിന്തോർ പെയർവുക്കിരങ്കി
മരുന്തു പിറിതിൻമൈയിനിരുന്തുവിനൈയിലനേ.”

## മലയാളഭാഷയുടെ മാതാവ്

( പണ്ഡിതർ:- ഇ. വി. രാമൻനമ്പൂതിരി )

മലയാളഭാഷയുടെ മാതാവ് ആരാണെന്നുള്ള വിഷയത്തിൽ ഇപ്പോൾ ആൎക്കുംതന്നെ സംശയമില്ലാതായിട്ടുണ്ടെന്നുപറയാം. സംസ്കൃതമാണു മലയാളത്തിൻെറ മാതാവ് എന്നു പറഞ്ഞുപോയവർ, ഇന്നും മഹാബലവന്മാരായിപ്പരിഗണിക്കപ്പെട്ടുവരുന്നു. ദേവഭാരതി കുറച്ചുകാലം അനുഭവിച്ച ആ പദവി, ദ്രവിഡഭാരതിക്ക് അനായാസേന ആയത്തമാവുകയും, അപ്രചലിതവും അവിച്ഛിന്നവുമായി അതിന്നും നിലനില്ക്കുകയും ചെയ്യുന്നു. തമിഴിൻെറ പുത്രി, കനിഷ്ഠസഹോദരി, ജ്യേഷ്ഠസഹോദരി എന്നിങ്ങനെയുള്ള സ്ഥാനങ്ങൾപോലും മലയാളത്തിന്നു കല്പിതമായിട്ടുണ്ട്. സംസ്കൃതമാതൃതപമതം ഒരുതരം പരിഹാസോപകരണമായി മാത്രം ശേഷിക്കുകയാണു ഇപ്പോൾ എന്നും കാണാം. മലയാളത്തിൻേറയും മലയാളഭാഷാവിദഗ്ദ്ധജനങ്ങളുടേയും സ്ഥിതിഗതികൾ ഇങ്ങനെ ഭദ്രമായിരിയ്ക്കെ, അതിൻെറ സഹോദരഭാഷകളുടേയും, അവരുടെ സഹോദരപണ്ഡിതന്മാരുടേയും കഥകൾ എങ്ങനെയിരിക്കുന്നു? മലയാളഭാഷാപ്രണയികൾക്ക് അവശ്യം ശ്രദ്ധേയമാണ് ആ വിഷയം. അതിൽനിന്നു ചിലതു നിശ്ചയമായും മലയാളിക്കു പഠിക്കുവാനുമുണ്ട്.

ആന്ധ്റസർവ്വകലാശാലയിൽനിന്നും ഈയിടെ ഒരു വിപുലഗ്രന്ഥം പുറപ്പെട്ടിരിക്കുന്നു. 'തെലുങ്കുഭാഷാചരിത്രം' ആണതു്. 12 രൂപ വിലയുള്ള ആ പുസ്തകം ആയിരത്തെഴുനൂററയ്മ്പതു് വശങ്ങളോടുകൂടിയതത്രെ. ഏ. ഡി. 7-ാംനൂററാണ്ടുമുതൽ തെലുങ്കുഭാഷക്കുണ്ടായിട്ടുള്ള വികാസം, വിലാസം, വിശേഷം എന്നിവയ്ക്കു പുറമെ, അതിൻെറ വ്യാകരണസ്വരൂപം, ഉത്പത്തി, പദസമ്പത്തി മുതലായവയും പ്രസ്തുതപുസ്തകത്തിൽ പ്രത്യേകം പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. അനന്തപൂർ സി. ഡി. കോളേജിലെ ഭാഷാപ്രവക്താവായ ഡാക്ടർ നാരായണറാവു എന്ന മഹാശയനാണു വിശിഷ്ടവും വിപുലവുമായ ഈ പുസ്തകത്തിൻെറ കർത്താവെന്നുള്ളതും ഗ്രഹിച്ചിരിക്കേണ്ടതാകുന്നു. ഒരു വിശ്വവിദ്യാലയത്തിലെ ഉത്തമ പ്രസിദ്ധീകരണം; ഒരു വിഖ്യാതവിദ്വന്മണിയുടെ വീര്യവ്യവസായഫലം; ഏതു ഭാഷാഭിമാനിയ്ക്കും അഭികാമ്യവും അഭിമാന്യവും ആയ ഒന്നുതന്നെയല്ലയൊ അതു്? കേരളഭാഷാപ്രണയികളെ കോൾമയിർ കൊള്ളിക്കുന്നതല്ലയോ ഇക്കഥ!

തെലുങ്കുഭാഷയുടെ ഉത്പത്തിസ്ഥാനം കണ്ടുപിടിപ്പാൻ ഗ്രന്ഥകാരൻ ഗാഢമായിത്തന്നെ പ്രയത്നിച്ചിട്ടുണ്ടു്. സംസ്കൃതം, പ്രാകൃതഭാഷകൾ, ദ്രാവിഡഭാഷകൾ എന്നിവയോടു തെലുങ്കിനുള്ള ചാർച്ചയും ചേർച്ചയും വേഴ്ചയും ചർച്ചചെയ്തു തീർച്ചകല്പിച്ചിരിക്കുന്ന സിദ്ധാന്തം, തെലുങ്കുഭാഷ സംസ്കൃതഭാഷാ സമുത്പന്നയാണെന്നുള്ളതത്രേ! മലയാളികൾക്കു വിശിഷ്യ വിസ്മയനീയമായിരിക്കുന്ന വസ്തുതയാണു് ഇതു്. അതിനും പുറമെ, ദ്രാവിഡന്മാർതന്നെ--അഥവാ ദ്രാവിഡവ്യപദേശ്യർതന്നെ--ആര്യന്മാരിൽനിന്നു പിരിഞ്ഞുപോന്നവരാണെന്നും അദ്ദേഹം സ്ഥാപിച്ചിരിക്കുന്നു. പ്രാകൃതഭാഷാവകഭേദമായ "പൈശാചി"യ്ക്കും തെലുങ്കിനും തമ്മിലുള്ള ബന്ധസ്വഭാവങ്ങളെ സ്വസിദ്ധാന്തത്തിൽ അദ്ദേഹം പ്രമാണീകരിക്കുകയും ചെയ്യുന്നു.

കഴിഞ്ഞുപോയ ശ്രീമാൻ സ്വാമിനാഥയ്യർ, തമിഴഭാഷയുടെ മാതൃത്വംപോലും സംസ്കൃതത്തിനാണെന്നും, ആര്യന്മാരെന്നും ദ്രാവിഡരെന്നും ഉള്ള ഭേദംതന്നെ വാസ്തവികമല്ലെന്നും പ്രക്ഷോഭജനകമാംവണ്ണം സ്ഥാപിച്ചിരിക്കുന്നതും ഇവിടെ സ്മരണീയമാണു്. തെലുങ്കുഭാഷാചരിത്രകർത്താവായ ഡാക്ടർ റാവു, മി: സ്വാമിനാഥയ്യരുടെ അഭിപ്രായത്തെ ശക്തിപൂർവ്വം പിൻതാങ്ങുന്നതുമുണ്ടു്. അങ്ങനെയാണെങ്കിൽ, മലയാളത്തിൻെറ കഥയോ! അതും ചിന്തിച്ചുനോക്കേണ്ടതല്ലേ? ഏതായാലും, ഒരുകാര്യം നല്ലവണ്ണം തീർച്ചപ്പെട്ടു. ദ്രാവിഡഭാഷകളുടെ സംസ്കൃതജന്യത്വവാദം വെറും വ്യാമോഹജനിതമാണെന്നും, ശുദ്ധമേ പഴഞ്ചൻ പ്രസ്ഥാനമാണെന്നും, അനഭിജ്ഞതാവിലസിതമാണെന്നും ചിലർ പറയാറുള്ളതു ശരിയല്ല എ

ന്നുതന്നെ. പാശ്ചാത്യസംസ്കാരസമ്പന്നന്മാരായ നവീനപണ്ഡിതന്മാരും നേരേമറിച്ചു പറഞ്ഞുതുടങ്ങുകയും സിദ്ധാന്തിക്കുകയും കഴിഞ്ഞിരിക്കുന്നു. മലയാളത്തിന്ന് ഇതിൽനിന്നു പഠിക്കുവാനുള്ളതെന്തെല്ലാം?

മലയാളിയേപ്പോലെ മറു നാട്ടുകാൎക്ക 'പേടിയും പതുങ്ങലും' ഒന്നുമില്ല. "മുൻപേഗമിക്കുന്നൊരു ഗോവുതന്റെ പിൻപേ" തന്നെ ഗമിച്ചാലേ തങ്ങൾക്കു മാന്യതസിദ്ധിക്കു എന്നുള്ള ഭാവവും അവൎക്കില്ല. പാശ്ചാത്യപണ്ഡിതോപജ്ഞങ്ങളായ മതങ്ങൾക്കേ പ്രാമാണ്യപദവി അനുവദിക്കാവൂ, അനുഭവിക്കാവൂ—എന്നുള്ള സിദ്ധാന്തവും അവൎക്കില്ലതന്നെ. വിചാരസാഗരത്തിൽ വിളഞ്ഞുകിട്ടുന്ന വിജ്ഞാനമൌക്തികമണികളെ പ്രാജ്ഞലോകസമക്ഷം സമൎപ്പിക്കുന്നതിൽ നിൎഭയന്മാരും നിശ്ശങ്കന്മാരുമാണ് അവർ. ചിന്താസരണിയിൽ പരമശരണ്യം, സ്വന്തം യുക്തികളും തെളിവുകളും അനുഭവങ്ങളും തന്നെയാണ് അവൎക്ക്. സംസ്കൃതപ്രഭവത്വംകൊണ്ടു സ്വന്തം ഭാഷകളുടെ സൎവ്വശ്രേയസ്സും നശിച്ചുപോകുമെന്ന് അവർ വിചാരിക്കുന്നില്ല. ഈവക കാൎയ്യങ്ങളെല്ലാം പ്രസ്തുതവസ്തുത മലയാളികൾക്കു മനസ്സിലാക്കിക്കൊടുക്കുന്നു.

മലയാളത്തിലെ ഭാഷാശാസ്ത്രവിദഗ്ദ്ധന്മാരുടെ കരകമലങ്ങളിൽ ചില വലിയ കൎത്തവ്യങ്ങളേയും ഇക്കാൎയ്യം സമൎപ്പിക്കുന്നു. അതായതു:-തമിഴ്, തെലുങ്കു മുതലായ സഹോദരഭാഷകൾ ഇങ്ങനെ ഗോത്രംമാററിക്കല്പിക്കുവാൻ തുടങ്ങിയാൽ, അതിന്റെ പരമ്പരാഫലം ഇതരസഹോദരഭാഷകൾക്കെന്നപോലെ മലയാളത്തിന്നും അനിവാൎയ്യമായി അനുഭവിക്കേണ്ടിവരും. എന്നുവെച്ചാൽ ഒന്നുകിൽ മലയാളഭാഷയുടെയും ഗോത്രസൂത്രാദികൾ മാററിക്കല്പിയ്ക്കാൻ നാം ഒരുങ്ങണം. അല്ലെങ്കിൽ, സഹോദരികളുടെ ഈ ഉച്ഛൃങ്ഖലതയ്ക്കു തക്ക ഉടക്കിട്ട് അവരെ പൂൎവ്വസ്ഥിതിയിൽത്തന്നെ ഇരുത്തണം. ഏതെങ്കിലും ഒന്നിന്ന് 'അരയും തലയും മുറുക്കുക' അത്യാവശ്യം തന്നെ: അപരിഹാൎയ്യം തന്നെ.

മലയാളത്തിന്റെ സംസ്കൃതഭാഷാജന്യത്വം 'ലീലാതിലക'കാരൻ ഒരു തരത്തിൽ സമ്മതിച്ചിട്ടുള്ളതിന്നു തെളിവാണ്, "ഇഹതാവൽ സംസ്കൃതമനാദി. അന്യദാദിമത്. തസ്യസംസ്കൃതാത് പ്രഭവഃസ്യാത്. തത്ര പ്രകൃതിത്വേനസ്ഥിതം സംസ്കൃതം കദാചിദ്ഗുഹവിഷയോഭവതി. കദാചിത് പുനരത്യന്തതിരോഭാവാദ്ഗുഹോ നശക്യതേ"-എന്നും മററും ഉള്ള ലീലാതിലകഭാഗങ്ങൾ. പാശ്ചാത്യരായ അൎണ്ണോസ്പാതിരി, പൌലീനോസ പാതിരി തുടങ്ങി, മലയാളം മുറയ്ക്കു പഠിച്ചിട്ടുള്ളവരും, മലയാളത്തിൽ ഗ്രന്ഥങ്ങളെഴുതിയിട്ടുള്ളവരും ആയ ചിലരും, മലയാളം സംസ്കൃതത്തിന്റെ വകഭേദമാണെന്നു ഗണിച്ചിരുന്നു. 'കേരള

കൌമുദീ'കാരനായ കോവുണ്ണി നെടുങ്ങാടിയുടെ അഭിപ്രായം അതിപ്രസിദ്ധമാണല്ലോ. അദ്ദേഹത്തിന്റെ "സംസ്കൃതഹിമഗിരിഗളിതാ"-എന്നുള്ള വരി നവീനജനങ്ങളുടെ നഗ്നവും നിശിതവുമായ നിരൂപണത്തിന് എത്ര തവണ പാത്രമായിട്ടില്ല! ഈ സംസ്കൃതജന്യത്വം സാധിക്കുവാൻ 'സാഹിതീസർവ്വസ്വ' കർത്താവു സാടോപം പ്രയത്നിച്ചിട്ടുള്ളതു് ഭാഷാബന്ധുക്കൾക്കാർക്കും അവിദിതമായിരിക്കയില്ല. സംസ്കൃതത്തിന്റെ നേരെ സന്താനമാവുക വല്ലെങ്കിലും, ആര്യഗോത്രജന്യത്വം ഒരു വിധത്തിൽ സമർത്ഥനീയം തന്നെയാണെന്നു്, 'സാഹിത്യചരിത'ത്തിൽ ശ്രീമാൻ ആററൂരും സമ്മതിച്ചിട്ടുള്ളതായിക്കാണാം. ആര്യദ്രാവിഡഭാഷകളുടെ പരസ്പരബന്ധം എന്ന കൃതിയിൽ ശ്രീമാൻ എൽ. എ. രവിവർമ്മകോയിത്തമ്പുരാനവർകളും ഈ മതത്തെ പ്രബലീകരിച്ചു കാണ്മാനുണ്ട്. ഇങ്ങനെ ഒരു പണ്ഡിതപാരമ്പര്യം സ്വീകരിച്ചതാണെങ്കിലും, പ്രസ്തുത സംസ്കൃതജന്യത്വമതത്തിനല്ല ഇവിടെ പ്രതിഷ്ഠ; കാൾഡ്വൽ, ഗുണ്ടർട്ട്, മുതലായ പാശ്ചാത്യന്മാരും, 'കേരളപാണിനി'യും സ്വീകരിച്ചിട്ടുള്ള അനാര്യഗോത്രീയത്വം ആണു പ്രചാരവും പ്രതിഷ്ഠയും നേടിയതു് എന്നു പ്രത്യേകം പറയേണ്ടല്ലോ.

സംസ്കൃതജന്യത്വമതക്കാർക്കു് കുലവും, എതിർകക്ഷിയ്ക്കു് എതിരും ആയ സിദ്ധാന്തമാണു നാരായണറാവു, സ്വാമിനാഥയ്യർ മുതൽപേരുടേതെന്നു വരുമ്പോൾ, ആ എതിർകക്ഷികളാണു് ഇവിടെ മുന്നിട്ടിറങ്ങേണ്ടതെന്നും വരുന്നു. അതേ, ഇന്നത്തെ ഭാഷാപണ്ഡിതലോകം പൊതുവേ, പ്രസ്തുതമതത്തെ അഭിമുഖീകരിയ്ക്കേണ്ടിയിരിക്കുന്നു. തെലുങ്കും, തമിഴും ആര്യഗോത്രമാണെങ്കിൽ ആയിക്കോട്ടെ—എന്നാലും മലയാളത്തിന്റെ മാതാവു് ദ്രാവിഡഭാഷതന്നെയാണു്, എന്നു മാത്രം കല്പിച്ചു് ഉദാസീനത കാണിക്കുന്നതു നമ്മുടെ അജ്ഞതയ്ക്കോ അശക്തിയ്ക്കോ ഉദാഹരണമായി പരിണമിക്കും. എന്നുമാത്രമല്ല, ദ്രാവിഡജന്യത്വവാദത്തിനു വലിയ ഇളക്കവുമുണ്ടാകും. ക്രമേണ സംസ്കൃതജന്യത്വവാദം ഉറച്ച സിദ്ധാന്തമായിത്തീരാം താനും. അതിനനുവദിയ്ക്കത്തക്കവിധത്തിലുള്ളതാണോ മലയാളികളുടെ മാതൃഭാഷാസ്നേഹം; മലയാളഭാഷയുടെ മാതൃഗോത്രസ്ഥിതി? കണ്ടറിയുക തന്നെ!

# കൈരളിയുടെ വൈദേശികസമ്പത്ത്

(തുടർച്ച)

[ വിദ്വാൻ വൈ. നാരായണയ്യർ ]

പടി—പഇറാ എന്നു് ഉത്തരഇൻഡ്യൻ ഭാഷയിലുണ്ടു്. 'പടി' എന്ന തമിഴ്പദം ഇതിന്റെ തത്ഭവമോ എന്നു തീർത്തു പറഞ്ഞുകൂടാ. പ്രവൃത്തിക്കേറാനുള്ളതെന്നാർത്ഥത്തിൽ മലയാളത്തിലെ 'പടി'ക്കു 'പഇറാ'യോടു സാദൃശ്യം കാണുന്നുണ്ടു്.

പഞ്ചീസ്—ഇതൊരു കളിയാണു്. ഖണ്ഡങ്ങൾ വരച്ചു് അതിൽ കരുക്കൾ നിരത്തി, കവിടികുലുക്കിയെറിഞ്ഞും കരുക്കൾ നീക്കിയുമുള്ള ഒരു കളി. പഞ്ചവിംശതിയുടെ ഉത്തരഇൻഡ്യൻ തത്ഭവമത്രേ 'പഞ്ചീശ്' 25 എന്ന സംഖ്യ, പ്രസ്തുത കളിയിൽ 25 എന്നകണക്കിനു പ്രാധാന്യമുള്ളതിനാൽ പേർ അന്വർത്ഥമാണു്.

പഞ്ചാ—ഗുസ്തിക്കാരുടെ പ്രാഥമിക ബലാബലപരീക്ഷയാണിതു്. പഞ്ചായുദ്ധം ഇടുക എന്നു മലയാളത്തിലും, പഞ്ചാകൊടുക്കുക എന്നു തമിഴിലും പ്രയോഗമുണ്ടു്. കണ്ഠീരവരായർവഴി രാമരാജാബഹദൂരിൽ 'പഞ്ചാ' പ്രയോഗിക്കപ്പെട്ടുകാണുന്നു. ഉത്തരഇൻഡ്യൻ 'കുസ്തി'ക്കാരുടെ 'പഞ്ജാ' ഇവിടെ 'പഞ്ചാ' ആയി. 'പഞ്ജാ' എന്നാൽ 'വിരലുകളും കൈയും' എന്നാർത്ഥം. കൈവിരലുകൾ വിടുർത്തി എതിരാളിയുടെ കൈവിരലുകളിൽ കോർത്തു് അമർത്തി മട്ടിച്ചു് പാണിബലം അറിയുന്നതാണു പഞ്ചായുദ്ധമിടുക എന്നതു്.

പതിർ—അരിമണിയില്ലാത്ത പാഴ്നെല്ലിനെ പതിർ, പാവി എന്നൊക്കെപ്പറയും. പദം ശുദ്ധദ്രാവിഡമായിരിക്കാം. എങ്കിലും, 'പതരു' എന്ന സംസ്കൃതപദത്തോടു രൂപത്തിലും അർത്ഥത്തിലും ഏറെക്കുറെ സാദൃശ്യം കാണുന്നതു ശ്രദ്ധേയമാണു്. പതരു-ഗമനശീലമുള്ളതു് എന്നാർത്ഥം. കാറ്റുള്ളപ്പോൾ തൂറ്റുന്നസമയം ഗമനശീലങ്ങളായ പതിരുകൾ കളത്തിനുവെളിയിലേക്കു പോകുകയും നല്ലനെല്ലുമാത്രം കളത്തിൽ ശേഷിക്കുകയും ചെയ്യുന്നു.

പത്തു്—പംക്തിരഥൻ, പംക്തികന്ധരൻ എന്നീ സംസ്കൃതപദങ്ങളിലെ പംക്തിക്കു 10 എന്നാർത്ഥമാകുന്നു. ഒന്നുമുതൽ പത്തുവരെ എണ്ണുമ്പോൾ സംസ്കൃതത്തോടു് അടുത്തുനില്ക്കുന്നവ 5, 8, 10 ഇവ മാത്രമാണു്. പഞ്ചവും അഷ്ടവും ആണു് അഞ്ചും എട്ടുമായതെന്ന സിദ്ധാന്തം ദ്രാവിഡപക്ഷപാതികൾ വകവെച്ചു തരികയില്ല. എന്നാൽ പത്തു് അങ്ങ

നെയല്ല. 'പന്തിരണ്ടു്' എന്ന തമിഴ് പദത്തിൽ 10 എന്നർത്ഥമായ 'പംക്തി' എന്ന സംസ്കൃതപദത്തിന്റെ സ്വരൂപപ്രയോജിപ്പു് 'പന്തി' എന്ന തെളിഞ്ഞുതന്നെ കാണുന്നു. വൃത്തശാസ്ത്രത്തിലെ പത്തക്ഷര വൃത്തങ്ങളെല്ലാം പംക്തി എന്ന ഛന്ദസ്സിൽപ്പെട്ടതാണു്.

പൈ—(വിശപ്പു്) 'പചി' എന്ന തമിഴ്പദം ഉദാസീനമായ ഉച്ചാരണംകൊണ്ടു, 'പശി' എന്നായി. കശാലയും കയ്യാലയുംപോലെ 'യശയോരഭേദ'പ്രമാണം, 'പയി' എന്നാക്കി; അതു കുറുകി 'പൈ' എന്നുവന്നു. സംസ്കൃതത്തിലെ 'പച' ധാതുവാണു് ഇതിന്റെ മൂലം. 'വിശക്കുന്നു' എന്നുവെച്ചാൽ മുൻപിലത്തെ ആഹാരം പാകപ്പെട്ടു ധാതുക്കളോടു ലയിച്ചുകഴിഞ്ഞു എന്നർത്ഥമാണല്ലോ! 'വിശപ്പു്' എന്നപദം എങ്ങനെയുണ്ടായെന്നു് അറിയുന്നില്ല.

കഞ്ഞി— തമിഴിലെ 'കഞ്ചി' അനുനാസിക പ്രസരത്തിനു വിധേയമായി 'കഞ്ഞി'യുണ്ടായി. സംസ്കൃതത്തിലെ 'കാഞ്ജികം' ക പ്രത്യയം കളഞ്ഞാൽ 'കാഞ്ജി'യാകുന്നു. അതുതന്നെ കഞ്ഞി.

അണ്ടി—ഇതു ദ്രാവിഡസ്വത്തല്ല. 'ആണ്ടി' എന്ന ഉത്തരഇന്ഡ്യൻ പദത്തിന്റെ തത്ഭവം.

കച്ചു—ഹിന്ദി, ബംഗാളി മുതലായ ഭാഷകളിൽനിന്നും മലയാളത്തിൽസംക്രമിച്ച 'കച്ചുവണ്ടി' വ്യവസായം കേരളത്തിൽ അഭിവൃദ്ധി പ്രാപിച്ചു.

പണം—സംസ്കൃതത്തിൽ മൂല്യം എന്നർത്ഥം. വിലയുള്ളതാകയാൽ വെള്ളിനാണയം പണമായി. അതുതന്നെ ധനവും.

ജന്മി—ഭൂസ്വത്തിന്റെ ജന്മാവകാശമുള്ളവൻ. ജന്മിയായ്‌വരാം. പ്രഭു എന്നയർത്ഥത്തിലാണു 'ജന്മി'യുടെ പ്രസക്തി. അതുകൊണ്ടു 'ജമീൻ' എന്ന ഗ്രീക്പദമായിരിക്കണം ഇവിടെ 'ജന്മി'യായതു്.

ജമാവന്തി—ഗ്രീക്കിലെ ജമാബന്ദി ഇവിടെ ജമാവന്തിയായി. ഹിന്ദിയിലും ജമാബന്ദിയുണ്ടു്. നികുതിക്കണക്കെന്നർത്ഥം.

പതക്കം—കണ്ഠഭൂഷണം എന്നർത്ഥമായ 'പദകം' എന്ന സംസ്കൃതപദം ഇവിടെ പതക്കമായി.

പട്ടതാ—നാടകം യവനന്മാർവഴി ഇൻഡ്യയിൽവന്നു് എന്നൊരു മതമുണ്ടു്. 'യവനിക' എന്ന സംസ്കൃതപദം 'കർട്ടൻ' എന്നയർത്ഥത്തിൽ യവനന്മാരെ അനുസ്മരപ്പിക്കുന്നുണ്ടു്. 'പർദ്ദാ' എന്ന പെർഷ്യൻ ഭാഷ· ര-യുടെയും, ഡ-യും ശബ്ദസാദൃശ്യം ഹേതുവാൽ പർദാ, പഡ്ദാ എന്ന

മാറാം. പഡുദാ എന്നും പട്ടതാ എന്നും അതു ക്രമേണ രൂപാന്തരം പ്രാപിച്ചു. 'പർദാ' ഇംഗ്ലീഷ് ലിപിയിൽ സംക്രമിച്ചപ്പോൾ മൂലത്തിൽനിന്നും വ്യതിചലിച്ച് 'പൂട്ടാ' എന്നായി. 'ചേത്തല,' 'ഷെർട്ടാലി'യായില്ലേ?

ജീനി—കുതിരസവാരിക്കുള്ള ഉപകരണവിശേഷം. 'ജിൻ' എന്ന ഉത്തരഇൻഡ്യൻപദം.

ജിലോബി—ജിലേപി, ജിലേബി, ജിലോബി എന്നൊക്കെ നാവിനു വഴങ്ങിയതുപോലെ പറയുന്ന ഒരു മധുരപലഹാരമുണ്ട്. 'ജിലിപി' എന്ന പെർഷ്യൻപദത്തെ പരിഷ്കരിച്ചതാണിതു്.

ബോളി—ഇതും ഒരു മധുരപ്പലഹാരമാണ്. പോലി, പോലികാ എന്നിങ്ങനെ സംസ്കൃതം. മറാട്ടിഭാഷയിൽ അതു 'പോളി'യായി. മലയാളത്തിൽ പരിഷ്കരിച്ചു മൂർദ്ധപ്പെടുത്തി 'ബോളി'യാക്കി.

മിട്ടായി—മുട്ടായി, മിട്ഠായി, മിട്ടായി എന്നു പലരൂപത്തിൽ ഈ മധുരപദാർത്ഥം കൈരളിയുടെ കലവറയിൽ കളിയാടുന്നു. 'മിഠാഇ' എന്ന ഉത്തരഇൻഡ്യയിൽ മധുരാഹാരം എന്നർത്ഥമായ 'മിഷ്ടാന്നം' എന്ന സംസ്കൃതപദത്തിന്റെ അപഭ്രംശമായിരിക്കാം ഇതെന്നു ഒരു ബെംഗാളിനിഘണ്ടുകാരൻ അനുമിക്കുന്നു. തമിഴകാർ 'മിട്ടായ്' എന്നുപറയുന്നു.

പല്ലി—ഇതൊരു ശുദ്ധദ്രാവിഡപദമെന്നുതോന്നാം. എന്നാൽ സംസ്കൃതമാണ്. 'ഗൗളി'യുടെ പര്യായം.

ഞാത്തു്—ഞാന്നുകിടക്കുന്നതു് ഞാത്തു് എന്നായിരിക്കാം ധാതുപരിശോധന. ഞാലുക—തൂങ്ങിക്കിടക്കുക. കെട്ടിഞാന്നുചാവുക എന്നു പ്രയോഗമുണ്ട്. ഞാലുന്ന വകയായതുകൊണ്ടു കയറിനു 'ഞാൺ' എന്നു പേർവന്നതായി വാദിക്കാം. തൂങ്ങിക്കിടക്കുന്ന ഒരാഭരണമാകയാൽ 'ഞാത്തു്' എന്ന പേർ കിട്ടിയിരിക്കണം. കഴുത്തിലും ചെവിയിലും തൂങ്ങിക്കിടക്കുന്നവയാണു മാലയും കുണ്ഡലവും. മൂക്കിൽ തൂങ്ങിക്കിടക്കുന്നതിനുമാത്രമേ ഞാത്തെന്നു പറയുന്നുള്ളൂ. അതെന്തുകൊണ്ടായിരിക്കാമെന്ന് ആലോചിക്കുമ്പോൾ ഉത്തരഇൻഡ്യൻഭാഷകളിലെ 'നാഥ്' എന്ന നാസാഭരണത്തിന്റെ കഥ ഓർമ്മവരുന്നു. ഇതു് തമിഴിൽ 'നാത്' എന്നും 'നത്തു്' എന്നും ആയിട്ടുണ്ടു്; നാസാഭരണംതന്നെ. നാൻ ഞാനായപോലെ നാത്തു് ഞാത്തായിത്തിരും. വാദവിഷയമായ ഇതിൽ ലേഖകൻ ഒരു സിദ്ധാന്തവും അവതരിപ്പിക്കുന്നില്ല.

വീതി—നീളംവീതിയല്ല ഇവിടെ ഉദ്ദേശിക്കുന്നതു്. "വീതിഗജമാറും മുതലായ ചിഹ്നം" എന്ന ഉമാകേരളമഹാകാവ്യപ്രയോഗത്തെ പ്രകൃ

ത്തിൽ അനുസ്മരിപ്പിച്ചുകൊള്ളുന്നു. 'വീതി'—കതിര എന്നാൎത്ഥം 'പീഥി' എന്നു സംസ്കൃതം.

പൊത്തു്—ഇതു് ദ്രാവിഡമെന്നു തോന്നാം. പൊത്തു് എന്നു ചില മലയാളികളും, എല്ലാതമിഴരും പറയാറുണ്ടു്. 'പോന്താ' എന്നൊരു ബെംഗാളിവാക്കുണ്ടു്. അൎത്ഥം പൊത്തെന്നാത്രേ.

പരാതി—ആവലാധി, പരാധി, കടിശ്ശിഖ ഇവയിലെ മഹാപ്രാണാക്ഷരങ്ങൾ കൃത്രിമമാണു്. വേവലാതി, ആവലാതി, അലവലാതി, പരാതി—ഇങ്ങനെ പല 'ആതി'കൾ മലയാളത്തിലുണ്ടു്. 'ഫരീയാദി' എന്ന പെർഷ്യൻപദം തമിഴിൽ 'പിരാതു' എന്നും മലയാളത്തിൽ 'പരാതി' എന്നും രൂപംമാറി. അൎത്ഥത്തിലും ഈഷൽഭേദം വന്നിട്ടുണ്ടു്. മൂലത്തിൽ പരാതിബോധിപ്പിക്കുന്നവനാണു് 'ഫരിയാദി'.

## ജമ്മനിയിലെ വിദ്യാഭ്യാസം

(എൻ. എസ്സ്.)

പ്രാഥമികവിദ്യാഭ്യാസം ജമ്മനിയിൽ നിർബന്ധിതമാണു്. അക്ഷരാഭ്യാസശൂന്യത 1/10 ശതമാനം മാത്രമേ അവിടെയുള്ളു. സാധാരണ പ്രാഥമികവിദ്യാഭ്യാസം ജമ്മനിയിൽ 8 കൊല്ലക്കാലം നിലനില്ക്കും. എങ്കിലും ചിലയിടങ്ങളിൽ പ്രാഥമികവിദ്യാഭ്യാസത്തിന്റെ കാലാവധി 7 കൊല്ലം മാത്രമേയുള്ളു. കേവലം നിർധനരായ വിദ്യാൎത്ഥികൾ ഒഴിച്ചു മററുള്ളവരെല്ലാം ഫീസ് കൊടുക്കണം. അടുത്ത കാലംവരെ സമുദായസ്ഥിതിഭേദങ്ങൾ അനുസരിച്ചു വിദ്യാൎത്ഥികളുടെയിടയിൽ ചില ഉച്ചനീചത്വങ്ങൾ നിലവിലിരുന്നു. നല്ല സ്ഥിതിയിലുള്ളവരുടെ കുട്ടികൾക്കു പഠിക്കുന്നതിനു പ്രത്യേകവിദ്യാലയങ്ങൾ ഉണ്ടായിരുന്നു. സാധാരണക്കാരുടെ കുട്ടികളുടെ കൂട്ടത്തിൽ ഇരുന്നു വിദ്യാഭ്യാസം ചെയ്യുന്നതു് അവൎക്കു് അന്നു് അന്തസ്സിനു ചേൎന്നതായി തോന്നിയിരുന്നില്ല. പക്ഷെ നാസിഭരണത്തിന്റെ ആവിൎഭാവത്തോടുകൂടി ഈ വ്യത്യാസങ്ങളെല്ലാം പാടെ മാറിയിട്ടുണ്ടു്. അവരവരുടെ സ്ഥലത്തിനടുത്തു വിദ്യാലയങ്ങളിൽതന്നെ കുചേലകുബേരഭേദം കൂടാതെ എല്ലാ വിദ്യാൎത്ഥികളും ചേൎന്നു പഠിക്കുന്നു. സാമാന്യവിജ്ഞാനം, ഭൂമിശാസ്ത്രം, ചരിത്രം ഇവയിലെപ്രാഥമികപാഠങ്ങളെല്ലാം

ഈ എട്ടുകൊല്ലത്തെ വിദ്യാഭ്യാസപദ്ധതിയിൽപ്പെട്ടും. അദ്ധ്യയനദിവസങ്ങൾ ഇൻഡ്യയിൽ ഒരു കൊല്ലത്തിലുള്ളതിൻെറ ഇരട്ടിയാണ് ജമ്മനിയിൽ. മാത്രമല്ല ജമ്മനിയിൽ നൽകപ്പെടുന്ന വിദ്യാഭ്യാസം ഇൻഡ്യയിലേതിനേക്കാൾ ഗുണത്തിലും വലിപ്പത്തിലും മേന്മയേറിയതുമാണ്.

പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞാൽ വിദ്യാത്ഥികൾക്ക് തൊഴിൽ പരിശീലനവിദ്യാലയങ്ങളിലൊ ഹൈസ്കൂളുകളിലൊ ചേന്നു പഠിക്കാം. ആദ്യത്തേതിലെ പഠനകാലം 6 കൊല്ലവും രണ്ടാമത്തേതിലെ പഠനകാലം 9 കൊല്ലവും ആണ്. വാണിജ്യത്തിലൊ, സക്കാർ സേവനത്തിലൊ, ഗൃഹസ്ഥപ്പണിയിലൊ വ്യവസായത്തിലൊ എൻജിനീയറിംഗിലൊ ഏപ്പെടണമെന്നുള്ളവർ തൊഴിൽ പരിശീലനവിദ്യാലയങ്ങളിൽ പ്രവേശിക്കുന്നു. സവ്വകലാശാല വിദ്യാഭ്യാസമിച്ഛിക്കുന്നവരാണ് ഹൈസ്കൂളിൽ ചെല്ലുന്നതു്. ഹൈസ്കൂൾ വിദ്യാഭ്യാസം സവ്വകലാശാലാഭ്യസനത്തിനുള്ള അടിസ്ഥാനമിടുന്നു. ഹൈസ്കൂൾ അഭ്യസനം തൊഴിൽപരിശീലനസ്കൂളിലെ അഭ്യസനത്തെ അപേക്ഷിച്ചു കൂടുതൽ സാംസ്കാരികമാണ്. യുദ്ധത്തിനുശേഷം വിശേഷിച്ചും നാസി ഭരണത്തിനുശേഷം ഇവയിലെ സാംസ്കാരികപ്രവത്തനങ്ങൾക്കു സ്വല്പം ഉലച്ചിൽ തട്ടിയിട്ടുണ്ട്. ഇന്നത്തെ ആവശ്യങ്ങൾക്കു പററിയ തരത്തിൽ അവയിൽ ചില മാററങ്ങൾ വരുത്തിയിരിക്കുന്നു. തൊഴിൽ പരിശീലനവിദ്യാലയത്തിൽ നിന്നും ഹൈസ്കൂളിലേക്കു വേണമെങ്കിൽ ഒരു വിദ്യാത്ഥിക്കു മാറാം. പക്ഷെ അതു് അയാൾക്ക് കൂടുതൽ ശ്രമാവഹമായിരിക്കുമെന്നു മാത്രം. ഒഴിവുദിവസങ്ങൾ വളരെ കുറവാണ്. ഒരാഴ്ചയിൽ ആറാണ് അദ്ധ്യയനദിവസങ്ങൾ. ഇൻഡ്യയിൽ അഞ്ചാണല്ലൊ ഒരാഴ്ചയിലെ അദ്ധ്യയനദിവസങ്ങൾ. ഒഴിവുദിവസങ്ങളുടെ കുറവു വച്ചു കണക്കാക്കുമ്പോൾ അവരുടെ 9 കൊല്ലത്തെ അദ്ധ്യയനം നമ്മുടെ 12 കൊല്ലത്തെ അധ്യയനത്തോടു തുല്യമാണ്. ഇൻഡ്യയിലെ വിദ്യാത്ഥിയുടെ ജ്ഞാനസമ്പാദ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ ഹൈസ്കൂൾ വിദ്യാഭ്യാസം പൂത്തിയാക്കിയ ഒരു ജമ്മൻ വിദ്യാത്ഥി ഇൻഡ്യയിലെ ഒരു ബിരുദധാരിയെക്കാൾ വളരെ മേലേയാണ്.

പ്രൈമറിവിദ്യാഭ്യാസത്തേയും സെക്കണ്ടറിവിദ്യാഭ്യാസത്തേയും പോലെയല്ല സവ്വകലാശാലാഭ്യാസം. സവ്വകലാശാലാഭ്യാസം മുഴവനും ഗവമ്മെണ്ടിൻെറ കീഴിലും നിയന്ത്രണത്തിലുമാണ്. അതിനു നാലുശാഖകളുണ്ട്. വൈദികം, തത്വശാസ്ത്രം, നിയമം, വൈദ്യം ഇതാണു ആ നാലു ശാഖകൾ. എത്രനേരം ജോലിചെയ്യണം, ഏതെല്ലാം ക്ലാസ്സുകളിൽ ഹാജരാകണം, മുതലായതെല്ലാം വിദ്യാത്ഥികളുടെ ഇഷ്ടംപോലെയുള്ള തീരുമാന

ത്തിനു വിട്ടിരിക്കുകയാണു്. എങ്കിലും ഒരാഴ്ചയിൽ 4 മണിക്കൂറിൽ കുറയാതെ പ്രസംഗത്തിനു ഹാജരായിരിക്കണമെന്നുണ്ടു്. പരീക്ഷകൾ രണ്ടുവിധത്തിലുണ്ടു്. എഴുത്തുമൂലവും വാങ്മൂലവും ഇങ്ങനെ രണ്ടാണു്. ഇതിൽ രണ്ടിലും ജയിക്കാതെ ഒരുത്തനു ബിരുദം നേടാൻ സാധ്യമല്ല. ആവശ്യപ്പെടുന്ന വിഷയങ്ങളിൽ പ്രബന്ധങ്ങളെഴുതുക, പ്രായോഗികപരിജ്ഞാനം നേടുക, ഗവേഷണം നടത്തുക മുതലായി നേരിട്ടു വിജ്ഞാനം സമ്പാദിക്കുന്നതിനുള്ള സകലതും അവർ നടത്തണം. കേവലം ബിരുദംനേടുകയെന്നുള്ളതല്ല; ശരിയായ ജ്ഞാനം സമ്പാദിച്ചു പണ്ഡിതനാകണമെന്നുള്ളതാണു് ഈ പദ്ധതിയുടെ ഉദ്ദേശം.

വിദ്യാഭ്യാസത്തിന്റെ ഗതിക്കു് ഈയ്യിടെയായി സ്വല്പം മാററം വന്നിട്ടുണ്ടു്. മതത്തിനോടു കാണിച്ചിരുന്ന ആഭിമുഖ്യം ഇപ്പോൾ വളരെ കുറഞ്ഞിരിക്കുന്നുവെന്നുപറയാം. ഇതിന്റെ പരിണാമം എന്തായിരിക്കുമെന്നു പറയാൻ നിവൃത്തിയില്ല. എങ്കിലും കൂടുതൽ പ്രായോഗികമായ ഒരു വിദ്യാഭ്യാസം നൽകണമെന്നും ജീവിതത്തിൽ ആവശ്യമുള്ള കാര്യങ്ങളാണു് ഇപ്പോൾ വിദ്യാർത്ഥികൾ പഠിക്കേണ്ടതെന്നും ആണു പ്രബലമായിവരുന്ന അഭിപ്രായം. അതുകൊണ്ടു വിദ്യാഭ്യാസത്തിന്റെ ഗതിക്കും അത്തരത്തിൽ ഒരു ചായ്‌വു് പ്രത്യക്ഷമായി കാണ്മാനുണ്ടു്.

ജമ്മനിയുടെ വിദ്യാഭ്യാസത്തിനുള്ള മറെറാരു വിശേഷപ്പെട്ട പ്രത്യേകത പ്രസ്താവ്യമാണു്. വിദ്യാർത്ഥികളെല്ലാം ഒരു കഷകകാളണിയിലോ, ഒരു കൃഷിക്കാരന്റെകൂടേയോ ഒരു വ്യവസായശാലയിലോ കുറെക്കാലത്തേയ്ക്കു പരിശീലനം നടത്തിത്തീരണമെന്നു നിർബന്ധമാണു്. കാടുവെട്ടിത്തെളിക്കുക, ചതുപ്പുനിലങ്ങൾ വെള്ളംവററിച്ചു കൃഷിക്കു യോഗ്യമാക്കുക, റോഡുവെട്ടുക മുതലായ ആയാസമേറിയ ജോലികൾ അവർ അപ്പോൾ ചെയ്യണം. മാത്രമല്ല ചിലപ്പോൾ വളരെ നികൃഷ്ടമായ ജോലികൾ കൂടി ചെയ്യേണ്ടതായിവരും. ശരീരത്തിനുള്ള അയോഗ്യതകൊണ്ടുമാത്രമേ അവരെ ഇതിൽനിന്നും ഒഴിവാക്കുകയുള്ളു. എന്നാൽ അവൾക്കും അവരുടെ ദേഹസ്ഥിതിക്കനുസരണമായ ജോലികൾ കൊടുക്കാറുണ്ടു്. വിദ്യാർത്ഥികൾ അനന്തരകാലത്തു പ്രത്യേകജീവിതമാർഗ്ഗങ്ങളിൽ പ്രവേശിക്കുമ്പോൾ അവർ തമ്മിലുണ്ടാകാവുന്ന ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കണമെന്നുള്ളതാണു് ഈ പദ്ധതിയുടെ ആന്തരോദ്ദേശ്യം. വിദ്യാർത്ഥിനികളിലും ഈ ഭേദബുദ്ധിയുണ്ടാകാതിരിക്കുന്നതിനു് അവരും ഇത്തരം ജോലികൾ ചെയ്യണം. രണ്ടുകൊല്ലത്തെ നിർബന്ധിതമായ സൈനികപരിശീലനം എല്ലാവിദ്യാർത്ഥികൾക്കും കൂടിയേതീരു. ഇന്നു സൈനികപരിശീലനത്തോടുള്ള ജമ്മൻകാരുടെ അ

ഭിനിവേശം കാണുമ്പോൾ അവരുടെ ബുദ്ധിസംസ്കാരപരമായ അഭ്യസനങ്ങൾക്ക് ഉടവുതട്ടുകയില്ലയൊ എന്നുകൂടി തോന്നിപ്പോകാനിടയുണ്ട്.

വലിയ നഗരങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പഠിക്കുന്നതിനു പ്രത്യേകം പ്രത്യേകം വിദ്യാലയങ്ങൾ ഉണ്ട്. എന്നാൽ ചെറിയ നഗരങ്ങളിലും ഗ്രാമങ്ങളിലും വിദ്യാൎത്ഥികളും വിദ്യാൎത്ഥിനികളും ഒരു വിദ്യാലയത്തിൽതന്നെയാണ് അഭ്യസനം നടത്തുന്നത്. പെൺകുട്ടികളും ആൺകുട്ടികളും അവരുടെ സ്വാഭാവികബന്ധത്തിനു അനുസരിച്ചുവളൎന്നുവരുന്നതിനുള്ള ഒരു വിദ്യാഭ്യാസപദ്ധതി വേണമെന്നാണ് ഹിട്ലർയുവജനപ്രസ്ഥാനത്തിൻെറ ഉദ്ദേശ്യം. ആ വളൎച്ചയ്ക്കുള്ള ഒരു മാൎഗ്ഗമായി സഹവിദ്യാഭ്യാസത്തേയും അംഗീകരിച്ചിട്ടുണ്ട്. സഹവിദ്യാഭ്യാസത്തെപ്പററി അനുകൂലമായും പ്രതികൂലമായും ധാരാളം പറയാനും അങ്ങനെ പറയുന്നവരും ഉണ്ടെന്നുള്ള കാൎയ്യം നമുക്ക് എല്ലാവൎക്കും അറിവുള്ളതാണെല്ലൊ.

നമ്മുടെ നാട്ടിലെ പരീക്ഷകളെക്കാൾ വളരെ കട്ടപ്പമേറിയ പരീക്ഷകൾക്കു ജൎമ്മൻവിദ്യാൎത്ഥികൾ വിധേയരാകണം. അഭ്യസനമാൎഗ്ഗങ്ങളും നമ്മുടേതിനെ അപേക്ഷിച്ചു ജൎമ്മൻകാരുടേതു വളരെ ഉയൎന്നതരത്തിലുള്ളതാണ്. സംസ്കൃതം തുടങ്ങിയ പൗരാണികഭാഷകളുടെ പഠനം ജൎമ്മനിയിൽ വളരെ അഭിവൃദ്ധിപ്രാപിച്ചിരുന്നു. എന്നാൽ ഈയ്യിടെയായി അതിനു സ്വല്പം ഇടിവുകാണുന്നുണ്ട്. സാമ്പത്തികവിഷമതകൾ ഇതിനു ഒരു കാരണമാണെങ്കിലും ജീവിതത്തിൽ ആവശ്യമുള്ളമാൎഗ്ഗങ്ങളിൽ സവ്വശ്രദ്ധകളും ചെലുത്തികൊണ്ടുള്ള ഇന്നത്തെ അവരുടെ വിദ്യാഭ്യാസഗതിതന്നെയാണ് അതിനുള്ള പ്രധാനകാരണം.

## അദ്ധ്യാപകധൎമ്മം

(കടവൂർ കുഞ്ഞുകൃഷ്ണപിള്ള)

അദ്ധ്യാപകരേയും അവരുടെ ധൎമ്മങ്ങളേയും സംബന്ധിച്ച് എന്തെങ്കിലും പറയുമ്പോൾ പണ്ടത്തെ ഗുരുക്കന്മാരേയും അവരുടെ ധൎമ്മങ്ങളേയും സംഘടിപ്പിച്ച് ഒരു നിരൂപണത്തിനു സന്നദ്ധമാകുക സാധാരണമാണല്ലൊ. ഇന്നത്തേയും അന്നത്തേയും ഗുരുക്കന്മാരുടെ അറിവിനും കഴി

വിനും വിദ്യാഭ്യാസമുറകൾക്കും സാരമായ വ്യത്യാസമുള്ളതിനാൽ താദൃശ നിരൂപണം കേവലം ഉപേക്ഷിക്കാതെ തരമില്ല.

അദ്ധ്യാപകന് ഒരു ചുമതലയുണ്ട്. അതിന് ഉദ്യോഗമെന്നു പറയുന്നതിനേക്കാൾ സേവനം എന്നു പറയുന്നതു നന്നാണെന്നു തോന്നുന്നു. ഈശ്വരാരാധനയും തദ്വാര ശാശ്വതമായ ലോകസേവനവുമാണ് അദ്ധ്യാപകനുള്ളതു്. ലോകരംഗത്തിൽ വിവിധനടന്മാരുണ്ടല്ലൊ. ആ നാടകത്തിലെ രാജാപാർട്ടുകാരായി അഥവാ പ്രധാനവേഷക്കാരായി അവരെ ആരും എണ്ണുന്നില്ലല്ലൊ എന്ന് അവർ സ്വയം വ്യസനിക്കുന്നുണ്ടാവാം. ഈ കണ്ണുനീരില്ലാത്ത കരച്ചിൽ അസ്ഥാനത്തിലുള്ളതാണെന്നേ പറയാനുള്ളു. അദ്ധ്യാപകധമ്മം അവർ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ മാന്യമായി നിറവേററുകയാണ്. ഒരാൾ പ്രാപ്തിയേറിയ ആളായിരിക്കാം. തദനുസരണമായ ജോലിയും ആദായവും അയാൾക്കു ലഭിച്ചില്ലെന്നുവരാം. പ്രാപ്തികുറഞ്ഞ ഒരാളിന് ഉയന്ന ഉദ്യോഗവും ശമ്പളവും ലഭിച്ചു എന്നുവരാം. ഇനിയൊരാൾ പ്രാപ്തികുറഞ്ഞ ഒരാളിൻെറ വരുതി അനുസരിച്ചു നടക്കാൻ കടമപ്പെട്ടവനായും തീരാം. ഏവംവിധമുള്ള ചിന്താപരമ്പരകൾ അദ്ധ്യാപകനെ അലട്ടരുതു്. അവർ ഒരിക്കലും ഒന്നുകൊണ്ടും ക്ഷോഭിക്കരുതു്. അഹങ്കാരവും അസമാധാനവും അവരെ വഴിപിഴപ്പിക്കരുതു്. ബുദ്ധിപൂവ്വമായി ചിന്തിച്ചാൽ അദ്ധ്യാപകൻ ശാന്തനും സന്മാഗ്ഗനിരതനുമാകും. അവർ അവരുടെ സേവനം യഥാവിധി അനുഷ്ഠിക്കുന്നിടത്തോളംകാലം മററാക്കും വിധേയരല്ല. നേരേമറിച്ചു മററുള്ളവരുടെ ആത്മാത്ഥമായ സ്നേഹബഹുമാനങ്ങൾക്കു പാത്രീഭൂതരാണ്. ഒരാൾ എപ്പോൾ അയാളുടെ ധമ്മങ്ങളെ ധിക്കരിക്കുന്നു, കമ്മങ്ങളിൽനിന്നു വ്യതിചലിക്കുന്നു, അപ്പോൾ അയാളോടു ചോദിക്കാൻ ആളുണ്ടാവും. ചുമതലകളെ ഓമ്മിപ്പിക്കയും വഴികേടിനെ എടുത്തുകാട്ടി നേർവഴി ചൂണ്ടിക്കാണിക്കയും ചെയ്യുമ്പോൾ ജാതിമതാദികളിൽ കടന്നുപിടിച്ചു് 'അധിക്കാരം' 'ധിക്കാരം' എന്നും മററുമുള്ള സ്വാഭിപ്രായങ്ങൾ വാരിക്കോരി വിളമ്പി തെററിനെ ശരിയാക്കാൻ ഒരുങ്ങുന്നതു് അദ്ധ്യാപകന് ഒട്ടും ധമ്മമല്ല. തെററു സമ്മതിക്കുക. മേലാൽ തെററു വരാതെ സൂക്ഷിക്കുക. ഉപദേഷ്ടാവാരായാലും അദ്ദേഹത്തെ ഗുരുവായി സ്വീകരിക്കുക. ഇതാണ് അദ്ധ്യാപകധമ്മം.

ഭംഗിയായ നോട്ടു് കൃത്യമായി എഴുതി തക്കസമയത്തു സ്കൂളിൽ ഹാജരായി അദ്ധ്യയനംനടത്തി വിദ്യാത്ഥികളുടെ അകൈതവമായ ബഹുമാനം ആജ്ജിക്കുന്ന ഒരു അദ്ധ്യാപകൻ സവ്വത്രസംപൂജ്യനാണല്ലൊ. അദ്ദേഹത്തെ പരിശോധിക്കുന്ന ഹെഡ്മാസ്റ്ററൊ ഇൻസ്പെക്ടരൊ അദ്ദേഹത്തെ

പ്രശംസിക്കയും മററുള്ളവരുടെ മുമ്പിൽ അദ്ദേഹത്തെ അവതരിപ്പിച്ച് അദ്ദേഹത്തിൻെറ മാഹാത്മ്യങ്ങൾ വിശദീകരിക്കയും ചെയ്യുമെന്നുള്ളതിൽ സംശയമില്ല. ഇവിടെ ജാതിയൊ മതമൊ, നിർധനത്വമൊ ഒന്നും ചിന്താവിഷയമല്ല. ഈ അദ്ധ്യാപകനു ഇൻസ്പെക്ടരൊ, ഹെഡ്മാസ്റ്ററൊ മേലാളല്ല. അവരുടെ ഹൃദയത്തിൽ അവർ ഈ അദ്ധ്യാപകനെ ഒരുവിധത്തിൽ മേലാളായി ബഹുമാനിക്കുന്നുണ്ടെന്നുള്ളതു വിസ്മരിക്കത്തതക്കല്ല. ഉദ്യോഗം താണതെന്നു വ്യവഹരിച്ചാലും ശമ്പളം അല്പമായാലും ചെയ്യേണ്ട ജോലി ശരിക്കു ചെയ്യുന്നവന് ഒരു മേലധികാരിയില്ലതന്നെ. ഹെഡ്മാസ്റ്ററെന്നോ ഇൻസ്പെക്ടരെന്നോ വച്ചിരിക്കുന്നതു് ഇങ്ങനെയുള്ളവരെ സംബന്ധിച്ചടത്തോളം കേവലം നാമമാത്രാചരണം മാത്രമാകുന്നു.

ആ വള്ളക്കാരൻ, പതിവായി ഈശ്വരഭജനം നടത്തുന്ന കർമ്മയോഗി-സന്ധ്യാകർമ്മം നടത്താനുള്ള സന്മുഹൂർത്തം സമീപിച്ചപ്പോൾ സങ്കോചത്തോടെ വള്ളത്തിലിരുന്ന മാന്യനെ, ആഭിജാത്യവും അന്തസ്സുമുള്ള സംസ്കൃതചിത്തനെ അഭയംപ്രാപിച്ച് അനുവാദത്തിനായി കൈകൂപ്പിനിലകൊണ്ടു. ഭക്തശിരോമണിയായി വള്ളക്കാരൻെറ 'തമ്പ്രാൻ' എന്നുള്ള മധുരമസൃണനാദം, ലോകത്തിൻെറ പരമാർത്ഥം മനസ്സിലാക്കിയ ആ അനുഗൃഹീതപുരുഷൻെറ കരളിനെക്കനിയിച്ചു. അദ്ദേഹത്തിൽനിന്നു പുറപ്പെട്ട "ആരാക്കിഹതമ്പുരാന്മാർ" എന്ന അർത്ഥഗംഭീരമായ മണിനാദം അന്തരീക്ഷത്തെ ചഞ്ചലിപ്പിച്ചു. ആ നേരിയ നിർമ്മലനാദവിലസിത ചാരുസംഗീതസരിത്ത് അവിടെ അവസാനിച്ചില്ല.

"നിൻേറതിലും മുന്തിയതായ് വരാമെ-
ന്നുട്ടപ്പിതാക്കളും കടയിൽക്കിടയ്ക്കും
എന്നാലൊരേ തൂലികകൾകൊണ്ടുനെയ്യു-
തത്രെ നമുക്കംബികതന്നവസ്ത്രം."

ഈ വിശ്രുതവേദാന്തതത്വം അദ്ധ്യാപകനു മാത്രമല്ല ലോകത്തിനു വേണ്ടിയുള്ള ദൈവത്തിൻെറ അരുളപ്പാടാകുന്നു. അതു മഹത്തുക്കളുടെയും പരിശുദ്ധാത്മാക്കളുടെയും ഹൃദയത്തിൽനിന്നു വഴിഞ്ഞൊഴുകി മനുഷ്യജീവിതത്തിൻെറ മാററു വളർത്തുന്നു. സുമുഖനെന്നും, സമ്പന്നനെന്നും, ഉയർന്നജാതിയെന്നും, പ്രതാപവാനെന്നും മററുമുള്ള ലൗകികമോടികളിൽ ഭ്രമിച്ചു നോക്കിലും വാക്കിലും നടപ്പിലും ഇരിപ്പിലും അവ പ്രകാശിപ്പിച്ചു മററുള്ളവരെ അധിക്ഷേപിക്കുന്ന ഒരു കൂട്ടരുണ്ട്. "കൈമുട്ടില്ലാത്തവൻ തട്ടില്ലാത്തവനെ" കുററപ്പെടുത്തുന്ന കഥ നമുക്കു പുത്തരിയല്ലല്ലൊ. അക്കൂട്ടരുടെ കഴിഞ്ഞുപോയതും നിലവിലിരിക്കുന്നതുമായ ജീവിതാദ്ധ്യായങ്ങൾ മനുഷ്യഹൃദയത്തിനു സ്മരിക്കാൻപോലും നിവൃത്തിയില്ലാത്ത മലീമസ

രംഗങ്ങഠം അവരൊന്നോർത്തെങ്കിൽ ഹാ! ഹാ! വനകുസുമംപോലെ അടങ്ങിയൊതുങ്ങി ആർഭാടരഹിതമായി അനുകരിക്കത്തക്ക ആദൎശശുദ്ധിയോടെ കാലം കഴിക്കുന്ന സാധുക്കളെ ചവുട്ടിത്താഴ്ത്താൻ ഒരുങ്ങുമ്പോഠം അവർ നാണംപൂണ്ടു നാട്ടവിട്ടേനെ. അക്രൂരരുടെ വിചാരം അവരുടെ ജീവിതകഥ അന്നും ഇന്നും എന്നും ആരുമാരും അറിയുകില്ലെന്നാണ്. ഇതിൽപരം ഭോഷത്വം എന്താണ്? അവർ യഥാർത്ഥത്തിൽ അദ്ധ്യാപകരല്ല, അവരെ നമുക്കു വിട്ടുകളയാം.

ഈ അവസരത്തിൽ ഇക്കഴിഞ്ഞ കാൺഗ്രസ്സ് സമ്മേളനം സംബന്ധിച്ചുള്ള ഒരു രംഗത്തിലേയ്ക്കു ഒന്നു കണ്ണോടിക്കാം. ഹരിപുരം കാൺഗ്രസ് മന്ദിരവും പരിസരങ്ങളും വെടിപ്പാക്കിയ വേലക്കാരെ സമീപിച്ച് മഹാത്മാവു ചെയ്ത മഹിതവും മധുരവുമായ ഉപദേശം-അന്ധകാരത്തെ സുപ്രഭാതമായി മാററുന്ന കാവ്യകല-കല്ലിനെ കനകമായും മാടത്തെ പൂമേടയായും മാററി മാറെറാലിവളത്തുന്ന ആത്മഗീതം-തൊഴിലാളിയുടെ പരിശുദ്ധരക്തംകൊണ്ടു ലോകജീവിതഗ്രന്ഥത്തിന് തങ്കമഷിപൂശുന്ന ചിചിത്രചിത്രം-ആരെയാണ് കോൾമയിർ കൊള്ളിക്കാത്തതു്. ആ ദിവ്യോപദേശം ആരുടെ ആത്മാവിനെയാണ് പ്രകാശിപ്പിക്കാത്തതു്. നിന്ദ്യമായ തൊഴിൽ ഏതാണ്? ചുമതലപ്പെട്ട തൊഴിൽ വേണ്ടവിധം നടത്താത്തവനല്ലെ നികൃഷ്ടൻ. അവൻെറ തൊഴിലല്ലെ നികൃഷ്ടം.

ജീവിതസംഗീതം; അതാണ് അദ്ധ്യാപകധമ്മത്തിൻെറ മാറെറാലി. സംസ്കാരമാണ് ജീവിതസംഗീതത്തിൻെറ പല്ലവി. സത്യം-ധമ്മം-സാഹോദര്യം-ഭൂതദയ-കത്തവ്യകമ്മം ആദിയായവയാണ് അതിൻെറ ചരണങ്ങഠം. അദ്ധ്യാപകൻ പകന്നുകൊടുക്കുന്ന ജീവിതസംഗീതാമൃതം ബാലഹൃദയങ്ങഠം ആസ്വദിക്കുന്നു. ആ പിഞ്ചുകിടാങ്ങഠം അപശ്രുതിയൊ അപതാളമൊ ഒന്നും അപ്പോഠം അറിയുന്നില്ല. കുഞ്ഞുങ്ങളെ ആത്മനിർവിശേഷം സ്നേഹിക്കുന്ന മാതാപിതാക്കഠം ഉഠംപ്പെടെ ഒരു സംഘം ഈ സംഗീതം സദാ ശ്രദ്ധിച്ചു ശ്രവിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള കഥ വിസ്മരിച്ചുകൂടുന്നതല്ല. സംസ്കാരസമ്പത്തിൻെറ അഭാവംമൂലം അദ്ധ്യാപകധമ്മം മാരുന്നു മറയുന്നു. അതു വരാതിരിക്കാൻ യുവഹൃദയം ശ്രദ്ധിക്കണം, ശ്രമിക്കണം. സംസ്കാരമന്ത്രം ഉരുക്കഴിക്കണം. സത്യവും, നിത്യവും, നിമ്മലവുമായ ജീവിതപാഠങ്ങഠം സ്വായത്തമാക്കണം.

ഭൗതികസമ്പത്താകുന്ന കാട്ടുതീ മോഹിച്ച് ചാടിപ്പറന്നു പറവുന്ന ചിത്രശലഭമല്ല അദ്ധ്യാപകൻ. നാലുനിമിഷം തികച്ചു നിന്നീടാത്ത കോമളപുഷ്പത്തിൻെറ സൗന്ദര്യം ശാശ്വതമായിരിക്കുമെന്നു വിചാരിക്കുന്ന ഹൃദയമല്ല അദ്ധ്യാപകനുള്ളതു്. ഹൃദയശാന്തി; അതത്രെ സംസ്കാരം. അതി

ൻെറ പ്രകാശനമാണു് ജീവിതാധ്യാവിനു് നിത്യാനന്ദാവലംബം. കാട്ടും മേട്ടും കല്ലും മുള്ളും നിറഞ്ഞ വനാന്തർഭാഗത്തുനിന്നു് നിരന്തരം നിർഗ്ഗളിക്കുന്ന നിർമ്മലസരിത്തിൻെറ നിസ്തുലസംഗീതമല്ലെ അദ്ധ്യാപകൻെറ ആനന്ദഗീതം. പൂവിലും പുൽക്കൊടിയിലും പൂനിലാവിലും പൊഴിയുന്ന സാഹിതീസൗകുമാര്യമല്ലെ അദ്ധ്യാപകൻെറ വിശപ്പാററാനുള്ള വിഭവങ്ങൾ: പുഷ്പലതാദികൾകൊണ്ടുള്ള മേൽക്കട്ടികളാൽ അലംകൃതമായ പുൽതകിടികളാകുന്ന പൂംപട്ടിന്മേലല്ലെ അദ്ധ്യാപകൻെറ വിശ്രമം.

രക്ഷാകത്താക്കൾ; അവക്കും അദ്ധ്യാപകനുമായി വലിയ ബന്ധമൊന്നുമില്ലാത്ത മട്ടിലാണല്ലോ ഇന്നു കഴിഞ്ഞുകൂടുന്നതു്. എന്നാൽ അഭേദ്യമായ ഒരു ബന്ധം ഈ രണ്ടുകൂട്ടക്കുമായി ഉണ്ടുതാനും. ഈശ്വരനെ-അഥവാ-ഒരു പരാശക്തിയെ മനുഷ്യനിൽനിന്നു് അതീതമായി സങ്കല്പിച്ചു് ആരാധിക്കുന്നുണ്ടല്ലോ. വാസ്തവത്തിൽ ആ ദിവ്യശക്തി മനുഷ്യനിൽ തന്നെയല്ലെ സ്ഥിതിചെയ്യുന്നതു്. ഇതുപോലെയാണു് മേല്പറഞ്ഞ ബന്ധം. കുട്ടികൾ വഴിയായും മററു വിധത്തിലും അദ്ധ്യാപകൻ മററുള്ളവക്കു് സുപരിചിതനാണു്. സംസ്കാരമുള്ള അദ്ധ്യാപകനെ വാഴ്ത്തുന്നതിലും ഇല്ലാത്തവനെ നിന്ദ്യനെന്നു നീക്കിത്തള്ളാനും അവർ ബദ്ധശ്രദ്ധരാണു്. അദ്ധ്യാപകൻെറ സ്വഭാവനൈമ്മല്യവും, കത്തവ്യകമ്മാനുഷ്ഠാനനിഷ്ഠയും ഒതുങ്ങിയ ജീവിതസമ്പ്രദായങ്ങളും മററും ലോകത്തിനു രുചിക്കത്തക്കവണ്ണമുള്ളതാണെങ്കിൽ അവർ നമ്മുടെ തെററുകൾ സ്നേഹസമന്വിതം ക്ഷമിക്കയും ന്യൂനതകൾ കാണുമ്പോൾ ഉചിതമായ ഉപദേശങ്ങൾനല്കി നമ്മെ സഹായിക്കയും ചെയ്യും.

ഇന്നത്തെ ക്ലാസ്സ്ഭരണത്തിൽ അദ്ധ്യാപകൻ തൻെറ ധമ്മം എങ്ങനെ നിറവേററണമെന്നുള്ളതാണു് അടുത്തതായി എനിക്കു പറഞ്ഞു് അവസാനിപ്പിക്കാനുള്ളതു്. ഒരേമ്മ ഞാൻ ഇവിടെ കുറിക്കാം. അതു ഒരു നേരമ്പോക്കായി മാത്രം കരുതിയാൽമതി. ഒരദ്ധ്യാപകൻ ക്ലാസ്സിൽവച്ചു കുട്ടികളോടു് ഇപ്രകാരം പറഞ്ഞു. 'ആരായാലും ശരി. ക്ലാസ്സിലിരുന്നു് ഉറങ്ങിയാൽ ചെവിക്കു പിടിച്ചു് എഴുനേല്പ്പിക്കണം.' ഒരവസരത്തിൽ ഈ അദ്ധ്യാപകൻതന്നെ ക്ലാസ്സിലിരുന്നു് ഉറങ്ങാനിടയായി, ഫലിതരസികനായ ഒരു കുട്ടി അപ്പോൾ അദ്ധ്യാപകൻെറ ചെവിക്കുപിടിച്ചുണത്തി; അദ്ധ്യാപകരെ പരിഹസിക്കാനായുള്ള പല കഥകളുടെ കൂട്ടത്തിൽ ഒന്നൊന്നല്ലാതെ ഇതു് സംഭവിച്ചതായി ആരും കരുതണമെന്നില്ല. പക്ഷെ ഈ കഥയിൽനിന്നു് ഒന്നു പഠിക്കാനുണ്ടു്. അദ്ധ്യാപകന്മാർ അവരുടെ ധമ്മം യഥാവിധി നിർവഹിക്കുന്നില്ലെന്നുള്ള ഒരു അറിയിപ്പാണു് ഇതു്.

മണി അടിച്ചു. അദ്ധ്യാപൻ ക്ലാസ്സിൽ ഹാജരായി. കുട്ടികളുടെ ഹാജർപതിച്ചു. പിന്നീടു പുസ്തകമെടുക്കു; വായിക്കു; കണക്കെഴുതുക എന്നു് ആജ്ഞകൊടുക്കും. ചിലർ തലേദിവസംവരാത്ത കുട്ടികളെപ്പററി അന്വേഷിച്ചുശേഷം പാഠത്തിലേയ്ക്കു പ്രവേശിക്കും. ഏറെക്കുറെ ഇങ്ങനെയാണെല്ലോ ഇന്നത്തെ ക്ലാസ്സാരംഭം. അദ്ധ്യാപകൻ ക്ലാസ്സിൽ പ്രവേശിച്ചാൽ ഉടൻ സ്നേഹസൂചനയോടും എന്നാൽ ഗൗരവം വിടാതെയുമുള്ള ഒരു പുഞ്ചിരിയോടുകൂടിയ നോട്ടംമൂലം കുട്ടികളെ ആകർഷിക്കണം. സാർ ഓരോരുത്തരെയും സൂക്ഷിക്കുന്നു എന്നു് ഓരോകുട്ടിക്കും തോന്നണം. നോട്ടം എല്ലാവരിലും പതിഞ്ഞതിനുശേഷം അദ്ധ്യാപകൻ യഥാസ്ഥാനത്തു് ഇരിക്കയും കുട്ടികൾ അദ്ധ്യാപകനെ അനുസരിക്കയുംവേണം. ഹാജർപുസ്തകത്തിൽ കൈയ് വയ്ക്കുന്നതിനുമുമ്പായി പല്ലുതേയ്ക്കാത്തവർ കുളിക്കാത്തവർ, വൃത്തികെട്ട വസ്ത്രംധരിച്ചവർ, ഒളിച്ചുപോയവർ, വരാത്തവർ, ആഹാരംകഴിക്കാത്തവർ, സാംക്രമികരോഗികൾ ആദിയായവരെ തെരഞ്ഞുപിടിച്ചു് ഉചിതമായ പരിഹാരം ദയാപൂർവ്വം ചെയ്യണം. ഇതു് അദ്ധ്യാപകൻെറ ക്ലാസ്സുഭരണത്തിലെ ഏററവും മുഖ്യമായ ദൈനംദിനകൃത്യമായി കരുതേണ്ടതാണു്. കുട്ടികളിൽ കാണുന്ന ന്യൂനതകളിൽ അപ്പഴപ്പോൾ പരിഹരിക്കാവുന്നതു് ഉടനടി പരിഹരിച്ചും അല്ലാത്തവ അവസരംനൽകി നേരെയാക്കിയുംവേണം അദ്ധ്യാപകൻ ക്ലാസ്സുഭരണം നടത്തേണ്ടതു്. 'ഇതിനെല്ലാം സമയമെവിടെ? പാഠം തീരണ്ടേ!,' എന്നു് ഒരു ചോദ്യം ഈ അവസരത്തിലുണ്ടാവാം. വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണമാണെല്ലോ വിദ്യാഭ്യാസത്തിൻെറ മുഖ്യവശം. ജീവിക്കേണ്ടുന്ന സമ്പ്രദായം ഓരോപ്രായത്തിലും ഗ്രഹിച്ചു സാമാന്യമായെങ്കിലും ആചരിച്ചില്ലെങ്കിൽ പിന്നെ അവൻ നേർവഴിയിൽ എങ്ങനെ ജീവിക്കും. പുസ്തകത്തിലുള്ളതു് ജീവിതഗ്രന്ഥത്തിൽനിന്നു് അല്പാല്പമായി പകർത്തിയതാണെല്ലോ. അവർ അനുസരിക്കണമെന്നു് അവരെ നാം ഉൽബോധിപ്പിക്കുന്നതു് അവരുടെ ജീവിതത്തിന്നു് അത്യന്തം ഉപകരിക്കുന്ന കാര്യങ്ങളല്ലെ. അതിനാൽ കുട്ടികളുടെ ദൈനംദിനാത്യാവശ്യകൃത്യങ്ങളിൽ അദ്ധ്യാപകൻ അത്യന്തം ശ്രദ്ധാലുവായിരിക്കണമെന്നും, ദിവസംപ്രതി അതിനാവശ്യമുള്ള സമയം എടുത്തു വേണ്ടുന്നിർദ്ദേശങ്ങൾ നല്കാൻ ഒട്ടും മടിക്കരുതെന്നുമാണു് എൻെറ അഭിപ്രായം.

അടിക്കടി ക്ലാസ്സിലും വെളിക്കും വഴക്കുണ്ടാക്കുന്ന ചില കുസൃതികളെയും, ക്ലാസ്സുജോലിചെയ്യാത്ത ചില അലസന്മാരെയും, മോഷണത്തിൽ

താല്പര്യമുള്ള ചില കുടിലമതികളെയും നേരെയാക്കുന്നതിലാണ് അദ്ധ്യാപകൻെറ സാമർത്ഥ്യം തികച്ചും പ്രകാശിക്കേണ്ടതു്. ഇക്കൂട്ടരിൽ ചിലരെ നന്നാക്കാൻ ചതുരുപായങ്ങളും പോരാതെയാണിരിപ്പു്. മേൽപ്പറഞ്ഞവരെ ചുററിപ്പററിനടക്കയാണ് അദ്ധ്യാപകനെന്നു് അവൎക്കുതന്നെ ഒരു തോന്നൽ ഉണ്ടാക്കണം. അവരെ തൻെറ പിടിയിൽനിന്നും വിടാതെ സ്നേഹമസൃണമായ ഉപദേശങ്ങൾകൊണ്ടു നന്നാക്കാൻനോക്കണം. കുട്ടിയും രക്ഷാകൎത്താവും അദ്ധ്യാപകനും ചേൎന്നുള്ള സമ്മേളനങ്ങൾ കൂടെക്കൂടെ കൂടണം. വാദിപ്രതികളും സാക്ഷികളുമായുള്ള കുട്ടികളും ന്യായാധിപനായ അദ്ധ്യാപകനും ചേൎന്നുള്ള കോടതികളും മുറയ്ക്കുനടക്കണം. ഈ അവസരത്തിൽ ഒരു വിഷമം നേരിടാനിടയുണ്ടെന്നുള്ളതുകൂടി ഓൎക്കുന്നു. 'നിങ്ങളുടെ കുട്ടിയെപ്പററി ചിലതു ധരിക്കാനുണ്ടു്. ഇവിടംവരെ ഒന്നു വന്നാൽകൊള്ളാം' എന്നു രക്ഷകനെ അറിയിച്ചാൽ 'എനിക്കു ജോലിയുണ്ടു്'. ഇപ്പോൾ വരാൻ സമയമില്ല, എന്നൊരു സമാധാനമായിരിക്കും അദ്ധ്യാപകനു ലഭിക്കുന്നതു്. നേരെമറിച്ചു പോലീസ് ഡിപ്പാർട്ടുമെൻറിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ അന്വേഷിക്കുന്നതായി ആരെങ്കിലുമൊന്നു പറഞ്ഞുകേട്ടാൽ ആ നിമിഷം ജോലിനിൎത്തി ശുപാർശയ്ക്കു് ഒരാളുമായി അവിടെ എത്തുകയായി. ഇതാണു ചില രക്ഷകൎത്താക്കളുടെ നില.

അക്ഷരാഭ്യാസത്തിനല്ല ജീവിതാഭ്യാസത്തിനു കച്ചകെട്ടിവന്നിരിക്കുന്ന കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും സന്മാൎഗ്ഗനടപടികളിലും അതുവളരെ ശ്രദ്ധിക്കാറില്ലാത്തതുകൊണ്ടാണ് ഇത്രയും പ്രസ്താവിക്കാനിടയായതു്, അദ്ധ്യാപകധൎമ്മത്തെ ആദരിച്ചും, അദ്ധ്യാപകൻെറ പ്രശസ്തമായ ഭരണസാമൎത്ഥ്യത്തെ മുൻനിറുത്തിയും, രക്ഷകൻെറ നിരന്തരനിശിതാന്വേഷണത്തെ ആധാരമാക്കിയുമുള്ള ഭരണം അദ്ധ്യപകനു് അത്യന്തം വിജയകരമായിരിക്കും.

# ബോധനോപായങ്ങൾ

(മാത്യൂ എം. കുഴിവേലി ബി. എ., എൽ. ടി.)

ഫലപ്രദമായ ബോധനത്തിനുപയുക്തമായ മാൎഗ്ഗങ്ങളെല്ലാം ബോധനോപായങ്ങളാണ്. അദ്ധ്യാപകന്റെ ആംഗ്യം, നാട്യം, ഭാവം മുതലായ വ്യക്തിസഹജമായ ഗുണങ്ങൾകൂടാതെ ശ്രേഷ്ഠമായ വിജ്ഞാനവിനിമയത്തിന് അനുവൎത്തിക്കുന്ന വഴികളെല്ലാമാണ് അദ്ധ്യാപനരീതികൾ. ഉപായങ്ങളുടെ പ്രയോഗം, സന്ദർഭത്തേയും സാഹചൎയ്യങ്ങളേയും, പ്രതിപാദ്യവിഷയങ്ങളുടെ സ്വഭാവത്തേയും ആശ്രയിച്ച് യുക്ത്യനുസരണം വേണ്ടതാകയാൽ അവയ്ക്കു നിശ്ചിതവും, നിർബന്ധവുമായ നിയമങ്ങൾ സൃഷ്ടിക്കുന്നതു ഭംഗിയല്ല. ആധുനിക വിദ്യാഭ്യാസശാസ്ത്രങ്ങളിൽ പ്രസിദ്ധങ്ങളായ അനേകം രീതികളെപ്പററി പ്രസ്താവിച്ചിട്ടുണ്ട്. അവയുടെ നവീനത്വമോ, നാമധേയഭംഗിയോ, ശബ്ദസാരള്യമോ, മാത്രം കൊണ്ട് അവയെ മുക്തകണ്ഠം പ്രശംസിക്കുന്നതു് അല്പജ്ഞാനത്തിന്റേയും അപക്വബുദ്ധിയുടേയും മാത്രം ലക്ഷ്യമാണ്. സാധനരീതി, പ്രസ്താവരീതി, പ്രസംഗരീതി, ഉദാഹരണരീതി, പ്രശ്നോത്തരരീതി, ഗവേഷണരീതി, പ്രവൎത്തനരീതി, കിൻറർഗാർട്ടൻരീതി, പ്രോജക്റ്റ്‌രീതി, കളിരീതി, മോഗാരീതി, ഗാരിസിസ്റ്റം എന്നിങ്ങനെ അസംഖ്യം രീതികൾ ശിക്ഷാക്രമപാഠശാലയിലെ അദ്ധ്യാപകവിദ്യാൎത്ഥിയെ അഭിമുഖീകരിക്കുന്നുണ്ട്. പാശ്ചാത്യവിദ്യാഭ്യാസനേതാക്കന്മാർ കണ്ടുപിടിച്ചു പ്രഖ്യാപനംചെയ്തിട്ടുള്ള ഈ രീതികളെല്ലാം തന്നെ അവരുടെ സാഹചൎയ്യങ്ങൾക്കും, ആവശ്യങ്ങൾക്കും, ഏററക്കുറെ അനുയോജ്യമായിരിക്കും. എന്നാൽ അവയെപ്പററി പ്രമാണപരമായി മാത്രം ചിലതു പഠിച്ചിട്ടും നമ്മുടെ വിദ്യാലയങ്ങളിലെ പ്രതികൂലസാഹചൎയ്യങ്ങൾ കൊണ്ട് പ്രസ്തുതരീതികളൊന്നും അനുവൎത്തനീയമല്ലെന്നുള്ള സമാധാനമൂടുപടം കൊണ്ടു നമ്മുടെ പ്രായോഗികമായ അജ്ഞതയെ ഗോപനംചെയ്യുവാൻ മുതിരുന്നതു ശരിയല്ല. ബോധനോപായങ്ങളും, രീതികളും, അവയുടെ അടിസ്ഥാനതത്വങ്ങളും ഹൃദിസ്ഥമാക്കിക്കൊണ്ടു വിവേകപൂൎവ്വം സന്ദർഭാനുസരണം സ്വതന്ത്രമായി അവലംബിക്കുന്ന രീതിയോ, അഥവാ, രീതികളോ ആയിരിക്കും ഉത്തമം. അപ്രകാരംചെയ്യുന്നതിൽ കുറെ വിഷമമുണ്ട്. ശാസ്ത്രപ്രോക്തമായ രീതികളേയും അവയുടെ പ്രമാണപരവും, പ്രയോഗപരവുമായ സാരങ്ങളേയും സംശയലേശംകൂടാതെ മനസ്സിലാക്കിയതിനു ശേഷം നമുക്കഭിമുഖീകരിക്കേണ്ട പരിതഃസ്ഥിതികളെ അപഗ്രഥനം ചെയ്തു വ്യതിയാനങ്ങളോ, പരിഷ്കാരങ്ങളോ അവശ്യ

ഢമായി ആലോചിച്ചു കണ്ടുപിടിച്ചു പരീക്ഷിച്ചതിനുശേമൽ മാത്രമേ ശ്രേഷ്ഠങ്ങളും, സ്വായത്തങ്ങളുമായ രീതികൾ ഉണ്ടാവുകയുള്ളൂ. തത്വങ്ങൾ പഠിക്കുന്നതു തത്വങ്ങളെ സമ്പാദിക്കാൻമാത്രമല്ല; പ്രയോഗത്തിൽ മാൎഗ്ഗദൎശകമായിരിക്കുകയാണ് അവയുടെ പ്രധാന ഉപയോഗം. അതുപോലെ പലവിധമായ രീതികളെപ്പററി പഠിക്കുന്നതും, അവയെ പ്രത്യേകമായി ഉപന്യസിക്കുന്നതിനോ പ്രസംഗിക്കുന്നതിനോ മാത്രമല്ല. നമുക്കു പഠിപ്പിക്കുവാനുള്ള വിഷയത്തിൻെറ പ്രകൃതം, നമ്മുടെ ജ്ഞാനപരിധി, ബോധനപ്രാഗത്ഭ്യം, പഠിതാക്കളുടെമനോവികാസം, അവരുടെ മുന്നറിവുകൾ എന്നിങ്ങനെയുള്ള നമ്മുടെ സാഹചൎയ്യങ്ങളെ ഓരോ രീതികളോടും തുലനം ചെയ്തു സ്വീകാൎയ്യമായവയെ സ്വീകരിക്കുകയും വ്യത്യസ്തങ്ങളെ നിരസിക്കുകയും ചെയ്യുന്നതിനാണു നാം വിവിധരീതികളും, അവയുടെ പ്രകൃതങ്ങളും മനസ്സിലാക്കുന്നതു്.

അദ്ധ്യാപനത്തിൽ ചിരപരിചയവും, വിദ്യാൎത്ഥികളുടെ മനസ്തത്വശാസ്ത്രത്തിൽ സാമാന്യാതീതമായ പരിജ്ഞാനവും സമ്പാദിച്ചിട്ടുള്ള അദ്ധ്യാപക മഹത്തുക്കളാണ് ഓരോ രീതിയുടേയും കൎത്താക്കൾ. മഹാത്മാക്കളുടെ ജീവചരിത്രപഠനം സാധാരണന്മാരിലും മഹൽഗുണങ്ങളുടെ കണികകളെ പ്രോജ്വലിപ്പിക്കുന്നതിനു പൎയ്യാപ്തമായിത്തീരുന്നതുപോലെ മഹത്തുക്കളായ അദ്ധ്യാപകസാൎവ്വഭൗമന്മാർ അവലംബിച്ച മഞ്ജുപഥങ്ങൾ നമ്മുടേയും യാത്രാക്ലേശങ്ങളെ കുറയ്ക്കാതിരിയ്ക്കയില്ലെന്നു സകാരണം സമ്മതിക്കാവുന്നതാണ്. എങ്കിലും ഒരു പ്രധാനസംഗതി പ്രത്യേകം ഗൗനിക്കേണ്ടതുണ്ടു്. മാൎഗ്ഗം എത്ര വീതികൂടിയതും സുഗമവുമായിരുന്നാലും കണ്ണുമടച്ചു നടന്നാൽ അപകടമുണ്ടാകാതിരിക്കുകയില്ല. അതിനാൽ നയനങ്ങൾ തുറന്നുകൊണ്ടുതന്നെ സഞ്ചരിക്കണം.

അദ്ധ്യാപനരീതികളെല്ലാംതന്നെ ശാസ്ത്രീയമായ ചില തത്വങ്ങളിന്മേലാണ് അടിയുറപ്പിച്ചിരിക്കുന്നതു്. ആ തത്വങ്ങൾ കണ്ടുപിടിച്ചു് അവയെ അവലംബിക്കുന്നതാണ് ബുദ്ധിപൂൎവ്വകം. അപ്രകാരം ചെയ്തു കണ്ടുപിടിക്കുന്നതാണ് ഉത്തമമായ ഉപായങ്ങൾ. അദ്ധ്യാപനരീതികളിൽ സംഗ്രസ്തമായിരിക്കുന്ന ഉപായങ്ങളിൽ പ്രധാനമായ ചിലവയെപ്പററി വഴിയെ പ്രസ്താവിക്കാം.

തൂലികയെടുത്തിരിക്കുന്ന ഒരാളിന് എഴുതുന്നതിനാവശ്യമായതു് കടലാസ്സാണല്ലോ. പ്രബോധനസന്നദ്ധനായ ഒരദ്ധ്യാപകന് ആവശ്യം ലഭ്യമാകേണ്ടതു വിദ്യാൎത്ഥിയുടെ മനസ്സാണ്. അദ്ധ്യാപനചിത്രങ്ങളുടെ പശ്ചാത്തലമാണ് വിദ്യാൎത്ഥിമാനസം. വിജ്ഞാനവിനിമയത്തിനുമുമ്പാ

യി അദ്ധ്യേതാവിൻെറ മനോകംഭവകത്ത്റങ്ങളെ യഥായോഗ്യം തുറക്കണം. എന്നിട്ട് അതിലേക്കു ജ്ഞാനപീയൂഷം ചൊരിയുക. അതാണു വേണ്ടതു്.

അദ്ധ്യപകൻെറ ശ്രമം ഫലവത്തായോ എന്നു സംശയം തോന്നുമ്പോൾ കുട്ടികളോടു സാധാരണ ചോദിക്കുന്നതു് 'മനസ്സിലായോ' എന്നാണല്ലോ. മനസ്സിലേയ്ക്കാകുന്ന—പ്രവേശിക്കുന്ന രീതിയാണു് എല്ലാരീതികളിലും ശ്രേഷ്ഠം. മനസ്സിനു സ്വതേതന്നെ ജ്ഞാനം സമ്പാദിക്കുവാൻ സൗകര്യമുള്ള രീതി തന്നെയാണു് ഉത്തമമായ രീതി. ഈ മൂലരീതിയാണു മററെല്ലാം രീതികളുടേയും നിദാനം. ഇതിൽനിന്നു പൊട്ടിപ്പുറപ്പെട്ടിട്ടുള്ള ശാഖോപശാഖകൾ മാത്രമാണു് മററുള്ള രീതികൾ. അദ്ധ്യാപനോപായങ്ങൾ ഈ രീതിയിലേയ്ക്കുള്ള മാഗ്ഗദശികൾ മാത്രമാകുന്നു.

ഏതെങ്കിലും ഉപായങ്ങൾ ഉപയോഗിക്കുന്നവൻ ആദ്യമായി ചെയ്യുന്നതെന്താണു്. പ്രതിപക്ഷസേനയോടെതിരിടാൻ ഉദ്ദേശിക്കുന്ന സൈന്യാധിപൻ പ്രതിയോഗികളെ തോല്പിക്കുന്നതിനു പല ഉപായങ്ങളും മനസ്സിൽ ചിന്തിച്ചു്, ഓരോന്നിൻെറയും പ്രായോഗികഫലങ്ങളെപ്പററി പലയാവത്തി വിശകലനം ചെയ്യുന്നു. അതുപോലെ അദ്ധ്യാപകനും മുൻകൂട്ടിയുള്ള ചിന്താപദ്ധതിയാണു് ആദ്യം അവലംബിക്കേണ്ടതു്. എന്താണു് പഠിപ്പിക്കാൻ തുടങ്ങുന്നതെന്നും, എങ്ങിനെയാണു പഠിപ്പിക്കേണ്ടതെന്നും, എന്തിനാണതു പഠിപ്പിക്കുന്നതെന്നും, ഗാഢമായും, അവധാനപൂവ്വമായും ചിന്തിച്ചു നിശ്ചയിക്കണം. പാഠവിഷയത്തിൻെറ സ്വഭാവമനുസരിച്ചു ബോധനോപായങ്ങളും, രീതികളും വ്യത്യാസപ്പെടാവുന്നതാണു്. ഇന്ന പാഠത്തിനു് ഇന്ന രീതിയേ പാടുള്ളുവെന്നു് കക്ശമായ യാതൊരു ശാസനവുമില്ല. ഒരു പാഠത്തിനു് ഒരു രീതിയേ പാടുള്ളുവെന്നു് പ്രബോധനസംഹിതയിൽ കാണുകയില്ല. ഒരു പാഠത്തിൽ പല രീതികളും, വിവിധങ്ങളായ ഉപായങ്ങളും പലപ്പോഴും പ്രയോഗിക്കേണ്ടതായി വരും. അതിനാൽ രീതികളെപ്പററി പഠിക്കുന്നതിനേക്കാൾ വിജയകരമായ അദ്ധ്യാപനത്തിനാവശ്യമായിട്ടുള്ളതു് അവയിലന്തർഭവിച്ചിരിക്കുന്ന മൗലികമായ തത്വങ്ങളാണു്. അവയിൽ പ്രധാനമായ ചിലവയെ താഴെ ചേക്കുന്നു.

1. വിദ്യാത്ഥികളുടെ പരിതഃസ്ഥിതികൾക്കും, ജ്ഞാനപരിധിക്കും മനശ്ശക്തിക്കും അനുസൃതമായി എല്ലാപ്പാഠങ്ങളേയും പ്രഥമതഃ ക്രമപ്പെടുത്തിയിരിക്കണം.

2. പാഠത്തിലെ വിഷമഘട്ടങ്ങൾ ശരിയായ ക്രമത്തിൽ പ്രദശിപ്പിക്കുകയും അവ ഓരോന്നും പ്രത്യേകമായി പരിഹരിക്കുകയും ചെയ്യുക.

3. നിവൃത്തിയുള്ളടത്തോളം വിഷമതകളെ വിദ്യാൎത്ഥികളെക്കൊണ്ടുതന്നെ പരിഹരിപ്പിക്കണം. അദ്ധ്യാപകസഹായം കൂടാതെ വിദ്യാൎത്ഥിക്കു സാധിക്കാവുന്ന യാതൊരുകാൎയ്യവും അദ്ധ്യാപകൻ ചെയ്തുകൊടുക്കരുതു്. കഴിയുന്നതും പഠിതാക്കളുടെ സ്വന്തമായ പരിശ്രമങ്ങളെയും, സ്വന്തമായ സഹായങ്ങളേയും പ്രേരിപ്പിച്ചു് സ്വാശ്രയശീലം പരിപോഷിപ്പിക്കണം.

4. സകല വിജ്ഞാനവും സ്വീകരിക്കുന്നതു പഞ്ചേന്ദ്രിയങ്ങൾ വഴിയാകയാൽ കഴിയുന്നിടത്തോളം എല്ലാഇന്ദ്രിയങ്ങളേയും ഉപയോഗപ്പെടുത്തേണ്ടതാകുന്നു. പ്രസരിപ്പും, ജിജ്ഞാസയും ശിശുക്കളുടെ ജന്മസിദ്ധമായ പ്രേരണകളാകയാൽ അവയെ കഴിയുന്നതും അദ്ധ്യാപനത്തിൽ ഉപയോഗിച്ചു വിജയംനേടേണ്ടതാണു്.

5. പ്രഥമമായി നൽകുന്ന ആശയങ്ങൾ കഴിയുന്നിടത്തോളം പരിപൂൎണ്ണവും ശരിയുമായിരിക്കണം. ഒരിക്കൽ പഠിച്ചതു പിന്നീടു തിരുത്തി പഠിക്കാൻ ഇടയാക്കരുതു്.

6. ആവൎത്തനവും, പരിശോധനയും, ആവശ്യമുള്ള ഘട്ടങ്ങളിലെല്ലാം ഉപയോഗിക്കണം. പ്രസംഗംകൊണ്ടു അദ്ധ്യാപനം നിൎവ്വഹിക്കാതെ ആവുന്നിടത്തോളം പ്രശ്നോത്തരങ്ങൾ പ്രയോഗിക്കണം. ഓരോ പാഠത്തിൻേറയും അവസാനത്തിൽ പഠിച്ചിടത്തോളം ഭാഗം അപഗ്രഥിച്ചു പ്രദൎശിപ്പിക്കയും ആവൎത്തിച്ചു സ്ഥിരീകരിക്കയും ചെയ്യുക.

7. അദ്ധ്യാപകനും അദ്ധ്യേതാവുമായുള്ള പരസ്പരസഹകരണത്തിനു് ഒരിക്കലും അഭാവം ഉണ്ടാകരുതു്.

8. പുതിയ ഒരുസംഗതിപഠിപ്പിക്കാൻ തുടങ്ങുമ്പോൾ ആദ്യമായി വിദ്യാൎത്ഥികളുടെ മനസ്സിനെ അതിനായി ഒരുക്കണം. അനന്തരം പാഠത്തിൻേറ ഉദ്ദേശം പ്രസ്താവിക്കണം. പിന്നീടു പാഠത്തെ ശരിയായരീതിയിൽ പ്രദൎശിപ്പിക്കേണ്ടതാണു്. ഒടുവിൽ അതിനെ അപഗ്രഥിച്ചു ആവൎത്തിച്ചു പരിശോധിക്കണം.

അദ്ധ്യാപകൻ പ്രാസംഗികനല്ലെന്നുള്ള കാൎയ്യം പ്രത്യേകം സ്മരിക്കണം. തുറന്നുവെച്ചുകൊണ്ടു് അതിലേക്കു വിജ്ഞാനാമൃതം പകരാവുന്ന ഒരുപാത്രമല്ല വിദ്യാൎത്ഥിയുടെ മനസ്സ് എന്നകാൎയ്യം അദ്ധ്യാപകൻ പ്രത്യേകം ഓൎക്കേണ്ടതാണു്. വിദ്യാഭ്യാസം നിശ്ചേഷ്ടമായ ഒരു സ്വീകരണകാൎയ്യമല്ലാ: അതു് ഒരു സ്വയം പ്രവൎത്തനപദ്ധതിയാണു്. ഈ സ്വയംപ്രവൎത്തനത്തെ ഉത്തേജിപ്പിക്കണമെങ്കിൽ വിദ്യാൎത്ഥിയുടെ മനസ്സിനെ തട്ടിയുണ

ത്തി പ്രവത്തിപ്പിച്ചുകൊണ്ടിരിക്കണം. അതായത് ആലോചനയ്ക്കും, ചിന്തയ്ക്കും ഇടവരുത്തിക്കൊണ്ടിരിക്കണം. വിദ്യാത്ഥിയുടെ മാനസികയന്ത്രം പ്രവത്തിച്ചുകൊണ്ടേയിരിക്കണം. ഇതിനുള്ള മാഗ്ഗം അദ്ധ്യാപകന്റെ ചോദ്യങ്ങളാകുന്നു. ചോദ്യങ്ങൾതന്നെ അദ്ധ്യാപനത്തിൽ ഒരു പ്രത്യേകരീതിയായിത്തിന്നിട്ടുണ്ട്. ഇതിനെ ചോദ്യോത്തരരീതിയെന്നും, സോക്രട്ടീസി|ന്റെ രീതിയെന്നും പറഞ്ഞുവരുന്നു. വെറും ചോദ്യോത്തരരീതിയെന്നു പറയുന്നതിനെക്കാൾ ശരിയായിട്ടുള്ളതു്, സോക്രട്ടിക്കരീതിയെന്നു പറയുകയാണു്. അദ്ധ്യാപകന്റെ ചോദ്യരീതിയിൽ വെറും ചോദ്യങ്ങൾ ചോദിക്കുക എന്നുമാത്രമല്ല അന്തർഭവിച്ചിരിക്കുന്നതു്. ചില പ്രത്യേക ഉദ്ദേശങ്ങളോടുകൂടി, ചില പ്രത്യേക മാതിരിയിലുള്ള ചോദ്യങ്ങൾ ചോദിക്കുന്നതാണു സോക്രട്ടീസിന്റെ രീതി.

സോക്രട്ടീസ് അദ്ധ്യാപകലോകത്തിനു് എന്നെന്നേക്കും സജീവമാതൃകയായി പരിലസിക്കുന്ന ഒരു മഹാനാണ്. അദ്ദേഹം ക്രിസ്തുവിനു് ഏകദേശം നാലിൽപരം ശതാബ്ദങ്ങൾക്കുമുമ്പു് ആതൻസ് (Athens) എന്ന നഗരത്തിൽ ജീവിച്ചിരുന്നു. ആതൻസ് അക്കാലത്തു പരിഷ്കാരത്തിന്റേയും, സംസ്കാരത്തിന്റേയും, കേന്ദ്രമായി ലോകം ഗണിച്ചിരുന്നു. അക്കാലത്തെ ആതൻസിലെ പൗരവൃന്ദത്തേയും വികടതാത്വികന്മാരേയും സാന്മാഗ്ഗികമായും, മാനസികമായും നന്നാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. അക്കാലത്തു് ആതൻസിൽ യഥാത്ഥമായ പാണ്ഡിത്യമില്ലാതെ പണ്ഡിതന്മാരും, താത്വികന്മാരുമാണെന്നു നടിച്ചുനടന്നിരുന്ന ഒരുതരം വികടന്മാരായ തത്വജ്ഞാനികൾ ധാരാളമുണ്ടായിരുന്നു. ഇവരെ പരിഹാസമായി സോഫിസ്റ്റ്സ് എന്നാണു പറഞ്ഞുവന്നിരുന്നതു്. ഈ മാതിരി താത്വികമാന്യന്മാർ കൂടിനില്ക്കുന്ന സ്ഥലങ്ങളിൽചെന്നു് അവരുമായി വാദപ്രതിവാദം ചെയ്കയും, ചോദ്യങ്ങൾകൊണ്ടു് അവരുടെ അജ്ഞത വെളിപ്പെടുത്തി അവരെ ലജ്ജാഭരിതരാക്കുകയും ചെയ്യുന്നതു, സോക്രട്ടീസിന്റെ പ്രധാനമായ ഒരു താല്പര്യമായിരുന്നു. വികടതാത്വികന്മാരുടെ പ്രസ്താവങ്ങൾ പ്രമാദപൂൎണ്ണങ്ങളെന്നും, പൂൎവ്വാപരവിരുദ്ധങ്ങളെന്നും, അവരുടെ പ്രസ്താവനകളെ തുടൎന്നു് ഓരോരോ ചോദ്യങ്ങൾ ചോദിച്ചു സോക്രട്ടീസ് സ്ഥാപിച്ചിരുന്നു. ഇതിൽനിന്നും സാക്രട്ടീസിന്റെ പ്രശ്നങ്ങൾക്കു പ്രഖ്യാതിലഭിച്ചുതുടങ്ങി. പ്രത്യക്ഷപരമായ ബോധനംകൊണ്ടു വിജ്ഞാനപ്രദാനത്തിനു സോക്രട്ടീസ് ഒരിക്കലും ശ്രമിച്ചിട്ടില്ല. എല്ലായ്പോഴും ചോദ്യങ്ങളായിരുന്നു അദ്ദേഹം വിജ്ഞാനലാഭത്തിനുള്ള പ്രധാനമാൎഗ്ഗമായി അവലംബിച്ചതു്. അദ്ദേഹത്തിന്റെ പ്രശ്നങ്ങൾ രണ്ടു പ്രധാനവിഭാഗമായി ഗണിക്കാവുന്നതാ

ണ്. ഒന്നു തത്വസമർത്ഥനവും, മറേറതു തത്വാനുമാനവും. ഇവയിൽ പ്രബോധനത്തിൽ പ്രത്യേകം ഉപയോഗമുള്ളതു തത്വാനുമാനരീതിയിലുള്ള ചോദ്യങ്ങൾകൊണ്ടാണ്. പ്രതിപാദ്യവിഷയങ്ങളെ സംബന്ധിച്ച് അനേകം ഉദാഹരണങ്ങളും, മാതൃകകളും ശേഖരിച്ച് അവയെ പരിശോധിച്ച്, അവയിൽനിന്നു സാമാന്യമായ ഒരു തത്വം അനുമാനിക്കുക എന്നുള്ളതാണ് ഊഹ്യശപ്രശ്നങ്ങളുടെ പ്രകൃതം. ഈ മാതിരി ചോദ്യങ്ങൾ വിദ്യാഭ്യാസപരമായും, മാനസികപരിശീലനപരമായും, വളരെ പ്രയോജനമുള്ളതാണ്. വിദ്യാർത്ഥികൾക്കു സ്വയമേവ പ്രമാണങ്ങളും, തത്വങ്ങളും കണ്ടുപിടിക്കുന്നതിന് ഇതു സഹായകമാണ്. പ്രതിപാദ്യവിഷയത്തെ ശരിയായി അവഗ്രഹണം ചെയ്യുന്നതിന് ഈ തരത്തിലുള്ള ചോദ്യങ്ങൾ ഉപകരിക്കുന്നു. ചോദ്യങ്ങൾ ഓരോന്നായി യുക്തിപൂർവ്വം തുടരുന്നതിനാൽ വിദ്യാർത്ഥിക്കു പരസ്പരബന്ധത്തോടുകൂടിയ ജ്ഞാനം ലഭിക്കുന്നതിനിടയാകുകയും ചെയ്യുന്നു.

സോക്രട്ടീസിൻെറ രീതി, കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാക്ക് അതേപടി പകർത്തുന്നതിനെപ്പോഴും യോജിച്ചതല്ല. എങ്കിലും എല്ലാ കാര്യങ്ങളും കുട്ടികൾക്കു നേരിട്ടു പറഞ്ഞുകൊടുക്കാതെ കഴിയുന്നതും ചോദ്യങ്ങൾകൊണ്ടു് അവരിൽനിന്നു തന്നെ വരുത്തുകയാണുത്തമം. അദ്ധ്യാപകൻെറ പ്രധാനരീതികൾ, പ്രശ്നോത്തരരീതിയും, പ്രസ്താവനയും, വിശദീകരണവും, മാതൃകകളും, വർണ്ണനകളുമായിരിക്കണം. ഇവയാണ് മൗലികമായ അദ്ധ്യാപനോപായങ്ങൾ.

ശരിയായ ചോദ്യങ്ങളുടെ ലക്ഷണങ്ങൾ എല്ലാ അദ്ധ്യാപകന്മാരും അറിഞ്ഞിരിക്കേണ്ടതത്യാവശ്യമാണ്. ഒന്നാമതായി ചോദ്യങ്ങൾ കുട്ടികൾക്കു പ്രയാസം കൂടാതെ മനസ്സിലാക്കാവുന്നവിധത്തിലും, പരിചിതവും, ലളിതവുമായ രൂപത്തിലും ആയിരിക്കേണ്ടതാണ്. പല ഉത്തരങ്ങൾ കിട്ടത്തക്ക ചോദ്യങ്ങൾ സാമാന്യമായി ഉപയോഗിക്കരുത്. ചോദ്യങ്ങൾ എപ്പോഴും ആലോചനാശക്തിയെ പ്രവർത്തിപ്പിക്കണമെന്നുദ്ദേശിച്ചുള്ളവയാകയാൽ ഒരു വക്കിൽമറുപടി കിട്ടുന്ന ചോദ്യങ്ങൾ നല്ലതല്ല. ഉവ്വ്, ഇല്ല എന്ന ഉത്തരങ്ങൾ മാത്രമുള്ളിടത്തു പലപ്പോഴും ആലോചിക്കാതെ വെറും ഊഹത്തെ ആശ്രയിച്ച് ഉത്തരം പറയാൻ ഇടയുണ്ട്. ഒരേതരത്തിലും രൂപത്തിലുമുള്ള ചോദ്യങ്ങൾ അധികം ചോദിക്കരുത്. വിവിധത്വം മററെല്ലാക്കാര്യങ്ങളിലുമെന്നപോലെ ചോദ്യങ്ങളിലും വിസ്മരിക്കാവുന്നതല്ല. തുടർച്ചയായ ചോദ്യങ്ങൾ യുക്തിഭംഗം കൂടാതെയും, പരസ്പരബന്ധത്തോടുകൂടിയും ആയിരിക്കണം ചോദിക്കുന്നതു്. ഇവയ്ക്കു ലഭിക്കുന്ന

ഉത്തരങ്ങൾ ഒന്നിച്ചെഴുതിയാൽ പാഠവിഷയത്തിൻെറ പൂർണ്ണമായ ഒരു ഔട്ട്ലൈൻ ലഭിക്കുന്നവയായിരിക്കണം. അതേ്ാക്തിരൂപത്തിലോ ഉത്തരസൂചനാരൂപത്തിലോ ഉള്ള ചോദ്യങ്ങളും പ്രായേണ വർജ്ജിക്കേണ്ടതാണ്. ചൊടിയായും ചുണയായും ചോദ്യം ചോദിക്കുകയും ഉത്തരം കണ്ടുപിടിക്കുന്നതിനാവശ്യമായ സമയം അനുവദിക്കുകയും ചെയ്യേണ്ടതാണ്. ക്ലാസ്സിൻെറ എല്ലാഭാഗത്തുമുള്ള കുട്ടികളോടു ചോദ്യം ചോദിക്കണം. നമ്പർമുറയ്ക്കോ, ഇരുപ്പുമുറയ്ക്കോ ചോദിക്കുന്നരീതി അഭിലഷണീയമല്ല. ചോദ്യങ്ങൾ എല്ലാവരും കേൾക്കത്തക്കവിധം ചോദിക്കുകയും, ആവർത്തിക്കാൻ ഇടകൊടുക്കാതിരിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്.

ചോദ്യങ്ങൾ കഴിഞ്ഞാൽ പിന്നീടു പ്രബോധനത്തിൽ പ്രാധാന്യമുള്ളതു വിശദീകരണത്തിനാണ്. കുട്ടികളുടെ മനസ്സിലേയ്ക്കു പ്രവേശിയ്ക്കാത്ത ആശയങ്ങളെ ലളിതമാക്കി ലഘുവാക്കി സുഗമമായി മനോപ്രവേശം ചെയ്യിക്കുകയാണ് ഇതിൻെറ ഉദ്ദേശം. ഏതെങ്കിലും വാക്കോ, പ്രസ്താവനയോ ലളിതവും സാധാരണവുമായ ഭാഷയിൽ കുട്ടികളുടെ മാനസികസ്ഥിതിക്കനുസരണമായി പറഞ്ഞുകൊടുക്കുകയാണു വിശദീകരണം. കുട്ടികളുടെ പ്രത്യക്ഷാനുഭവങ്ങളോടു ബന്ധിച്ചും സന്ദർഭോചിതമായി ചിത്രങ്ങളോ, മാതൃകകളോ, ഉദാഹരണങ്ങളോ ഉപയോഗിച്ചും അവ്യക്തമായ സംഗതികളെ വ്യക്തമാക്കുകയാണു വിശദീകരണത്തിൻെറ പ്രധാനഭാഗം. ആശയത്തിൻെറ സ്വഭാവവും, വിഷമതയുടെ പ്രകൃതവും അടിസ്ഥാനമാക്കി ഇതു് സുവ്യക്തമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഭിന്നങ്ങളായിരിക്കാവുന്നതാണ്. ഇതു് ശരിയായും, ഫലപ്രദമായും സാധിക്കുന്നതിന് അദ്ധ്യാപകനു പ്രതിപാദ്യവിഷയത്തെ സംബന്ധിച്ച് പൂർണ്ണമായ അറിവുണ്ടായിരിക്കണം. ലളിതവും, ദൃഢവും, പ്രമാദരഹിതവും, രസഭ്രയിഷ്ടവുമായ ഭാഷയിൽ ആശയങ്ങളെ സുഗമമായി പ്രകാശിപ്പിക്കത്തക്ക പ്രാഗത്ഭ്യവും അദ്ധ്യാപകന് അത്യാവശ്യമാണ്. കുട്ടികൾക്കു സുപരിചിതങ്ങളായ ദൃഷ്ടാന്തങ്ങൾ ധാരാളമായി അദ്ധ്യാപകൻ അറിഞ്ഞിരിക്കണം. വിശദീകരണം എത്രമാത്രം വേണമെന്നു തീരുമാനിക്കുന്നതിനുള്ള ഒരു പ്രായോഗികവൈഭവം അദ്ധ്യാപകന് അപരിത്യാജ്യമാണ്.

വിശദീകരണത്തിൽ സാധാരണയായി താഴെ കാണിക്കുന്ന ന്യൂനതകളാണ് കണ്ടുവരുന്നതു്.

വിഷയത്തിൻെറ പ്രകൃതവും വിഷമതയുടെ ശരിയായ സ്വഭാവവും മനസ്സിലാക്കാതെ പലപ്പോഴും അദ്ധ്യാപകന്മാർ സന്ദർഭത്തിനു യോജിക്കാ

ത്തവിധത്തിൽ വിശദീകരണത്തിനു ശ്രമിക്കാറുണ്ട്. കുട്ടികൾക്ക് അറിയാവുന്നതും, വിശദീകരണം ആവശ്യമില്ലാത്തതും, ചോദ്യങ്ങൾ കൊണ്ടു സാധിക്കാവുന്നതുമായ പലസന്ദർഭങ്ങളിലും വിശദീകരണം അസ്ഥാനത്തു പ്രയോഗിച്ചുവരുന്നു. പ്രതിപാദ്യവിഷയത്തിൻെറ പ്രാധാന്യം വിസ്മരിച്ച് അനാവശ്യമായും അമിതമായും പലപ്പോഴും വിശദീകരിക്കാറുണ്ട്. അദ്ധ്യാപകൻെറ താല്പര്യത്തിലും, പ്രത്യേകപാണ്ഡിത്യത്തിലും ഉൾപ്പെടുന്ന ചില പോയിൻറുകളെപ്പററിയുള്ള വിശദീകരണങ്ങൾ പലപ്പോഴും പ്രതിപാദ്യവിഷയത്തിൻെറ പ്രാധാന്യം വിസ്മരിച്ചുകൊണ്ടാണു ചെയ്യുന്നത്. വാക്കുകളുടെ അർത്ഥവിശദീകരണത്തിനു പലപ്പോഴും അദ്ധ്യാപകന്മാർ പര്യായപദങ്ങൾ നൽകിവരുന്നു. അറിയാൻപാടില്ലാത്ത ഒരു വാക്കിന് അതിനെക്കാൾ വിഷമവും, അപരിചിതവുമായ മറെറാരുവാക്ക് അർത്ഥമായി കൊടുത്തിട്ടു വിശദീകരണം പൂർത്തിയായി എന്നു സമാശ്വസിക്കുന്ന അദ്ധ്യാപകന്മാരും ഇല്ലാതില്ല. ഉപരി പ്രസ്താവിച്ച ന്യൂനതകൾ വിശദീകരണത്തിൽ കടന്നുകൂടാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു.

<u>ചിത്രീകരണം.</u> വിദ്യാർത്ഥികൾക്കു സുഗ്രാഹ്യമാകുന്നതിനും അവക്കു പുതിയജ്ഞാനം സ്വീകരിക്കുന്നതിനിടയാകുന്നതിനുംവേണ്ടി അദ്ധ്യാപകൻ ഉപയോഗിക്കുന്ന എല്ലാഉപായങ്ങളും ചിത്രീകരണത്തിൻെറ വ്യാപകമായ സീമയിൽ ഉൾപ്പെടുന്നു. അവ്യക്തമായ വിജ്ഞാനത്തെ ലളിതവും, പരിചിതവുമായ ആശയങ്ങളോടു ബന്ധിപ്പിക്കുന്നതിലാണ് ചിത്രീകരണത്തിൻെറ പ്രധാന്യം സ്ഥിതിചെയ്യുന്നത്. ദീർഘമായ വിശദീകരണവും, വ്യാഖ്യാനവും ആവശ്യപ്പെടുന്ന ചിത്രീകരണം സ്ഖലിതസമ്പൂർണ്ണവും വർജ്ജനീയവുമായിരിക്കുന്നു. അറിയാവുന്നതിൽനിന്ന് അറിയാൻ പാടില്ലാത്തതിലേയ്ക്കു നയിക്കുകയെന്നും, ലളിതമായതിൽനിന്നും വിഷമമായതിലേയ്ക്കു പ്രവേശിക്കുക എന്നും ആയിരിക്കണം ചിത്രീകരണങ്ങളുടെ പരമമായ ആദർശം.

ചിത്രീകരണങ്ങൾ പ്രധാനമായി മൂന്നുവിധത്തിലുണ്ട്. സാധനങ്ങൾവഴിയായും ചിത്രങ്ങൾ അഥവാ പടങ്ങൾ മാർഗ്ഗമായും വാക്കുകൊണ്ടും ചിത്രീകരണം സാധിക്കാവുന്നതാണ്.

യഥാർത്ഥമായ സാധനങ്ങളും, മാതൃകകളും ഉപകരണങ്ങളും സാധനരൂപമായ ചിത്രീകരണത്തിൽ ഉൾപ്പെടുന്നു. ഏതെങ്കിലും ഒരു സാധനത്തെപ്പററി ശരിയായി ഗ്രഹിക്കുന്നതിന് എളുപ്പമായ മാർഗ്ഗം ആ സാധനം നേരിട്ടുകണ്ടു പരിശോധിക്കുകയാണ്. ഒരു സാധനം പ്രത്യക്ഷത്തിൽ കണ്ടു പരിശോധിച്ചു പഠിക്കുമ്പോൾ പല ഇന്ദ്രിയങ്ങളുടേയും സഹായം ഉണ്ടാകുന്നു. കേൾക്കുന്നതിനേക്കാൾ കൂടുതൽ ഓർമ്മയിൽ നില്ക്കുന്നതും, മന

സ്സിലാകുന്നതും പലപ്പോഴും കാണുന്നതാണ്. അതിനാൽ സാധനങ്ങൾ നേരിട്ടു ഉപയോഗിക്കാവുന്ന സന്ദർഭങ്ങളിൽ അവയെ ഉപയോഗിച്ചു ബോധനം നടത്തേണ്ടതാകുന്നു.

യഥാൎത്ഥ സാധനങ്ങളോ, അവയുടെ മാതൃകകളോ ലഭിക്കാതിരിക്കുന്ന അവസരങ്ങളിൽ ചിത്രങ്ങളും, ഡയഗ്രങ്ങളും, ബോർഡുസ്കെച്ചുകളും കഴിയുന്നത്ര ഉപയോഗിക്കണം. പാഠം തുടരുന്നതിന് അനുസരണമായി അദ്ധ്യാപകൻ ക്രമേണ ബോർഡിൽ നിർമ്മിക്കുന്ന സ്കെച്ചുകൾ ഏററവും പ്രയോജനകരങ്ങളാണ്. പടങ്ങൾ ഉപയോഗിക്കുമ്പോൾ അദ്ധ്യാപകൻ ചില പ്രത്യേകകാര്യങ്ങൾ നിഷ്കർഷിക്കേണ്ടതുണ്ട്. ഉപയോഗിക്കുന്ന ചിത്രം ക്ലാസ്സിൽ എല്ലാവൎക്കും കാണത്തക്കവിധം വലിപ്പമുള്ളതും തെററായ ധാരണകളെ ഉണ്ടാക്കാത്തവയും, ദീർഘമായ വിശദീകരണം ആവശ്യമില്ലാത്തവയും ആയിരിക്കണം. ചിത്രങ്ങൾ അമിതമായി ഉപയോഗിക്കുകയോ, സന്ദർഭോചിതമല്ലാതെ ഉപയോഗിക്കുകയോ ചെയ്യരുതു്.

വാക്ചിത്രങ്ങൾ.

സാധനങ്ങളുടേയോ, ചിത്രങ്ങളുടേയോ അഭാവത്താൽ വാങ്മൂലമായ ചിത്രീകരണം ഉപയോഗിക്കാവുന്നതാണ്. വ്യാകരണം, രചന മുതലായ വിഷയങ്ങളിൽ പദാൎത്ഥങ്ങളുടേയും, പടങ്ങളുടേയും, ഉപയോഗം കുറയും. ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ വാങ്മൂലചിത്രങ്ങൾക്കാണു പ്രാധാന്യമുള്ളതു്. കുട്ടികൾക്കു പരിചിതമായ വസ്തുക്കളുമായി താരതമ്യവിവേചനം ചെയ്തു് ഏതെങ്കിലും പുതിയതത്വമോ, പ്രമാണമോ കണ്ടുപിടിക്കുകയെന്നുള്ളതാണ് ഈദൃശചിത്രീകരണത്തിൻെറ ഉദ്ദേശം. അറിയാൻ പാടില്ലാത്ത ഒരു സംഗതി നന്നായി അറിയാവുന്ന ഒരു സംഗതിയോടു താരതമ്യപ്പെടുത്തി പഠിപ്പിക്കയാണ് ഇതിൻെറ മാൎഗ്ഗം. ഉപമാനവും ഉപമേയവും തമ്മിൽ എത്രമാത്രം കൂടുതൽ സാമ്യങ്ങൾ പ്രദൎശിപ്പിക്കുവാൻ സാധിക്കുമോ അത്രയും ഗ്രഹണം സുഗമമാണ്. മഹാത്മാക്കളായിരുന്ന ലോകഗുരുക്കൾ സാധാരണജനങ്ങളെ ഗഹനമായ തത്വങ്ങൾ ഗ്രഹിപ്പിക്കുന്നതിനു ധാരാളം ഉപമകൾ ഉപയോഗിച്ചിരിക്കുന്നു. (ബൈബിളിലെ ഉപമകൾ പ്രഖ്യാതങ്ങളാണല്ലോ.)

വൎണ്ണനയാണ് അദ്ധ്യാപകൻെറ അടുത്ത പ്രധാന ബോധനോപായം. ഒരു സാധനത്തിൻെറ പടം (ചിത്രം) കാണിച്ചാൽ ആ സാധനത്തെപ്പററി ഏകദേശമായ ഒരു ജ്ഞാനം നയനേന്ദ്രിയങ്ങൾവഴി കുട്ടികൾക്കു ലഭിക്കും. നയനേന്ദ്രിയങ്ങൾക്കു ഗോചരമായ ചിത്രങ്ങളുടെ അഭാവത്തിൽ ശ്രോത്രേന്ദ്രിയങ്ങൾക്കു ഗോചരമായ ചിത്രങ്ങൾ നിർമ്മിക്കുന്നതിനു സമൎത്ഥ

നായ അദ്ധ്യാപകനു കഴിയും. ഇപ്രകാരമുള്ള വാക് ചിത്രങ്ങളാണു യ ഥാർത്ഥത്തിൽ വർണ്ണനകൾ. കവികളും, നോവൽകൃത്തുകളും ഈദൃശചിത്ര ങ്ങളാണു് അധികവും ഉപയോഗിക്കുന്നതു്. ചില പ്രഭാതവർണ്ണനകളും, ക ഥാപാത്രവർണ്ണനകളും വായിക്കുമ്പോൾ വർണ്ണനീയവസ്തുക്കൾ നമ്മുടെ മനോ നയനങ്ങളുടെ മുൻപിൽ പ്രസ്പഷ്ടമായി കളിയാടുന്നതുപോലെ തോന്നാറുണ്ട ല്ലൊ. ലഘുവും തന്മയത്വപൂർണ്ണവുമായ ചില വാക്സ്പർശങ്ങൾകൊണ്ടു സ ജീവവും ഹൃദ്യവുമായ വാക്‌ചിത്രങ്ങൾ ലേഖനംചെയ്തു സഹൃദയാഹ്ലാദം പ്രദാനം ചെയ്യുന്ന സാഹിത്യാസ്വാദനം ആക്കാണു പീയൂഷമാകാത്തതു്.

വർണ്ണനകൾ ശരിയായി ഉപയോഗിക്കുന്നതിനു് അദ്ധ്യാപകനു ന ല്ല പാണ്ഡിത്യവും, ഭാഷാസ്വാധീനവും, പ്രസംഗപാടവവും, പ്രദർശനസാ മർത്ഥ്യവും ഉണ്ടായിരിക്കണം.

# ഉദാഹരണങ്ങൾ

## ചീനഭാഷ

ചൈനാക്കാരൻ വിദേശികളെ എല്ലാവരേയും കുഴക്കുന്ന ഒരു ജാ തിയാണു്. അയാളുടെ ഭാഷ അത്തരത്തിലാണു്. ഇംഗ്ലീഷുകാരെ ഉൽകൃ ഷ്ടരെന്നും ഫ്രഞ്ചുകാരെ നിയമത്തെ ബഹുമാനിക്കുന്നവരെന്നും അമേരിക്കരെ സുന്ദരന്മാരെന്നും അവർ വളരെ മര്യാദയോടെ സംബോധനചെയ്യും. ചൈനാക്കാർ പുരാതനകാലംമുതലെ സദാചാരനിഷ്ഠരാണു്. പക്ഷെ അ വർതമ്മിൽ സംസാരിക്കുമ്പോൾ യൂറോപ്യൻരാജ്യക്കാരെ അവർ നീണ്ടമൂക്ക ന്മാർ എന്നാണു പറയുന്നതു്. ചൈനാക്കാരൻെറ മൂക്കു വളരെ പതിഞ്ഞ താണു്. അതുകൊണ്ടു് അന്യനാട്ടുകാർ എല്ലാം നീണ്ടമൂക്കന്മാരാണു്. ഉൽകൃഷ്ടരെന്നും സുന്ദരന്മാരെന്നും ചൈനാക്കാരൻ സംബോധനചെയ്യു മ്പോൾ തങ്ങൾക്കുള്ള ഗുണങ്ങൾ മനസ്സിലാക്കിയിട്ടാണു് അവർ അങ്ങനെ വിളിക്കുന്നതു് എന്നു ആരെങ്കിലും ധരിച്ചുപോകുന്നുണ്ടെങ്കിൽ അതു് ഒരു തെ റ്റിദ്ധാരണയായിരിക്കും. സ്വന്തഭാഷയിൽ ഏററവും സാമ്യമുള്ള ശബ്ദം കൊണ്ടു വിദേശീയരുടെ പേരുപറയുക എന്നൊരു സ്വഭാവം ചൈനാക്കാക്കു ണ്ടു്. ഇംഗ്ലീഷ്പദത്തോടു് ഏററവും അടുത്തപദം ഇംഗ്, ഫ്രഞ്ച്പദ ത്തോടു് ഏററവും അടുത്തതു് ഫ, അമേരിക്കയോടു അടുത്തതു് മേ. ചീ നഭാഷയിൽ ഒരു വാക്കിനു് അനവധി അർത്ഥങ്ങളുണ്ടു്. അന്യനാട്ടുകാരെ

വിളിക്കുന്നതിനുപയോഗിക്കുമ്പോൾ ഏററവും നല്ല അത്ഥം ആണു വിവക്ഷിക്കുന്നതു്. ഇംഗ്, ഫ, മേ ഈ വാക്കുകൾക്കുള്ള അത്ഥങ്ങളിൽ ഏററവും നല്ല അത്ഥം ഉൽകൃഷ്ടർ, നിയമത്തെ ബഹുമാനിക്കുന്നവർ, സുന്ദരന്മാർ എന്നാണു്. ചീനഭാഷയാണു് പഠിക്കുവാൻ ഏററവും വിഷമം കൂടിയ ഭാഷ. അക്ഷരമാലയിൽ 1100 അക്ഷരങ്ങളുണ്ടു്. എങ്കിലും ആകെ ശബ്ദങ്ങൾ 400 മാത്രമേയുള്ളു. ആകെ 5,50000 വാക്കുകളുമുണ്ടു്.

ചീനഭാഷയെപോലെ ഇത്ര വണ്ണനാപരമായ ഒരു ഭാഷയില്ല. വസ്തുക്കളുടെ പേരുകൾകൊണ്ടു അതിൻെറ ശരിയായരൂപം ഒരു നിഘണ്ഡുവിൽ നോക്കിയാലെന്നപോലെ മനസ്സിലാക്കാം. ഓരോ വാക്കിൻേറയും സന്ധിസമാസങ്ങൾ അത്തരത്തിലാണു്. ക്ഷൗരക്കത്തിക്കു് അവരുടെ ഭാഷയിൽ മുഖം ചുരണ്ടുന്നകത്തി എന്നാണു പേർ.'ലിഫ്ററിനു' കയറാനും ഇറങ്ങാനുമുള്ള യന്ത്രം, തീപ്പെട്ടിക്കു തന്നിയെ തീവരുന്നപെട്ടി, പാർളമെൻറിനു രാജ്യഭരണകാര്യാലോചനാസമിതി എന്നെല്ലാം ആണു് അവരുടെ ഭാഷയിലെ പദങ്ങൾ. ഇതു തദ്ധിതവും മററും വച്ചു നമ്മുടെ ഗീവ്വാണിവൈയ്യാകരണന്മാർ ചെയ്യുന്ന ജാലവിദ്യപോലേയിരിക്കുന്നു.

ചീനഭാഷയിൽ ഏററവും നികൃഷ്ടമായ ശകാരപദം 'കുവിർട്സ്' എന്നാണു്. അതിൻെറ അത്ഥം "ആമയുടെ മുട്ട" എന്നാണു്. ഒരാളെ സംബന്ധിച്ചു് ഈ വാക്കു ഉപയോഗിച്ചാൽ അതു് അയാൾക്കു സഹിക്കാവുന്നതിൽ കൂടുതലാണു്. ഇതിൻെറ പൊരുളെന്താണു്? ആമ മുട്ടയിട്ടാൽ അതു മണ്ണുമാന്തികുഴിച്ചിടും. പിന്നീടു അതിനെപ്പററി അന്വേഷണമില്ല. കുടുംബത്തിലെ പൂവ്വികന്മാരെപ്പററി എപ്പോഴും അഭിമാനംകൊള്ളുന്നവരാണു ചൈനാക്കാർ. ആമയുടെ മുട്ട എന്നു പറഞ്ഞാൽ അപ്പോൾ അയാളുടെ മാതാപിതാക്കന്മാരെ ശകാരിക്കുകയല്ലേ?

ചീനഭാഷയ്ക്കുള്ള ദുഘടത്തെ അന്യദേശക്കാരെ കളിയാക്കുവാൻ ആവർ വിനിയോഗിക്കും. ഒരിക്കൽ ഒരിംഗ്ലീഷ്കാരൻ ചൈനായിലെ ഒരു ഹോട്ടലിൽ താമസിക്കുകയായിരുന്നു. ചീനഭാഷയിൽ താൻ ചീനക്കാരെക്കാൾ പണ്ഡിതനാണെന്നായിരുന്നു അദ്ദേഹത്തിൻെറ അഹംഭാവം. അദ്ദേഹം ഒരു ദിവസം ആ ഹോട്ടലിലെ വേലക്കാരനോടു "കാൽച്ചട്ട തേച്ചുകൊണ്ടുവരണം" എന്നു പറഞ്ഞു. വേലക്കാരൻ വേഗത്തിൽ ഒരു പാത്രം സൂപ്പുമായി എത്തി. ഇംഗ്ലീഷ്കാരൻെറ മുഖഭാവംകണ്ടപ്പോൾ അയാൾക്കു ചിരിവന്നു. കുറെക്കഴിഞ്ഞപ്പോഴാണു നമ്മുടെ ചീനഭാഷാപണ്ഡിതനായ ഇംഗ്ലീഷുകാരനു താൻ പറഞ്ഞതിനു ഇങ്ങനേയും ഒരത്ഥമുണ്ടല്ലോ എന്നു ഓമ്മവന്നതു്. സായ്പു് സ്വല്പം ജാള്യത അനുഭവിച്ചു എന്നു പറയേണ്ടല്ലോ.

മറിച്ചും ധാരാളം സംഭവിക്കാറുണ്ടു്. നാം പറയുന്നതിനെ ചീനക്കാർ ശരിയായി തെററിദ്ധരിക്കും. ഒരിക്കൽ ഒരിംഗ്ലീഷ്കാരൻ ഷാംഗ്ഹേ കടൽതീരത്തുള്ള കൽചിറയിന്മേൽക്കൂടി നടക്കുകയായിരുന്നു. കൂടെ ഉണ്ടായിരുന്ന ഒരു ചീനനുമായി അയാൾ സംസാരിക്കുമ്പോൾ "ച ചിച്ചു്മേയ്" എന്നു് അയാൾ ചീനനോടു പറഞ്ഞു. അതായതു് "അതാപോകുന്നു സുന്ദരിയായ നിന്റെ സഹോദരി" എന്നു. നമ്മുടെ ചീനന്റെ മുഖഭാവം പെട്ടെന്നുമാറി. തന്റെ ജീവിതത്തിനിടയിൽ തന്നെ ആരും ഇങ്ങനെ ആക്ഷേപിച്ചിട്ടില്ല എന്നു അയാൾ പറഞ്ഞു. എന്തിനധികം ആ ചീനൻ ഇംഗ്ലീഷുകാരനുമായി അതുവരെ ഉണ്ടായിരുന്ന എടപാടുകൾ അന്നോടെ അവസാനിപ്പിച്ചു. ഇംഗ്ലീഷുകാരൻ വല്ലാതായി. അയാൾ വീട്ടിൽവന്നു നിഘണ്ഡുനോക്കി. അപ്പോഴാണു കാര്യം മനസ്സിലായതു്. "പോയി കരിതിന്നെടാ" എന്നാണത്രെ താൻ പറഞ്ഞതു്. അതിനു അങ്ങനെക്കൂടി ഒരത്ഥമുണ്ടു്. വേഷഭൂഷകളിൽ ഭ്രമക്കാരിയായ ഒരു മദാമ്മയ്ക്കു പററിയതാണു് ഇതിലേറെ നേരംപോക്ക്. തന്റെ തൊപ്പിക്കു ഒരു പരിഷ്കാരം വേണമെന്നുനിശ്ചയിച്ചു മദാമ്മ തൊപ്പിയുടെ മുകൾഭാഗത്തു ചില അടയാളങ്ങൾ വച്ചുപിടിപ്പിച്ചു. പക്ഷെ തൊപ്പിയുംവെച്ചു മദാമ്മ റോഡിൽ നടക്കുമ്പോൾ ചീനക്കാക്കു ചിരിക്കാനുള്ളവഴിയായി. ഒടുവിൽ നന്നാവിഷമിച്ചു; ഒരു ചീനക്കാരൻ ആ വാക്കുകളുടെ അത്ഥം മദാമ്മയ്ക്കു പറഞ്ഞുകൊടുത്തു. ഈശ്വരനിന്ദാപരവും അസഭ്യവുമായ രണ്ടു വാക്കുകളായിരുന്നുവത്രേ അതു്.

(സൺഡെ ടൈയിംസ്)

# സിനിമ മനുഷ്യന്റെ മദ്യഷാപ്പാണു്

(ത്രിവേണിയിൽനിന്നും.)

സംഗീതത്തോടും സുകുമാരകലകളോടും മനുഷ്യനുള്ള താല്പര്യം നൈസർഗ്ഗികമായിട്ടുള്ളതാണു്. ഒരു മനുഷ്യൻ എപ്രകാരം ഭക്ഷണസാധനം അന്വേഷിക്കുന്നുവോ അതുപോലെ അയാൾ സംഗീതത്തേയും നടനരംഗത്തേയും ആശ്രയിക്കുക പതിവാണു്. ആത്മപോഷണത്തിനുള്ള അം

ശങ്ങളെ ദേഹപോഷണത്തിനുള്ള അംശങ്ങളെക്കാൾ ശ്രദ്ധയോടുകൂടി സ്വീകരിക്കേണ്ടതാകുന്നു. ഭക്ഷണസാധനങ്ങൾ അശ്രദ്ധയോടുകൂടി ഉപയോഗിക്കുന്നതുകൊണ്ടു ദഹനക്കേടും ആരോഗ്യഹാനിയും ഉളവാകുന്നു.

ഇതുപോലെതന്നെ ആത്മപോഷണത്തിന് അശ്രദ്ധമായി ഉപയോഗിക്കുന്ന അംശങ്ങൾ അതിൻെറ വളർച്ചയെ തടയുന്നു. മനുഷ്യഹൃദയത്തിൻെറ പോഷണത്തിന് അനുയോജ്യമായ അംശങ്ങളെ കൊടുത്തുപോറ്റുവാൻ സാധിക്കാത്ത സമുദായം ശരിയാംവണ്ണം വത്തിക്കുന്നു എന്നു പറയുവാൻ പാടില്ല.

പുതിയ സംഘടനകൾ വിഷമമുള്ള കാര്യങ്ങളുമായി പൊരുതുകയാണ്. അതിൻെറ ഇന്നത്തെ ശ്രദ്ധ വസ്ത്രമില്ലാത്തവരുടേയും ഭക്ഷണസാധനം കിട്ടാതെ പട്ടിണി കിടക്കുന്നവരുടേയും നിലയെ പരിഹരിക്കുന്നതിനുള്ള ഉദ്യമങ്ങളിലാണ്. ആ ഉദ്യമത്തിൽ ആദ്യമായി ചെയ്യുന്നത് അവക്കു ഭക്ഷണസാധനം നഗ്നതമറയ്ക്കുവാനുള്ള വസ്ത്രം ഇവ ഉണ്ടാക്കികൊടുക്കുകയും അവരുടെ ദുഃഖനിവാരണത്തിനുള്ള മാർഗ്ഗങ്ങളെ ആരായുകയുമാകുന്നു. ഇതോടുകൂടിതന്നെ അവരുടെ മാനസികസമ്പത്തിനെ പോഷിപ്പിക്കുകയും ജീവിതമഹത്വത്തെ അറിയുന്നതിനു പര്യാപ്തമായവിധത്തിൽ അവരെ ഉത്തമചിന്തയാലും വികാരങ്ങളാലും നിയന്ത്രിക്കപ്പെടുന്ന ഒരു ജീവിതം നയിക്കുവാൻ പഠിപ്പിക്കുകയും വേണം. വിദ്യാഭ്യാസംകൊണ്ടു പരീക്ഷാവിജയം മാത്രമെ സാധിക്കേണ്ടതുള്ളു എന്ന അഭിപ്രായം പാടെ വിപാടനം ചെയ്യണം.

നടനരംഗങ്ങളും ചിത്രപ്രദർശനശാലകളും ഇന്ന് ഒരു പ്രധാനഭാഗത്തെ കരസ്ഥമാക്കിയിട്ടുണ്ട്. ജനത അതിലേക്കായി എത്രപണം ചിലവഴിക്കുന്നുണ്ട് എന്ന് അറിവാൻ ഗവമ്മെൻറിനു സാധിക്കും. മദ്യപാനത്തിനായി ചിലവഴിക്കുന്നേടത്തോളം പണം ചിലവാകുന്നില്ലെങ്കിലും അതു് ഒരു വലിയ തുകതന്നെ ആയിരിക്കും. ഈ സിനിമാശാലകളും നടനരംഗങ്ങളും ജനതയുടെ മാനസിക പോഷണത്തിനു പര്യാപ്തമാകുന്നുണ്ടൊ അതൊ ഇവ അവരുടെ മനസ്സിനെ മരവിപ്പിക്കുക മാത്രമെ ചെയ്യുന്നുള്ളൊ എന്നതു ഗവമ്മെൻറു ആരായേണ്ടതാകുന്നു. പൊതുജനങ്ങളുടെ മനസ്സിനെ മരവിപ്പിക്കുന്ന പ്രവത്തനങ്ങളോടെതിക്കേണ്ടതു മദ്യപാനത്തോടെതിക്കേണ്ടതുപോലെതന്നെ ശക്തിയോടുകൂടിതന്നെ ആയിരിക്കേണ്ടതാണ്; എന്തെന്നാൽ ഇവരണ്ടും മനുഷ്യൻെറ ബാലിശമായ വശത്തെയാണു പോഷിപ്പിക്കുന്നതു്.

നമ്മുടെ നാടകങ്ങളുടെ പ്രഥമമായ ഉദ്ദേശം ജനങ്ങളിൽ കിൻറർഗാട്ടൻരീതിയിൽ വിജ്ഞാനം പ്രചരിപ്പിക്കുന്നതിനും അവരുടെ ആലോചനാശക്തിയെ വർദ്ധിപ്പിക്കുന്നതിനും അവരുടെ അപരാധങ്ങളെ നാടകത്തിൽ കാണുന്നരീതിയിൽ തിരുത്തുന്നതിനും ആയിരുന്നു. പുരാതനകാലത്തു നാടകങ്ങൾ മനുഷ്യന്റെ ഉൽകൃഷ്ടാശയങ്ങൾക്കുവേണ്ട പോഷണം നൽകിയിരുന്നു. ഇന്നത്തെനില പരിതാപകരമാണ്. ഇന്നത്തെ നടനരംഗങ്ങളും ചിത്രപ്രദർശനശാലകളും നിലനിന്നുന്നതുകൊണ്ട് അവരുടെ പ്രവർത്തകന്മാക്കുമാത്രമെ പ്രയോജനമുള്ളു എന്ന വാസ്തവം നിർവ്വിവാദമാണ്. മദ്യം വാററി എടുക്കുന്നവൻ ഇന്നത്തെ ചലനചിത്രനിർമ്മാതാവുമായി ഒത്തുനോക്കുമ്പോൾ ഒരു വിശിഷ്ടനാണു. നമ്മുടെ ഗവർമ്മെണ്ട് ഈ അനാശാസ്യമായ സ്ഥിതിയെ വേണ്ടവിധം ഗണിച്ച് ഇന്നത്തെ നടനശാലകളും, സിനിമാശാലകളും വിദ്യാഭ്യാസപരമായും കലാപരമായും വൈശിഷ്ട്യമുള്ള നാടകങ്ങളെ പ്രദർശിപ്പിക്കുന്നതിനായി ശ്രദ്ധിക്കുന്നതു പൊതുജനങ്ങളുടെ പുരോഗമനത്തിന് ഏററവും ആവശ്യമാകുന്നു. സ്കൂളുകളും കാളേജുകളും സാമാന്യമായി പറയുകയാണെങ്കിൽ പൊതുജനങ്ങൾക്കു വേണ്ടവിധത്തിൽ പ്രവേശനമില്ലാത്തവയാണ്. നടനശാലകളും സിനിമാശാലകളും ഈ വീഴ്ചയെ വേണ്ടവിധത്തിൽ പരിഹരിക്കും. ഗ്രാമങ്ങളിൽ പ്രായപൂർത്തിയായവരുടെ വിദ്യാഭ്യാസത്തിന് അപ്പോൾ ശക്തിയായ പ്രതിബന്ധം ഉണ്ടാവുകയില്ല. ഈ ജോലിക്കു ഗവർമ്മെൻറിനു വരാവുന്ന വ്യയം വളരെ; തുച്ഛമായിരിക്കും. ജനതയുടെ കലാപരമായ മാനസികവികാസത്തോടും ആത്മീയ സംസ്കാരത്തോടും പരിഷ്കൃതമായ വീക്ഷണത്തോടുംകൂടി അവർ ലക്ഷ്യക്കണക്കിനു ശ്രേയോന്മുഖരായി പ്രവർത്തിക്കും. ആഭാസന്മാരേയും, കൊള്ളരുതാത്തവരേയും സൃഷ്ടിച്ച പരിതഃസ്ഥിതിയെ അവർ വെറുക്കും.

എല്ലാ സംഘടനകളും മുനിസിപ്പാലിററികൾ, ഡിസ്ട്രിക്ററുബോർഡുകൾ മുതലായവയും വാസ്തവത്തിൽ കലാപരമായി ഉപയോഗമുള്ളവയെ മാത്രം പ്രദർശിപ്പിക്കുന്നതിനു സിനിമാ കെട്ടിടങ്ങളും നടനരംഗങ്ങളും സ്ഥാപിക്കണം. ചുരുക്കിപ്പറയുകയാണെങ്കിൽ സിനിമാഹാളുകളും നടനരംഗങ്ങളും പൊതുജനങ്ങളുടെ ഇടയിൽ വിജ്ഞാനവിതരണത്തിനുള്ള നിശ്ചിതമായ പാതകളാണ്. ഇതു ഗവർമ്മെണ്ടു മനസ്സിലാക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും വേണം.

# തൊഴിലില്ലാത്ത അഭ്യസ്തവിദ്യരും വലിയ തോതിലുള്ള കൃഷിയും

(മാഡേൺറവ്യൂ)

കുറച്ചു നാളുകളായിട്ട് ഇൻഡ്യയിലുള്ള തൊഴിലില്ലാത്ത അഭ്യസ്തവിദ്യരോട് അവനവന്റെ ഗ്രാമങ്ങളിൽ തിരിച്ചുചെന്നു കൃഷിയിൽ ഏപ്പെടുന്നതിനായിട്ട് ഉപദേശിക്കുക ഒരു പതിവായിത്തീൎന്നിട്ടുണ്ട്. ഇപ്പോഴത്തെ വിദ്യാഭ്യാസരീതിക്ക് ഒരു ഗ്രാമീണച്ഛായ കൊടുക്കുന്നതിനായിട്ട് ഗവണ്മെണ്ടു പ്രത്യേകം ശ്രദ്ധിക്കുന്നതു ഈ കാരണംകൊണ്ടാണെന്നു തോന്നുന്നു. വിദ്യാഭ്യാസരീതിയെ ആകപ്പാടെ പരിഷ്കരിക്കുവാനുള്ള ഒരു ഘട്ടം അടുത്തിരിക്കുന്നു. കാൺഗ്രസ്സ് പ്രവിശ്യകളിലെ ജനതാക്കന്മാർ വിദ്യാഭ്യാസരീതിയെ ഉടനെതന്നെ പരിഷ്കരിക്കുന്നതിനും സാഹിത്യപരമായ അതിന്റെ സ്ഥാനത്തെ അല്പം കുറച്ചുകൊണ്ടു് അതിന് പ്രായോഗികത്വം കൊടുക്കുന്നതിനുമായി ബലമായി വാദിക്കുന്നുണ്ടു്. ഇപ്രകാരമുള്ള എല്ലാപരിഷ്കാരശ്രമങ്ങൾക്കും കാരണം തൊഴിലില്ലായ്മ വൎദ്ധിച്ചിരിക്കുന്ന ഈ നാട്ടിലെ വിദ്യാൎത്ഥികളെ കൃഷിയൊ മററു വ്യവസായമൊ ചെയ്യത്തക്ക പ്രാപ്തിയുള്ളവരാക്കിത്തീൎക്കുന്നതിനു പൎയ്യാപ്തമായ വിദ്യാഭ്യാസം അവൎക്കു നൽകണം എന്ന ഉദ്ദേശംകൊണ്ടാകുന്നു.

ഗ്രാമങ്ങളിലേക്കു കൃഷിക്കായി പോകണം എന്നുള്ള ഉപദേശം പട്ടണപരിസരങ്ങളിലെ തൊഴിലില്ലായ്മയിൽനിന്നുമുളവായിട്ടുള്ള ഒന്നാണു്. കൃഷിക്കു വന്നുചേൎന്നിട്ടുള്ള ഇന്നത്തെ അധഃപതനഘട്ടത്തിൽ ചെറിയതോതിലുള്ള കൃഷിക്കാൎക്കു പുരോഗമനത്തിനുള്ള യാതൊരുവഴിയും കാണുന്നില്ലായെന്നു് ഈ ഉപദേശകന്മാർ ആരുംതന്നെ ഓൎക്കുന്നില്ല. ഗ്രാമനിവാസികളും സാധുക്കളുമായ അനഭ്യസ്തവിദ്യർപോലും ഈ കാൎഷികോല്പന്നങ്ങളുടെ താഴ്ന്നവില ഹേതുവായിട്ട് വരവു ചിലവു ശരിയാകാതെ കുഴങ്ങുന്നു. ഈ പരിതസ്ഥിതിക്കു നഗരങ്ങളിലെ ഉയൎന്ന ജീവിതപദ്ധതിയോടുകൂടി പരിചയമായിട്ടുള്ള അഭ്യസ്തവിദ്യൎക്കു കൃഷി ഒരു ആദായമുള്ള തൊഴിലായിരിക്കുവാൻ പ്രയാസമാകുന്നു. ചെറിയതോതിലുള്ള കൃഷി ആദായകരമായിരുന്നാൽ തന്നേയും അഭ്യസ്തവിദ്യരായ യുവാക്കൾ അതു ഇഷ്ടപ്പെടുമോ എന്നതു ചിന്താഗ്രസ്തമാണു്. തൊഴിലില്ലാത്ത ഒരു ഗ്രാഡ്വേററു ഗ്രാമത്തിൽചെന്നു നിലം ഉഴുതു കൃഷിചെയ്യുന്നതിനേക്കാൾ നഗരത്തിൽ അലഞ്ഞുതിരിഞ്ഞു പട്ടിണികിടക്കുന്നതിനേ കൂടുതലായി ഇഷ്ടപ്പെടും. എളിയ ജോലിചെ

യ്യുന്നതിനുള്ള ഈ മാനസികമായ വെറുപ്പിനെ കണക്കാക്കേണ്ട ഒരു സംഗതിയാണ്. മോട്ടോർട്രാക്റ്റർ ഉപയോഗിച്ചു വലിയ തോതിലുള്ള കൃഷിചെയ്യുന്നതിനു സാധിക്കുമെങ്കിൽ മേല്പറഞ്ഞ പ്രയാസം ഉണ്ടാവുകയില്ല. ട്രാക്റ്റർ ഉപയോഗിച്ചു കൎഷകന് കൂടുതൽ ഉല്പന്നങ്ങൾ ഉണ്ടാക്കുവാനും തല്ക്കാരണം മാന്യന്മാരായ കൃഷിക്കാൎക്കു യോജ്യമായ വിധത്തിൽ ജീവിതം നയിക്കുവാനും സാധിക്കുന്നതുകൂടാതെ അവരുടെ ആധുനിക അഭിരുചിക്ക് അതു യോജിക്കുകയും ചെയ്യും. ട്രാക്റ്റർ ഉപയോഗിച്ചു കൃഷിചെയ്യുമ്പോൾ പ്രഭാതംതൊട്ട് സായാഹ്നംവരെ കലപ്പകൊണ്ടു ഉഴുന്നതിനുപകരം കുറച്ചുസമയം മോട്ടോർട്രാക്റ്റർ ഉപയോഗിച്ചാൽ മതിയാകും. ഉല്പന്നത്തിൻെറ തരവും അതുപോലെതന്നെ അളവും കൂടുന്നതിനു ശാസ്ത്രീയമായവിധത്തിൽ വലിയതോതിൽ പ്രവൎത്തിക്കുവാനും കഴിയുന്നു.

മോട്ടോർ ട്രാക്റ്റർ ഉപയോഗിച്ചു വലിയതോതിൽ കൃഷിചെയ്യുവാൻ മനസ്സും അതിനുള്ള കോശസ്ഥിതിയും ഉള്ള അഭ്യസ്തവിദ്യർ കുറവായിട്ടാണു കാണുന്നതു്. ഇപ്രകാരം കൃഷിചെയ്യുവാൻ താല്പൎയ്യമുള്ളവൎക്കു അതിനുള്ള ശക്തിയില്ലാത്തെയും നേരെമറിച്ചു പണസംബന്ധമായി ശക്തിയുള്ളവൎക്ക് അതിനുള്ള ഉത്സാഹമില്ലാതേയുമിരിക്കുന്നു. നമ്മുടെ ഗവൎമ്മേണ്ടു് ആദ്യത്തെ തരക്കാൎക്കു പണസംബന്ധമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുത്തു് അവരെ ട്രാക്റ്റർ ഉപയോഗിച്ചു കൃഷിചെയ്യുവാൻ പ്രോത്സാഹിപ്പിക്കണമെന്നു് അഭ്യൎത്ഥിക്കുന്നു.